# SNMGBHSS CHERTHALA

Mail ID: 34023alappuzha@gmail.com

## അക്കാദമിക മാസ്റ്റർ പ്ലാൻ 2025-26

**വിദ്യാലയത്തിന്റെ ലഘു ചരിത്രം**

**ശ്രീ നാരായണ മെമ്മോറിയൽ ഗവൺമെന്റ് ബോയ്സ് ഹൈസ്കൂൾ**

1896 ൽ ഒരു ഇംഗ്ലീഷ് മീഡിയം സ്കൂളായി തുടക്കം കുറിച്ചു.4 ഏക്കർ 94 സെന്റാണ് ആകെ വിസ്തൃതി. ചേർത്തല താലൂക്കിലെ ആദ്യത്തെ ഗവൺമെന്റ് സ്കൂളാണ്, ചരിത്രപരമായി (വായിച്ചും, പറഞ്ഞും, കേട്ടുമുള്ള അറിവ്) ശ്രീനാരായണ ഗുരുദേവൻ ദേശ സഞ്ചാരത്തിനായി പോകും വഴി ചേർത്തലയിൽ എത്തി.അദ്ദേഹത്തിന്റെ പ്രവചനങ്ങളും ഉപദേശങ്ങളും കേട്ട് ജനം സന്തുഷ്ടരായി.അദ്ദേഹം വിശ്രമിക്കുന്നതിന് ആശ്രമം പണിയാൻ ആഗ്രഹിച്ചു. ആ ആഗ്രഹപ്രകാരം അന്നത്തെ നാട്ടു പ്രമാണിമാരിൽ ഒരാൾ ആശ്രമത്തിനുള്ള സ്ഥലം കൊടുത്തു. അതിൽ ആശ്രമം പണിതു ജനം സന്തുഷ്ടരായി.വളരെ നാളുകൾക്കു ശേഷം ചേർത്തലയിൽ ഒരു സ്കൂൾ ഉണ്ടാവണമെന്ന് നാട്ടുകാർ ആഗ്രഹിച്ചു. ആഗ്രഹം ഗുരുവിനെ അറിയിച്ചപ്പോൾ അദ്ദേഹം സസന്തോഷം സ്വീകരിച്ചു. സ്കൂളിനുവേണ്ടി ആശ്രമത്തിനുള്ള സ്ഥലം അദ്ദേഹം വിട്ടുകൊടുത്തു. വിദ്യകൊണ്ട് പ്രബുദ്ധരാകുക എന്ന അദ്ദേഹത്തിന്റെ ആഗ്രഹം സഫലമായി. അങ്ങിനെ ഒരു ഇംഗ്ലീഷ് സ്കൂൾ ഉണ്ടായി. ഈ സ്ക്കൂൾ ഒരു ഹൈസ്കൂൾ ആയി കാണാൻ പലരേയും പോലെ മുറിവേലി പാച്ചുപിള്ള എന്ന മഹാൻ സ്കൂളിനാവശ്യമായ സ്ഥലത്തിനായി പലരേയും സമീപിച്ചു.പലരുടേയും സംഭാവനയുടെ ഫലമായി 13 സർവ്വേ നമ്പരിൽ 4 ഏക്കർ 94 സെന്റ് സ്ഥലം സ്കൂളിന്റെ സ്വത്തായി.ഇംഗ്ലീഷ് സ്കൂൾ ഹൈസ്കൂൾ ആയി മാറിയപ്പോൾ താലൂക്കിലെ ആദ്യത്തെ ഹൈസ്കൂൾ ആയി. ഇവിടെ ഏകദേശം 4000-ൽ പരം ആൺകുട്ടികളും പെൺ കുട്ടികളും പഠിച്ചിരുന്നു.അന്ന് കുട്ടികളുടെ എണ്ണക്കൂടുതലും അതിനനുസരിച്ച് സൌകര്യമില്ലായ്മയും വന്നതിനാൽ പെൺകുട്ടികൾക്ക് ഒരുസ്കൂൾ ഉണ്ടായി. ഇന്ന് അത് ചേർത്തല ഗേൾസ് സ്ക്കൂൾ ആണ്. അങ്ങിനെ ഒരു ഗേൾസ് സ്ക്കൂളും ബോയ്സ് സ്കൂളും ആയി.

ഒട്ടനവധി പ്രഗത്ഭവ്യക്തികളെ നാടിനു സംഭാവന ചെയ്തിട്ടുള്ള സ്ഥാപനമാണിത്. രാഷ്ട്രീയത്തിലൂടെ ഇന്ത്യയുടെ ഭരണാധികാരിയായി മാറിയ ശ്രീ.എ.കെ.ആന്റണി, ശ്രീ. വയലാർ രവി,

പാർലമെന്റ് അംഗമായിരുന്ന ശ്രീ.സി,കെ. ചന്ദ്രപ്പൻ, കേരളത്തിലെ ആദ്യത്തെ ജനകീയ മന്ത്രിസഭയിലെ മന്ത്രിയായിരുന്നശ്രീമതി കെ.ആർ.ഗൌയരിയമ്മ എന്നിവരും പ്രശസ്ത കവി ശ്രീ. വയലാർ രാമവർമ്മ, നാടകരചയിതാവായ ശ്രീ.എസ്.എൽ.പുരം സദാനന്ദൻ, ദക്ഷിണേന്ത്യൻ സിനിമയിൽ നിറഞ്ഞ് നിന്ന ശ്രീ.രാജൻ പി. ദേവ്, ജഗന്നാഥവർമ്മ എന്നി വരും ഈ വിദ്യാലയത്തിലെ പൂർവ്വവിദ്യാർത്ഥികളാണ്.

1994-ൽ ഗവൺമെന്റ് ബോയ്സ് എന്ന പേരിലറിയപ്പെട്ട ഈ വിദ്യാലയം ശ്രീ നാരായണ ഗുരുദേവൻ ദാനമായി നൽകിയ സ്ഥലത്തായതുകൊണ്ട് ഇവിടുത്തെ ജനങ്ങൾ ഈ വിദ്യാലയം ആ ദിവ്യപുരുഷന്റെ നാമകരണത്തിൽ അറിയപ്പെടണമെന്ന് ഗവൺമെന്റിനോട് ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ശ്രീ നാരായണ മെമ്മോറിയൽ ഗവൺമെന്റ് ബോയ്സ് ഹയർ സെക്കണ്ടറി സ്കൂൾ എന്നായി പുനർനാമകരണം ചെയ്തു. 1996-ൽ ഈ വിദ്യാലയം ഹയർ സെക്കണ്ടറിയായി ഉയർത്തി. എല്ലാവർക്കും അടുത്ത് വിദ്യാഭ്യാസം ലഭിക്കുന്നതിനായി സർക്കാർ നടപടിയെടുത്തപ്പോൾ ഈ നഗരത്തിൽ പല ഭാഗത്തും ധാരാളം സ്കൂളുകൾ ആരംഭിച്ചു. ആയതിനാൽ ഇവിടെ വിദ്യാർത്ഥികളുടെ എണ്ണം കുറഞ്ഞു.സ്ക്കൂൾ മുത്തശ്ശിക്ക് ഇന്ന് 128 വയസ്സുണ്ട്. കാലക്രമേണ ചേർത്തലയുടെ പല ഭാഗങ്ങളിലായി പുതിയ പുതിയ എയിഡഡ്, അൺ - എയ്ഡഡ്, സ്കൂളുൾ പൊട്ടിമുളച്ചിരിക്കുകയാണ്. ഒരു പരിധി വരെ മുത്തശ്ശി ക്ഷീണിതയായി.എന്നാൽ ആ ശോചനീയാവസ്ഥയ്ക്ക് മാറ്റം വന്നത് പ്രഗത്ഭരായ അധ്യാപകരുടേയും രക്ഷകർത്താക്കളുടെയും നല്ലവരായ നാട്ടുകാരുടെയുംആത്മാർത്ഥമായ സഹകരണത്താൽ ഓജസ്സും ആരോഗ്യത്തോടും കൂടി 11 വർഷമായി തുടർച്ചയായി 100% *എസ്.എസ്.എൽ.സി. യ്ക്കും 98% ഹയർസെക്കന്ററിക്കും വിജയം കൈവരിച്ച് അഭിമാനത്തോടും തലയെടുപ്പോടും കൂടി ഉയർന്ന് നിൽക്കുന്നു.*

## ലക്ഷ്യമിടുന്ന പ്രവർത്തനങ്ങൾ

10-ാം തരത്തിൽ പരീക്ഷ എഴുതുന്ന വിദ്യാർത്ഥികളിൽ പരമാവധി പേരെ A+ ൽ എത്തിക്കുക (Maximum A+)

* ഒന്നാതരം മുതൽ ക്ലാസുകളിൽ പ്രവേശനം വർദ്ധിപ്പിക്കുക.

*ഭൗതിക സാഹചര്യങ്ങൾ ഉന്നത നിലവാരമുള്ള വിദ്യാലയങ്ങൾക്ക് ഒപ്പമെത്തിക്കുക.

*പാഠ്യേതര വിഷയങ്ങളിൽ മികവുകൾ ഉണ്ടാക്കുക.

*വിദ്യാലയത്തെ അന്താരാഷ്ട്ര നിലവാരമുള്ള വിദ്യാലയമാക്കുക.

*തൊഴിൽ അധിഷ്ഠിത വിദ്യാഭ്യാസം തുടങ്ങുക.

*ഡിജിറ്റൽ സംവിധാനമുള്ള ക്ലാസ്സുറികൾ

*ആകർഷകമായ പൂന്തോട്ടം, പച്ചക്കറിത്തോട്ടം

*സുരക്ഷിതമായ വിദ്യാലയ ക്യാമ്പസ്

*വിദ്യാർത്ഥി സൗഹൃദ വിദ്യാലയ അന്തരീക്ഷം.

**ക്ലാസ്സ്മുറികൾ**

1. യു. പി. തലത്തിൽ moving chair

2. ശുദ്ധജല ലഭ്യത ഉറപ്പുവരുത്തുക.

3. സ്മാർട്ട് ക്ലാസ്റൂം എ. സി. ആക്കുക

4. ചാർട്ടുകൾ പ്രദർശിപ്പിക്കാനുള്ള റാക്ക്

5. എല്ലാറുമിലും സീലിങ്ങ്

6. അടച്ചുറപ്പുള്ള അലമാര ക്ലാസ് മുറികളിൽ

**പഠനപദ്ധതികൾ**

1.എല്ലാവിഷയങ്ങൾക്കും സ്ഥിരം അധ്യാപകർ

2.ഹിന്ദി, മലയാളം, ഇംഗ്ലീഷ് എന്നീ ഭാഷകളിൽ അസംബ്ലി

3.വായന കളരി, എഴുത്ത കളരി

4.ഗണിതം ലളിതം പദ്ധതി

5.അമ്പരപ്പിക്കുന്ന ശാസ്ത്രം പദ്ധതി

6.വിവിധ ക്ലബ്ബുകൾ പഠനയാത്രകൾ

7.സ്ഥിരം കായിക അധ്യാപകർ

**സ്കൂൾ പദ്ധതി**

1.ചുറ്റുമതിൽ

2.ഓഡിറ്റോറിയം

3.സ്കൂൾ ബസ്

4.സ്കൂൾ ഡയറി

5. ഒരുമരം - ഒരു പിറന്നാൾപദ്ധതി

6.വൃത്തിയുള്ള സ്കൂൾ പദ്ധതി

7.വിപുലമായ സ്കൂൾ പാർലമെന്റ്

8.ഇൻഫോർമേഷൻ സെന്റർ

9.SMS സൗകര്യം

10.പ്രധാന ദിവസങ്ങളുടെ നിരീക്ഷണം

11.ക്ലാസ്സ് തല പി.ടി.എ

12.കുട്ടികളുടെ എൻറോൾമെന്റ് വർദ്ധിപ്പിക്കാനുള്ള പ്രവർത്തനങ്ങൾ

13.നേട്ടങ്ങളും മികവുകളും ഉള്ളടക്കം ചെയ്ത ബ്രോഷറുകൾ തയ്യാറാക്കി ഗൃഹസന്ദർശന പരിപാടികൾ

14.അംഗൻവാടി, അയൽക്കൂട്ടം, കുടുംബശ്രീ, സ്വയം സഹായസംഘങ്ങൾ, സന്നദ്ധ സംഘടനകൾ, രാഷ്ട്രീയ പാർട്ടികൾ എന്നിവ മുഖേന വിപുലമായ പ്രചരണ പരിപാടികൾ.

15.വാർഷികാഘോഷങ്ങൾ, മത്സരങ്ങൾ, കലാകായിക പരിപാടികൾ എന്നിവ സംഘടിപ്പിക്കുന്നു.

**ഗുണനിലവാരം പ്രശ്നങ്ങൾ**

ഈ വർഷം 5 മുതൽ 10 വരെ ക്ലാസുകളിലായി 246 ആൺകുട്ടികളും 12 പെൺകുട്ടികളും ഉൾപ്പെടെ 258 കുട്ടികളാണ് ഉള്ളത് എസ്. സി. വിഭാഗത്തിൽപ്പെട്ട 198 വിദ്യാർത്ഥികളും മറ്റ് ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട  കുട്ടികളുമുണ്ട്. ശാരീരികവും മാനസികവുമായ വെല്ലുവിളികൾ നേരിടുന്ന 12 കുട്ടികളുണ്ട്. സ്കൂൾകുട്ടികളിൽ സിംഹഭാഗവും നിർദ്ധനരും സാമൂഹികമായി പിന്നാക്കെ നിൽക്കുന്ന കുടുംബങ്ങളിൽപ്പെട്ടവരുമാണ് അതുകൊണ്ട് തന്നെ ഗൃഹാന്തരീക്ഷത്തിൽ പഠനം നടത്താനുള്ള സാഹചര്യമില്ല. രക്ഷിതാക്കളുടെ താൽപര്യമില്ലായ്മയും ഘടകമാണ്. പരിമിതമായ സമയത്തിനുള്ളിൽ സ്കൂളിൽ നിന്നു പഠിക്കുന്നതല്ലാതെ ഗൃഹാന്തരീക്ഷത്തിലുള്ള തുടർപഠനമില്ല. ശാരീരികവും മാനസികവുമായ വെല്ലുവിളികൾ നേരിടുന്നവരെ മാറ്റിനിർത്തിയാൽ മറ്റുവിദ്യാർ ത്ഥികൾക്ക് അടിസ്ഥാന ശേഷികൾ നേടിയെടുക്കുവാൻ കഴിയേണ്ടതുണ്ട്. അതിനുള്ള പ്രവർ ത്തനങ്ങൾ പ്ലാൻചെയ്തു നടപ്പിലാക്കി വരുന്നു.

*5 മുതൽ 7 വരെയുള്ള ക്ലാസ്സുകളിലെ കുട്ടികൾ അതാത് ക്ലാസ്സിൽ നിന്ന്നേടേണ്ട ശേഷികൾ നേടിയെന്ന് ഉറപ്പുവരുത്തുന്നു.

*നിർബന്ധിത ഹാജർ ഉറപ്പുവരുത്തുന്നു.

*സമയബന്ധിതമായി മൂല്യ നിർണ്ണയവും CPTA യും നടത്തുന്നു.

*നിരന്തരമായി രക്ഷിതാക്കളുമായി സമ്പർക്കം പുലർത്തുന്നു.

*5, 6, 7 ക്ലാസ്സുകളിലെ പിന്നോക്കം നിൽക്കുന്നവരെ ഭാഷാവിഷയം, ഗണിതംഎന്നിങ്ങനെ ഗ്രൂപ്പുകളാക്കി 1.30 മുതൽ 2 മണിവരെയുള്ള സമയങ്ങളിൽ പ്രത്യേക പരിശീലനം, വായനാമത്സരങ്ങളും, അക്ഷരക്കളികളും നടത്തുന്നു.

* 8, 9 ക്ലാസ്സുകളിലെ കുട്ടികൾക്ക് 4 മണിമുതൽ 5 മണിവരെ പ്രധാനപ്പെട്ട വിഷ

യങ്ങൾക്ക് പ്രത്യേക പരിശീലനം നൽകുന്നു.

* 10-ാംതരത്തിന് രാവിലെ 9 മുതൽ 10 വരെയും 4 മണിമുതൽ 6 മണിവരെയും,ശനി, അവധി ദിവസങ്ങളിലും പ്രത്യേക പരിശീലനം

* തുടർ പരീക്ഷകളും മൂല്യനിർണ്ണയവും

*അഭിപ്രേരണാ ക്ലാസ്സുകൾ

*കൌൺസിലിംഗ്-രക്ഷിതാക്കൾക്കും വിദ്യാർത്ഥികൾക്കും

*ജനുവരി മാസം മുതൽ നൈറ്റ് ക്ലാസ്സുകൾ.

**<u>സൗകര്യങ്ങൾ-പരിമിതികൾ</u>**

സ്കൂളിൽ ആകെ 23 മുറികൾ ഉണ്ട്. പഠനത്തിന് 12 ക്ലാസ്സ് മുറികൾ മാറ്റിനിർത്തിയാൽ മറ്റുള്ളവ വിവിധ ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നവയാണ്. കുടിവെള്ള ലഭ്യതയും ടോയ്ലറ്റുകളും ആവശ്യത്തിനുണ്ട്. എന്നാൽ കുട്ടികൾക്ക് കളികൾ പരിശീലിപ്പിക്കാൻ സ്ഥിരഅദ്ധ്യാപകർ ഇല്ലാത്തത് പോരായ്മയായി നിലനിൽക്കുന്നു. വിഷയാടിസ്ഥാനത്തിൽ സ്ഥിരം അദ്ധ്യാപകരില്ലാത്തതും സ്പെഷ്യൽ വിഷയങ്ങൾക്ക് അധ്യാപകരില്ലാത്തതും പ്രശ്നമാണ്. ലാബ്, ലൈബ്രറി, സ്മാർട്ട ക്ലാസ്സ് റൂം, ഇന്റർനെറ്റ് എന്നീ സംവിധാനങ്ങൾ ലഭ്യമാണ്. ആധുനിക രീതിയിലുള്ള പാചകപ്പുര, ഭക്ഷണശാല, ചുറ്റുമതിൽ, വായ നമുറി, എന്നിവയും മതിയായ സ്ഥിരം അദ്ധ്യാപകരും ചടുതലയോടെ പ്രവർത്തി ക്കുന്ന അദ്ധ്യാപക രക്ഷാകർത്ത്യസമിതിയും പ്രതിബന്ധതയോടെയുള്ള ജനപ്രതിനിധികളും ഒത്തൊരുമിച്ച് പ്രവർത്തിച്ചാൽ വരുന്ന 5 വർഷം കൊണ്ട് ആലപ്പുഴ ജില്ലയിലെ മറ്റേതൊരു വിദ്യാലയത്തോടും കിടപിടിക്കുന്ന ഭാതിക സൌകര്യങ്ങളുംഅക്കാഡമിക് നിലവാരമുള്ള ഒരു വിദ്യാലയമായി ശ്രീ നാരായണ മെമ്മോറിയൽ ഗവൺമെന്റ് ബോയ്സ് ഹൈസ്കൂളിനെ മാറ്റാൻ കഴിയുമെന്നതിൽ സംശയമില്ല.

## <u>മലയാളം</u>

വിദ്യാഭ്യാസ പ്രക്രിയയിൽ ഭാഷാപഠനത്തിന്റെ പ്രാധാന്യം വളരെ ഏറെയാണ്. കേവലമായ ആശയവിനിമയത്തിനപ്പുറം ഭാഷ നിർവഹിക്കുന്ന ധർമ്മങ്ങൾനമ്മുടെ സംസ്കാരത്തിലും സാമൂഹിക ജീവിതത്തിലും പ്രതിഫലിക്കുന്നുണ്ട്.

**<u>ഭാഷാപഠനലക്ഷ്യങ്ങൾ</u>**

1. കുട്ടിയുടെ സർവ്വോന്മുഖമായ വളർച്ച
2. ശാരീരികവും മാനസികവുമായ കഴിവുകളുടെ സമ്പൂർണ്ണ വികസനം
3. കുട്ടികളോട് തുറന്നുള്ള സമീപനം ഭയം, മാനസിക പിരിമുറുക്കം, ഉത്കണ്ഠ എന്നിവ ഒഴിവാക്കൽ

4. കുട്ടിയുടെ കഴിവിന്റെ സമഗ്രവും നിരന്തരവുമായ വിലയിരുത്തൽ

5. പഠനനേട്ടം, വ്യത്യസ്തനിലവാരമുള്ള കുട്ടികൾ, ജീവിത സാഹചര്യം എന്നിവ തിരിച്ചറിഞ്ഞുള്ള ബോധനരീതി

6. മാനുഷികമൂല്യങ്ങൾ ഉൾക്കൊള്ളുന്ന തലമുറയെ വാർത്തെടുക്കുക

7. അവസരതുല്യതയും സമത്വവും ലഭിക്കുന്ന വിദ്യാഭ്യാസം

8. അന്വേഷണം, ചോദ്യംചോദിക്കൽ, ഡിബേറ്റുകൾ, സെമിനാറുകൾ എന്നിവയുടെ സൃഷ്ടിയിലേക്ക് നയിക്കുന്ന പ്രക്രിയകൾ

<u>മാതൃ ഭാഷാപഠന പ്രശ്നങ്ങൾ</u>

**അക്കാദമികം** : 8 മുതൽ 10 വരെ ക്ലാസ്സുകളിലെ എല്ലാ കുട്ടികൾക്കും പാഠ്യപദ്ധതി നിർദ്ദേശിച്ച എല്ലാ ശേഷികളും പ്രതീഷിത നിലവാരത്തിലേക്ക് എത്തിച്ചേരാൻ കഴിയുന്നില്ല. പഠനപ്രവർത്തനത്തിന്റെ ഭാഗമായി പഠനോപകരണങ്ങൾ, ഐ.സി.ടി. സാദ്ധ്യത എന്നിവയുടെ അഭാവം സർഗാത്മക പ്രവർത്തനങ്ങൾക്ക് വേണ്ട രീതിയിലുള്ള പ്രാധാന്യം ഇല്ല. ആ പ്രവർത്തനങ്ങൾക്ക് ഉള്ള പ്രോത്സാഹനത്തിന്റെ അപര്യാപ്തത.

**ഭൗതികം** : പഠനപ്രവർത്തനങ്ങൾ ഫലപ്രദമായി വിനിമയം ചെയ്യുന്നതിന് സഹായകമായ സ്ഥലസൗകര്യം ക്ലാസ്സുകളെ കേന്ദ്രികരിച്ച്കൊണ്ടുള്ള ഐ.സി.ടി സാദ്ധ്യത, ക്ലാസ്സ് ലൈബ്രറി, ലാംഗ്വേജ് ലൈബ്രറി, ഓഡിയോ വിഷ്വൽ ലൈബ്രറി.

**സാമൂഹികം** : വിദ്യാലയത്തിലെ അക്കാദമികവും ഭാതികവും ആയ പ്രവർത്തനങ്ങൾ പരിഹരിക്കുന്നതിന് സാമൂഹിക പങ്കാളിത്തം പഞ്ചായത്ത്, പൂർവ്വവിദ്യാർത്ഥികൾ, അഭ്യുദയകാംക്ഷികൾ.

**മേഖല : അക്കാദമികം പ്രശ്നം** I

5 മുതൽ 10 വരെ ക്ലാസ്സുകളിലെ എല്ലാ കുട്ടികൾക്കും പാഠ്യപദ്ധതി നിർദ്ദേശിച്ച എല്ലാ ശേഷികളും പ്രതീക്ഷിത നിലവാരത്തിലേക്ക് നേടാൻ കഴിയുന്നില്ല.

| കാരണങ്ങൾ | പരിഹാരനിർദ്ദേശം | പദ്ധതി/(പ്രവർത്തനം) |
|---|---|---|
| കുട്ടികൾക്ക് ഭാഷാപഠനത്തോടുള്ള താൽപര്യകുറവ് മുൻക്ലാസ്സുകളിൽ നേടേണ്ട എല്ലാ ശേഷിയും കുട്ടികൾ നേടിയിട്ടില്ല<br><br>എല്ലാ കുട്ടികളെയും പരിഗണിച്ച് ക്ലാസ്സ് കൊണ്ടുപോകുന്നതിന് അദ്ധ്യാപകർക്കുള്ള | ഹൈസ്കൂൾ ക്ലാസ്സിൽ പ്രീടെസ്റ്റ് നടത്തി കുട്ടികളുടെ നിലവാരം നിർണ്ണയിക്കൽ അടിസ്ഥാനശേഷി വികസന പരിപാടി<br><br>എല്ലാ കുട്ടികളെയും പരിഗണിച്ചുകൊണ്ടുള്ള ക്ലാസ്സ് ആസൂത്രണം | പ്രീടെസ്റ്റ്<br>അടിസ്ഥാനശേഷി വികസന പരിപാട്<br>ഐ. ടി. സി. അധിഷ്ഠിതമായ ആസൂത്രണം<br>ശില്പശാലകൾ -<br>കഥ, കവിത,<br>നാടൻപാട്ട് , |

| | | |
|---|---|---|
| ബുദ്ധിമുട്ട്.<br><br>വിവിധ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനുള്ള ബുദ്ധിമുട്ട.<br><br>സമയക്കുറവ്, അധ്യാപക പരിശീലനത്തിലെ അപാകതകൾ, ക്ലാസുകളിലെ കുട്ടികളുടെ എണ്ണം. | പ്രാദേശികപാഠങ്ങൾ രൂപപ്പെടുത്തൽ<br><br>രക്ഷിതാക്കൾക്ക് ഉള്ള ബോധവൽക്കരണ പരിപാടികൾ<br><br>ശില്പശാലകൾ | നാടകം<br>പഠനപ്രവർത്തനം<br>പാഠപുസ്തകാധിഷ്ഠിതം |

**മേഖല: പ്രശ്നം II**

പഠനോപകരണങ്ങൾ ഐ. സി. ടി. എന്നിവ ഫലപ്രദമായി ഉപയോഗിക്കുന്നില്ല

| കാരണങ്ങൾ | പരിഹാരനിർദ്ദേശം | പദ്ധതി/(പ്രവർത്തനം) |
|---|---|---|
| കുട്ടികളുടെ ജിവിത സാഹചര്യങ്ങൾ<br><br>പഠന സാമ്ശഗരികളുടെ അഭാവം<br>ഐ.സി.ടി. സാധ്യതകൾ സമയകുറവ്<br>പരിശീലനക്കുറവ്<br>കുട്ടികളുടെ ശാരീരിക, മാനസിക, വൈകാരിക പ്രശ്നങ്ങൾ | രക്ഷാകരത്ത്യ ബോധവരുക്കരണം<br>പഠനോപകരണങ്ങളുടെ നിർമ്മാണം<br><br>മോഡൽ ക്ലാസുകൾ<br><br>ഐ. സി. ടി.-സംവിധാനം ഒരുക്കൽ, ലൈബ്രറി സൗകര്യം | ഭാഷാപഠനവുമായി ബന്ധപ്പെട്ട ശില്പശാലകൾ<br><br>ഐ. സി.ടി. സാദ്ധ്യത - കുട്ടികൾക്കും അധ്യാപകർക്കും<br>ഹൈടെക് ക്ലാസ്സുകൾ |

**മേഖല: പ്രശ്നം : III**

| കാരണങ്ങൾ | പരിഹാരനിർദ്ദേശം | പദ്ധതി/(പ്രവർത്തനം) |
|---|---|---|
| ഗവേഷണാത്മക അദ്ധ്യാപനത്തിന്റെ സാദ്ധ്യത പ്രയോജനപ്പെടുന്നില്ല<br><br>കുട്ടികളുടെ പഠനപുരോഗതി സ്വയം തിരിച്ചറിയാൻ കഴിയുന്നില്ല.<br><br>സ്വയം മെച്ചപ്പെടാൻ കഴിയുന്നില്ല<br><br>ക്ലാസ്സ് ലൈബ്രറി വേണ്ട്വ ഫല്രപരദമാകുന്നില്ല | ക്ലാസ്സ് ലൈബ്രറി, വായനമൂല എന്നിവ ശക്ചതിപ്പെടുത്തുക വൈവിധ്യമാർന്ന പഠനതന്ത്രങ്ങൾ<br><br>അധ്യാപക കൂട്ടായ്മ<br>നിരന്തരമൂല്യനിർണ്ണയത്തിൽ രപാധാന്യം നൽകികൊണ്ടുള്ള പാഠാസൂധ്രണം | ക്ലാസ്സ് ലൈബ്രറി<br>പഠനയാത്ര<br>ശില്പശാല<br>വായനകുറിപ്പുകൾ<br>ആസ്വാദനകുറിപ്പ്<br>ക്ലാസ്സ് ടെസ്റ്റുകൾ<br>പ്രശ്നോത്തരി<br>ഉപന്യാസം<br><br>രചന |

| | | |
|---|---|---|
| രക്ഷിതാവിന് സംബന്ധിച്ചിട ത്തോളം കുട്ടികളുടെ നില വാരം തിരിച്ചറിയപ്പെടുന്നില്ല. | | |

**മേഖല: പ്രശ്നം : IV**

സർഗാൽമക പ്രവർത്തനങ്ങൾ പ്രാധാന്യം കൊടുക്കുന്നില്ല.

| കാരണങ്ങൾ | പരിഹാരനിർദ്ദേശം | പദ്ധതി/(പ്രവർത്തനം) |
|---|---|---|
| ഭാഷ വ്യവഹാരരൂപങ്ങൾ ഫലപ്രദമായി ഉപയോഗിക്കാൻ കഴിയുന്നില്ല<br><br>കുട്ടികളിൽ കാണുന്ന ആത്മ വിശ്വാസക്കുറവ്<br><br>കുട്ടികളുടെ പ്രവർത്തനത്തിൽ വേണ്ടത്ര അംഗീകാരം ലഭിക്കാതിരിക്കൽ<br>പ്രോത്സാഹനകുറവ്, വായന, അനുഭവങ്ങളുടെ കുറവ്<br>കുട്ടികളുടെ സർഗ്ഗാത്മക ശേഷി കണ്ടെത്തുന്നില്ല<br>പ്രോത്സാഹിപ്പിക്കുന്നതിനുള്ള അവസരം കൊടുക്കുന്നില്ല<br>എല്ലാ കുട്ടികൾക്കും തുല്യ അവസരം കൊടുക്കുക<br>രക്ഷിതാക്കൾ - കുട്ടികളുടെ സർഗാത്മക പ്രവർത്തനങ്ങൾക്ക് വേണ്ടത്ര താല്പര്യം കൊടുക്കുന്നില്ല | വായനപ്രവർത്തനങ്ങൾക്ക് അവസരം ഒരുക്കൽ<br>സമയോചിതമായ ലൈബ്രറി പ്രവർത്തനം<br><br>കുട്ടികൾക്ക് പ്രോത്സാഹനം<br>എല്ലാവരും ക്ലാസ്സറതല പ്രവർത്തനത്തിൽ പങ്കാളികളാക്കുക | കുട്ടികളുടെ പ്രസിദ്ധീകരണങ്ങൾ<br>സ്കൂൾ മാഗസിൻ<br>കൈയെഴുത്ത് മാസിക<br><br>ചുവർ പ്രതിക<br>കൊളാഷ്<br>നിർമ്മാണം<br>പങ്കാളിത്തം ഉറപ്പിക്കൽ<br><br>കഥ, കവിത, ഉപന്യാസം, എഡിറ്റോറിയൽ<br>രചന തെറ്റ് തിരുത്തൽ<br>ഐ. സി.ടി.<br>സാദ്ധ്യത |

<u>**പരിഹാരപ്രവർത്തനങ്ങൾ തുടർച്ച**</u>

ജൂൺ-സ്കൂൾ തുറക്കുന്ന ആദ്യത്തെ ആഴ്ചതന്നെ വായന എഴുത്ത് എന്നീ അടിസ്ഥാനശേഷികൾ കണ്ടെത്താനുള്ള പ്രവർത്തനങ്ങൾ നടത്താം.കഥവായിച്ച് അതിലെ ആശയതലം കണ്ടെത്തുക കുട്ടികളുടെ അവധിക്കാല അനുഭവം-എഴുത്ത് ഇവ വിലയിരുത്തി കുട്ടികളുടെ നിലവാരം കണ്ടെത്താം പ്രീ-ടെസ്റ്റ നടത്തി കുട്ടികളുടെ പഠനപ്രശ്നങ്ങൾ കണ്ടെത്തിയാൽ-എഴുതാനും വായിക്കാനുമുള്ള വൈവധ്യ പ്രവർത്തനങ്ങൾ കൊടുക്കാവുന്നതാണ്.

തുടർപ്രവർത്തനങ്ങൾ പാഠഭാഗവുമായി ബന്ധപ്പെടുത്തി മുന്നോട്ട് പോകേണ്ടതാണ്. പാഠഭാഗവുമായി ബന്ധപ്പെടുത്തി ഐ.സി.ടി. സാദ്ധ്യതയും പ്രയോജനപ്പെടുത്തണം. സ്കൂൾ പി.ടി.എ.യുമായി സഹകരിച്ച് കുട്ടികളുടെ പഠനം മികവുറ്റതാക്കാൻ പല കാര്യങ്ങളും ചെയ്യാവുന്നതാണ്. രക്ഷിതാവിന്റെ സമീപനം, തീരുമാനങ്ങൾ എന്നിവ ഇവിടെ പ്രായോഗികമാണ്. ശില്പശാലകൾ-കഥ, കവിത, നാടൻപാട്ട്, തുള്ളൽ, കഥകളി, ചിത്രരചനമുതലായവ...വായനക്കുറിപ്പ്, വർക്ക്ഷീറ്റുകൾ, രചനാപതിപ്പ്, മാഗസിൻ, ചുവർപ്രതിക,ക്ലാസ്സ് ലൈബ്രറി, വായനമൂല, റഫറൻസ് ഗ്രന്ഥങ്ങൾ എന്നിവ അദ്ധ്യയനവർഷംപൂർത്തീകരിക്കേണ്ടതാണ്. പഞ്ചായത്ത് തല ബാലസഭ, പൂർവ്്യവിദ്യാർത്ഥിസംഗമം, റിട്ടേർഡ് അധ്യാപക സംഗമം, MPTA വർത്തനം...പഠനയാത്ര...മാതൃഭാഷയും സംസ്കാരവും ആയി ബന്ധപ്പെട്ട സ്ഥലങ്ങൾ തുഞ്ചൻപറമ്പ്, നിളയുടെതീരം, ചെറുതുരുത്തി, എ. ആർ. സ്മാരകം മാവേലിക്കര, തകഴി, കാലടി ശ്രീശങ്കരാചാ്ര്യമഠം, പല്ലന, ആലുവ, ഇടപ്പള്ളി കൊട്ടാരങ്ങൾ, മുതലായവ കുട്ടികളുടെ മികച്ച പതിപ്പുകൾ കണ്ടെത്തി പതിപ്പനിർമ്മാണം-വാർത്തകൾ, കാർട്ടൂണുകൾ, ചുവർപ്രതിക.. ഓരോ കുട്ടികളുടെയും കഴിവുകൾ കണ്ടെത്താൻ ദിവസവും മുപ്പത് മിനിറ്റ് നീക്കിവയ്ക്കുക. ഓരോ ടേമിലും കുട്ടികളുടെ സർഗാത്മക പ്രവർത്തനങ്ങൾക്ക് സമയം കണ്ടെത്തേണ്ടതാണ്. ജൂൺ മാസ ആരംഭത്തോട് തന്നെ ആസൂത്രണം നടക്കണം. ഉച്ചഭക്ഷണത്തിനുശേഷമുള്ള മുപ്പത് മിനിട്ട ഇതിനായി ഉപയോഗിക്കാം. ഭാഷാ അധ്യാപകൻ, എസ്. ആർ. ജി. കൺവീനർ എന്നിവരുടെ നേതൃത്വത്തിൽ സജ്ജീകരിക്കാം.ഭാതികസാഹചര്യവും പഠനപ്രവർത്തനങ്ങളെ ബാധിക്കുന്നുണ്ട്. സാഹചര്യങ്ങളുടെ പൊരുത്തക്കേട് പഠിതാവിന് ബുദ്ധിമുട്ട ഉണ്ടാകുന്നു. നല്ല ഹൈടെക് ക്ലാസ്സുറികൾ ക്ലാസ്സ് തല ലൈബ്രറി, ഭിത്തി അലമാരകൾ-ഡിസ്പ്ലേബോർഡുകൾ, വൈറ്റ്ബോർഡ്, ബ്ലാക്ക് ബോർഡ് മുതലായവ. സ്കൂൾ ലൈബ്രറി കൂടാതെ ക്ലാസ് തലലൈബ്രറിയും ആവശ്യമാണ്. പുസ്തകങ്ങൾ, ആനുകാലികങ്ങൾ, മാസികകൾ, റഫറൻസ് ഗ്രന്ഥങ്ങൾ, പധ, ടട 1ധ്ടക എന്നിവ പുറത്തിറക്കുന്ന പ്രസിദ്ധീകരണങ്ങൾ വായിക്കുക. ലാംഗ്വേജ് ലാബ് - കുട്ടികളുടെ ഭാഷാപഠനം ഗുണമേന്മയും ഉന്നതനിലവാരത്തിലും ഉള്ളതാക്കാൻ - ഫർണീച്ചർ, ലാപ്ടോപ് സി.ഡി. ലൈബ്രറി മുതലായവ ഉണ്ടായിരിക്കണം.

## പ്രവർത്തനപദ്ധതി വിശകലനം

മേഖല-അക്കാദമികം (8, 9, 10 ക്ലാസ്സുകൾ)

കുട്ടികളുടെ വായനയിലും എഴുത്തിലുമുള്ള ഭാഷാജ്ഞാനം തിരിച്ചറിയുക.

| പ്രവർത്തനം | ചുമതല | മാസം |
|---|---|---|
| ചോദ്യാവലി നിർമ്മാണം, പ്രീ-ടെസ്റ്റ് നടത്തിപ്പ്<br>മൂല്യനിർണ്ണയവും ഫലവിശ കലനവും<br><br>റിപ്പോർട്ട തയ്യാറാക്കൽ<br>റിപ്പോർട്ട അവതരണം<br>ആശയരൂപീകരണം, മൊഡ്യൂൾ നിർമ്മാണം<br>മൂല്യനിർണ്ണയവും അവലോ കനവും<br><br>റിപ്പോർട്ട്, ഫലപ്രഖ്യാപനം<br>യൂണിറ്റ് -പ്രവർത്തനങ്ങൾ | ഭാഷാദ്ധ്യാപകൻ<br>ഭാഷാദ്ധ്യാപകൻ<br>എൻ. ആർ. ജി.<br>അദ്ധ്യാപകൻ<br>അദ്ധ്യാപകൻ<br>അദ്ധ്യാപകൻ<br>അദ്ധ്യാപകൻ<br>എസ്. ആർ. ജി. | ജൂൺ<br>ജൂൺ<br>ജൂൺ<br>ജൂൺ<br>ജൂലൈ<br>ജൂലൈ<br>ജൂലൈ |

മേഖല : അക്കാദമികം പ്രക്രിയ ബന്ധിതവും ശിശുക്രേന്ദ്രികൃതവും ഐ.സി.ടി. അധിഷ്ഠിതവുമായ ആസൂത്രണ ചുമതല.

| പ്രവർത്തനം | ചുമതല | മാസം |
|---|---|---|
| ഐ.സി.ടി. സാധ്യത ഉൾപ്പെടു ത്തികൊണ്ടുള്ള ക്ലാസ്സ്തല പ്രവർത്തനങ്ങൾ<br><br>ശില്പശാല<br><br>ടീച്ചിംഗ് മാന്വൽ<br>അദ്ധ്യാപകർക്കുള്ള ഐ. ടി. പരിശീലനം<br>ഡോക്യുമെന്റേഷൻ<br>പാദാവാർഷിക പരീക്ഷ തയ്യാറെടുപ്പുകൾ<br><br>പി.ടി.എ. ആശയരൂപീകരണം<br>മൊഡ്യൂൾ തയ്യാറാക്കൽ<br>പഠനാസൂധ്തരണശില്പശാല<br>രക്ഷിതാക്കളുടെ വിലയിരു ത്തൽ, പഠനനേട്ടങ്ങൾ പ്രദർ ഷി<br>പ്പിക്കൽ<br><br>പ്രവർത്തനം: | അധ്യാപകൻ<br><br>വിഷയബന്ധിതം<br><br>ഐ.ടി. വിദഗ്ധൻ<br><br>ബന്ധപ്പെട്ട വിഷയം<br><br>അദ്ധ്യാപകർ<br><br>എസ്. ആർ. ജി.<br><br>ഭാഷാദ്ധ്യാപകൻ<br><br>അധ്യാപകൻ | ബി.ആർ.സി.<br><br>അധ്യാപകർ<br><br>ആഗസ്റ്റ്<br><br>ആഗസ്റ്റ്<br><br>ആഗസ്റ്റ്<br>സെപ്റ്റംബർ<br><br>സെപ്റ്റംബർ<br><br>സെപ്റ്റംബർ |

| | | |
|---|---|---|
| ഹൈടെക് ക്ലാസ്സ് മുറികൾ<br>ക്ലാസ്സ്മുറികൾ അടച്ച് ഉറപ്പു<br>ള്ളതും വൈദ്യുതീകരിച്ചതു<br>മാണ് എന്ന് ഉറപ്പാക്കുക. ഐ.<br>സി.ടി. സാദ്ധ്യത<br><br>ഐ.സി.ടി. പരിശീലനം ഘട്ടം<br>ഘട്ടമായി നൽകൽ<br><br>സെക്കന്റ് ടേം എക്സാമിനേ<br>ഷൻ തയ്യാറെടുപ്പ്<br>പ്രവർത്തനം:<br>ഗവേഷണാത്മകമായ<br>അധ്യാപ<br>നത്തിന്റെ സാധ്യതകൾ<br>പ്രയോ<br>ജനപ്പെടുത്തൽ<br>ഭാഷാദ്ധ്യാപകരുടെ കൂടിയാ<br>ലോചന<br><br>ശില്പശാല<br><br>ആസ്ധാദനകുറിപ്പ്<br>വിശകലനകുറിപ്പ്<br>നിരീക്ഷണകുറിപ്പ്<br>ഓർമ്മകുറിപ്പ്<br>നിഘണ്ടുതയ്യാറാക്കൽ<br><br>ചർച്ച, തീരുമാനങ്ങൾ<br>നൽകേണ്ട സഹായങ്ങൾ പട്ടി<br>കപ്പെടുത്തുന്നത് -കോലപ്പി<br>നൽകൽ റിപ്പോർട്ട് തയ്യാറാ<br>ക്കൽ<br><br>പ്രശ്നം: അടിസ്ഥാന ഭാഷാശേ<br>ഷികൾ നേടാത്ത കുട്ടികൾ<br>ഉണ്ട്<br><br>ശില്പശാലകൾ<br><br>പ്രവർത്തനം:<br><br>ശില്പശാല ആലോചന<br>യോഗം | എൽ.ഐ.ടി.സി<br><br>എസ്. ആർ. ജി.<br><br>അധ്യാപകൻ<br><br>അധ്യാപകൻ<br><br>അധ്യാപകൻ<br><br>ഭാഷാദ്ധ്യാപകൻ<br><br>ഭാഷാദ്ധ്യാപകൻ<br><br>ഭാഷാദ്ധ്യാപകൻ<br><br>ഭാഷാദ്ധ്യാപകൻ<br><br>എസ്. ആർ. ജി.<br><br>അധ്യാപകൻ | ഒക്ടോബർ<br><br>നവംബർ<br><br>ഡിസംബർ<br><br>ജനുവരി<br><br>ഒക്ടോബർ<br><br>നവംബർ<br><br>നവംബർ<br><br>നവംബർ<br><br>നവംബർ<br><br>നവംബർ<br><br>ജനുവരി |

| | | |
|---|---|---|
| പാഠപുസ്തക കഥകളെ അടി സ്ഥാനമാക്കിയുള്ള ശില്പ ശാല<br><br>നാടകശില്പശാല<br>ഡോക്യുമെന്റേഷൻ<br>ആശയരൂപീകരണം<br>പഠനോപകരണ ശില്പശാല<br>-ഐ.സി.ടി.- സാദ്ധ്യത<br>ക്ലാസ്സ്തല ഗവേഷണ പ്രവർത്തനം<br>പഠനയാത്രകൾ<br>ഡോക്യുമെന്റേഷൻ<br>പഞ്ചായത്ത് തലത്തിൽ ഭാഷാദ്ധ്യാപക ശില്പശാല കൾ<br><br>പ്രവർത്തന രൂപരേഖ തയ്യാറാക്കൽ<br><br>വാർഷിക പരീക്ഷകൾ തയ്യാറെടുപ്പ് | ബന്ധപ്പെട്ട അധ്യാപകർ<br><br>പഞ്ചായത്ത് വിഷയസമിതി.<br><br>എസ്.ആർ.ജി.ഭാഷാധ്യാപ കർ | ഡിസംബർ-ജനുവരി<br><br>ജനുവരി-ഫെബ്രുവരി<br><br>മാർച്ച് |

**സാമൂഹിക പങ്കാളിത്തം**

| പ്രവരത്തനം | പങ്കാളിത്തരീതി |
|---|---|
| പ്രീ ടെസ്റ്റ്<br>പാഠാസൂധ്രണം<br>ശില്പശാലകൾ<br>മണ്ണെഴുത്ത്<br><br>ഹൈടെക് ക്ലാസ്സുറി<br>ലാംഗ്വേജ് ലൈബ്രറി<br>പഠനയാത്ര<br>ദിനാചരങ്ങൾ<br>പഞ്ചായത്ത് തലത്തിൽ<br>മാതൃഭാഷകൂട്ടായ്മ<br>കുട്ടികളുടെ പതിപ്പുകൾ<br>ചുവർപ്രതിക | തുടർ പ്രവർത്തനങ്ങളായ പരിഹാരബോധന പ്രക്രിയകൾ<br><br>പൂർവ വിദ്യാർത്ഥികൾ, പൂർവ്വ അദ്ധ്യാപകർ<br><br>ക്ലാസ്സുകൾ മറ്റു വിദഗ്ധരെ ലഭ്യമാക്കി സംഘാടനം വിലയിരുത്തൽ<br><br>ഭാഷാ സ്നേഹികളായ പൂർവ്വ വിദ്യാർത്ഥികൾ, പൂർവ്വ അധ്യാപകർ, സാഹിത്യകാരൻമാരുടെ സംഘാടകർ എന്നിവരുടെ ഇടപെടൽ<br><br>എഡിറ്റിംഗ്, തെരഞ്ഞെടുക്കൽ, അച്ചടി എന്നിവ |

| | |
|---|---|
| സ്കൂൾ ലൈബ്രറി<br>ലാംഗേജ് ലൈബ്രറി | വിദ്യാർത്ഥികൾ, പൂർവ്വവിദ്യാർത്ഥികൾ<br>എന്നിവരുടെ പങ്കാളിത്തം<br>പുസ്തകശേഖരണം-ലൈബ്രറി കെട്ടിടം |

## Academic Master Plan - English

English languages are integrated and the scope for constructing different discourses is inbuilt in the classroom process of the material. This language activities have been attempted in all the units to help the learners acquire the sense of accuracy is language use. Self - assessment check lists based on learning outcomes are provided at the end of each unit to help the learners assess themselves. The teachers can also assess the performance of their learning. The Teacher Text details the approach, methodology, techniques of translation and assessment as a comprehensive package of learning materials at this level. The activities suggested in the teacher text are suggestive and not prescriptive. Teachers are free to adopt and modify the suggested activities within the paradism to suit to the level of their learners.

**Responsibilities towards students**

1. Treats all students with love and affection.
2. Respect the value of being just and impartial to all students irrespective of their caste, need, religion, sex, economic status, disability, language and place of birth.
3. Facilitates students physical, social, intellectual, emotional and moral development.
4. Respects basic human dignity of the child is all aspects of school life.
5. Makes planned and systematic efforts to facilitate the child to actualise his/her potential and talent.
6. Transacts the curriculum in conformity with the values enshrined in the constitution of India.
7. Adapts his/her teaching to the individual needs of students.
8. Maintains the confidentiality of the information concerning students and dispenses such information only those who care legitimately entitled to it.
9. A teacher refrains from subjecting any child to fear, anxiety, physical punishment, sexual abuse and emotional and mental harassment.
10. Protects the child from all forms of sexual abuse, cyber crimes etc.

To achive the aim of effective language use, teachers may be guided by the following principles.

**Contextualisation**

The learning materials and activities given to students should be of authentic and meaningful contexts.

**Learner – Centeredness**

Learners are at the centre of the teaching – learning process. A teacher is expected to at as a critical ......... who provides necessary scaffolding at crucial stages of the learning process.

**Learning – focussed Interaction**

The focus of classroom interaction is to help the learners attain knowledge, skills and values and the achievement of expected learning outcomes..

**Integration**

The areas of language learning such as respective skills, the productive skills, language elements and vocabullary are introduced in an integrated way together with the use of relevant print and nonprint resources, so as to provide multiple perspectives and meaningful connections.

**Process orientation**

The development of language skills and knowledge about the language can be attained by directing the learners through carefully planned process of knowledge construction.

**Spiral Progression**

Skills, language elements, structures, vocabulary and various types of texts will be introduced, revised and revisied at increasing levels of difficulty and sophistication.

**Basic Premises on which the New Text books are developed**

a. Texts as Children's Literature.

b. Pictures as Texts.

c. Interaction Questions.

d. Theatre Games.

e. Learning Activities

f. Grammer in Content

g. Need Based Vocabulary Development.

h. Simple Language Projects

i. ICT Integration

j. Assessment

**Specific Areas of Second Language Pedagogy**

1. Choreography

2. Choreography as a discourse

3.Teacher Talk

4.Teaching Vocabulary

5.Activating Stock Words

6.Reading

7.Organic Reading

8.Organic Writing

**Editing**

1. Thematic Editing

2. Syntactic Editing

3. Morphological Editing

4. Spelling and Punctuation

**Assessment Approach**

The process of analysing what the learner has acquired after the tansaction in a unit is called Assessment of Learning Continuous and Comprehensive Evaluation (CCE).

Kerala School Curriculum has adopted an assessment method that is continuous and comprehensive.

**Method of Grading**

| Grade point percentage | Grade |
|---|---|
| 75 – 100 | A |
| 60 – 74 | B |
| 45 – 59 | C |
| 33 – 44 | D |
| 33 and below | E |

**CCE Areas**

1. Cognitive domain

2. Social / Emotional domains

Assessment related to development in cognitive domain.

1. Continuous Evaluation

2. Term Evaluation

**Details of Teaching Manual**

The following factors can be included in the Teaching Manual

1. Learning Outcomes
2. Ideas / Concepts
3. Abilities
4. Values / Attitudes
5. Learning Materials
6. Expected Products
7. Time
8. Process Page Containing Activities and Assessment Page Containing details of Assessment
9. Reflection notes based on the details of Assessment page

**Assessment of Social / Emotional Aspects**

1. Communication Skills
2. Interpersonal Skills
3. Empathy
4. Coping with Emotions
5. Coping with Stress
6. Problem solving
7. Decision making
8. Critical thinking
9. Creative thinking
10. Self awareness

**Assessment Annual Consolidation**

For classes from 5 to 8, the CE and TE recorded by the teachers of the respective subjects can be consolidated in Fu format. The subject wise CE and TE of each learner will be recorded in this format. While considering the CE grades given in each term the best CE of the learner will be considered as the overall grade.

While considering TE, the grade that the learner gets in the third term has to be considered, through cluster level interactions among teachers, the process of assessment can be made more effective.

| Month | Objectives | Activities |
| --- | --- | --- |
| June month | SRG meeting conduct | Evaluation |
| | | Picture Reading |
| | Pre-test | |
| June 5 | | ICT concept mapping, youngone of animals. |
| | To comprehence identify birds, animals, objects and other objects around us. | Letter pictures (using letters)<br>Placard, poster, sapling trees<br>Special Assembly |
| | Read and write in English Alphabets. | ICT story writing |
| | Environment Day, | Conversation picture description thought.<br>Song/Rhythm Dialogue. |
| | Developing an attitude towards nature. | Word web. |
| | SRG meeting conduct. | Picture Description writing about one self and others. |
| July Month | | Concept map. |
| | Assembly in English. | |
| | To write simple words | Language game. |
| | Read and comprehends simple picture stories. | Language game. |
| | | Theatre game. |
| | Comprehends songs and sings rhythmically with actions. | |
| | SRG Meeting conduct uses the model auxiliary ‘can’ to show ability | Drawing colouring pictures.<br>Word web. |
| | in meaningful contexts self respect and knowing about | Speech |
| August | oneself | |
| | Identify and responds 60 question | Role play |
| | words like "Why" & "Where" - uses | |
| | words to denote possession (Eg: have) Naming flowers | Evaluation tools. |

| | | |
|---|---|---|
| | SRG Meeting conduct | Role play |
| | Onam Celebration | |
| | | Poem |
| September Month | First term Examination | |
| | Constructs dialogue appropriate to the context | Story |
| | Associates animals with their cries | Making mask |
| October | simple riddles | Poem |
| | Class PTA | Sentence completion. |
| | | Evaluation on Term Exam. |
| | English Fest | Rhyming words. |
| | | Project work. |
| | Identify the theme of the poem. | |
| November | Conducting language projects | Drawing and Colouring |
| | Describes pictures orally | Placard |
| | Writes signboards suited to the context | Notice |
| | | Poster |
| | SRG Meeting | |
| | | Word web Description project. |
| | Develops a word web based on places visited. | Role play. |
| December | | |
| | | Evaluation |
| | Describe actions by showing pictures. | |
| | | Diary thoughts |
| | | Evaluation tools. |
| | MID Term Examination. | Conversation |
| | Empathy towards others | |
| | | Thought |
| | SRG Meeting Conduct | |
| | | Role play |
| | Christmas Celebrations. | |
| | | Poster |
| | Introduce to people using "this" and "that" | Notice |
| | Giving suitable headlines to news items | Riddles |
| | | Action Songs |
| | Prepares address tags | Classifying |

| | | |
|---|---|---|
| January | Engage in organic works by following instruments.<br><br>SRG meeting conduct | Reading<br><br>Writing |
| February | To communicate in simple English<br>Love towards fellow beings<br>Making words related to the given pictures describing birds. | Decision making.<br>Writing Description<br>Address Tag<br>\| Cartoons<br>Origami<br>Decision making<br>\| Reading English News<br>Cards (Birthday) |
| March | Expenses ideas in Simple language<br>Annual Examination SRG | Stories<br>Poems<br>Makes words with the vowels "e" "a" simple projects.<br>Drama<br>Writing Stage Directors<br>Conversation.<br>Evaluation |

# ഹിന്ദി

**ആമുഖം**

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ സ്ഥാപനപരമായ സുപ്ര ധാനരേഖയാണ് അക്കാദമിക് മാസ്റ്റർപ്ലാൻ. പൊതുവിദ്യാഭ്യാസത്തിന്റെ ഭാഗമായി ഓരോ വിദ്യാലയവും മികവിന്റെ ക്രേന്ദമാക്കുക, കുട്ടികളുടെ അവകാശങ്ങളെ സംരക്ഷിച്ച് സമഗ്രമായ പദ്ധതി ആസൂധ്തണംചെയ്യുക എന്നതാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്.

ഹിന്ദി ഭാഷാപഠനത്തിന് മാതൃഭാഷയിൽനിന്നും ഭിന്നമായ നിരവധി പ്രശ്ന ങ്ങൾ ഉണ്ട്. ത്രിഭാഷാപദ്ധതി അംഗീകരിച്ചതിന്റെ ഭാഗമായാണ് ഹിന്ദി പഠനം നിർബ്ബന്ധമാക്കിയത്. ഓരോ കുട്ടിക്കും താൻ സുരക്ഷിതനും സ്വീകാര്യനുമാണെന്ന തോന്നൽ ഉളവാക്കാനും ഭാഷാപശ്ചാത്തലം കാരണം ഒരാളും അവഗണിക്കപ്പെട്ട ട്ടില്ലെന്ന് ഉറപ്പുനൽകാനും ബഹുഭാഷാപഠനം സഹായിക്കും. ഒരു ബഹുഭാഷാരാ ജ്യത്ത് പല ഭാഷകളിലും ആശയവിനിമയം നടത്തേണ്ടിവരുന്നതിനാൽ ഭാരത

ത്തിന്റെ രാഷ്്രഭാഷയായ ഹിന്ദിഭാഷയുടെ പഠനം കൂടുതൽ സ്ഥലങ്ങളിൽ ആശ യവിനിമയം നടത്തുന്നതിന് സഹായകമാകുന്നു. എന്നാൽ ഈ മേഖലയിൽ നേരി ടുന്ന പ്രശ്നങ്ങളും അവ പരിഹരിക്കുന്നതിനുള്ള പദ്ധതികളും ചുവടെ ചേർക്കുന്നു. പ്രശ്നങ്ങൾ

**അക്കാദമികം :**

എല്ലാ കുട്ടികൾക്കും നിർദ്ദിഷ്ട ഭാഷാശേഷികൾ ആർജ്ജിക്കാൻ കഴിയുന്നില്ല.

പ്രരകിയാബന്ധിതവും ശിശുക്രേന്ദ്രിതവും ഐ.സി.ടി. അധിഷ്ഠിതവുമായ സൂക്ഷ്മാസൂത്രണം നിർ വ്വഹിക്കുന്നതിൽ പരിമിതികൾ ഉണ്ട്. സർഗ്ഗാത്മക്രപവർത്തനങ്ങളിൽ എല്ലാ കുട്ടികൾക്കും പങ്കാളിത്തമില്ല.

**ഭൗതികം**

ആധുനികമായി സജ്ജീകരിച്ച ലൈബ്രറിയുടെ അഭാവം.

രാഷ്ട്രഭാഷാധിഷ്ഠിതമായ മാധ്യമങ്ങളുടെ അഭാവം.

**സാമൂഹികം**

വിദ്യാലയത്തിലെ ഭാതികവും അക്കാദമികവുമായ ആവശ്യങ്ങൾ.

നിറവേറ്റുന്നതിനും പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും സാമൂഹ്യപങ്കാളിത്തം പ്രജോ യനപ്പെടുന്നില്ല.

**പാഠ്യാനുബന്ധപപവർത്തനങ്ങൾ അർത്ഥപൂർണ്ണമാക്കാൻ ഉതകുന്ന കാര്യങ്ങൾ**

ക്ലബ്ബ് പ്രവർത്തനങ്ങളും ദിനാചരണങ്ങളും നടത്തുകയും, കുട്ടികളുടെ അഭി രുചിക്കനുസരിച്ച് കലാപ്രവർത്തനങ്ങൾ നടത്തുകയും ചെയ്യുന്നു. ഭാഷാപഠനത്തിൽ വായനയ്ക്കും എഴുത്തിനും പ്രാധാന്യം നൽകുന്നു.

**1. ഹിന്ദി വായന**

ലക്ഷ്യം : മുഴുവൻ വിദ്യാർത്ഥികൾക്കും ഹിന്ദി വാക്യങ്ങൾ വായിക്കാൻ സാധിക്കണം.

പ്രവർത്തനങ്ങൾ

വായനാകാർഡുകൾ തയ്യാറാക്കൽ : ഹിന്ദി അക്ഷരങ്ങൾ തിരിച്ചറിയാൻ കുട്ടി കളെ പ്രാപ്തരാക്കുന്നതിനായി വായനാകാർഡുകൾ തയ്യാറാക്കും. ഇവയിൽ പഴങ്ങൾ, പച്ചക്കറികൾ, ധാന്യങ്ങൾ, പക്ഷിമൃഗാദികൾ, വൃക്ഷങ്ങൾ എന്നിവയുടെ ചിത്രങ്ങളും പേരുകളും ചേർന്ന ചാർട്ടുകൾ പ്രദർശിപ്പിക്കും.

രാഷ്ട്രനേതാക്കൾ, ഹിന്ദി സാഹിത്യകാരന്മാർ എന്നിവരുടെ ചിത്രങ്ങൾ ശേഖരിച്ച് പേരുകൾ ചേർ ത്ത് വായനയ്ക്കായി ഒരുക്കും.

ഹിന്ദി ഗ്രന്ഥശാല ഒരുക്കൽ : കുട്ടികളുടെ അധികവായന ലക്ഷ്യമാക്കിക്കൊണ്ട് ഹിന്ദി പുസ്തകങ്ങൾ സമാഹരിക്കും.

ദേശീയഗാനം : പ്രതിജ്ഞ, രാഷ്ട്രഗീതങ്ങൾ, ദേശഭക്തിഗാനങ്ങൾ, ഹിന്ദി അക്കങ്ങൾ, മാസങ്ങൾ എന്നിവയും സ്ഥിരമായി വായിക്കുന്നതിനായി പ്രത്യേകം തയ്യാറാക്കും.

വലിയ അക്ഷരങ്ങളോടുകൂടിയതും വർണ്ണചിത്രങ്ങൾ നിറഞ്ഞതുമായ ലളിതമായ ഹിന്ദി കഥ ബുക്കുകൾ, ചിത്രകഥകൾ, ബാലമാസികകൾ എന്നിവ മുഖ്യമായും ഹിന്ദി സാഹിത്യരൂപങ്ങൾ പരിചയപ്പെടുത്തുന്നതിനായുള്ള പുസ്തകങ്ങളും സമാഹരിക്കും.ബാലഗീതങ്ങൾ, കവിതാശകലങ്ങൾ, ലഘുപ്രസംഗങ്ങൾ എന്നിവയുടെ അവതര ണത്തോടുകൂടി ക്ലാസ്സ് ആരംഭിക്കും.

**2. ഹിന്ദി – എഴുത്ത്**

പ്രവർത്തനങ്ങൾ

കോപ്പി ബുക്ക് - അക്ഷരങ്ങളും, ചിഹ്നങ്ങളും പാഠഭാഗങ്ങളും കോപ്പി ബുക്കിൽ എഴുതിക്കും.

ചുമർ പ്രതികകളും ചാർട്ടുകളും തയ്യാറാക്കും.

വിദ്യാർത്ഥികൾ തയ്യാറാക്കുന്ന രചനകൾകൂടി ചേർത്ത് മാസികകൾ തയ്യാറാക്കും.

ബാലഗീതങ്ങളും കവിതകളും കോപ്പിബുക്കിൽ എഴുതിക്കും.

**3, ഹിന്ദി – ആസ്വാദനം**

അവതരണരംഗത്ത് ശോഭിക്കുന്നതിനായി അവസരമൊരുക്കും. യുവജനോത്സവം സ്കൂൾ വാർ-ഷികം തുടങ്ങിയ പരിപാടികളിൽ ഇവയ്ക്കുള്ള വേദിയൊരുക്കും.ഇതിനായി പരിശീലിപ്പിക്കും.

**4. ഹിന്ദി അസംബ്ലി**

ആഴ്ചയിലൊരിക്കൽ ഹിന്ദി അസംബ്ലി നടത്തും. പ്രാർത്ഥന, പ്രതിജ്ഞ, വാർത്താപാരായണം, ജന്മദിനാശംസാഗീതം, സദ്വചനങ്ങൾ, മതഗ്രന്ഥപാരായണം എന്നിവ ഹിന്ദിയിൽ അവതരിപ്പിക്കും.

**5. ഹിന്ദി മത്സരങ്ങൾ**

ഹിന്ദിയിൽ പാടാനും പറയാനും മികവ് പുലർത്തുന്നതിന് കുട്ടികളെ പ്രോത്സാ ഹിപ്പിക്കുന്നതിനായി കവിതാപാരായണം, പ്രസംഗം, കവിതാരചന, വായനാമത്സരം എന്നിവ നടത്തും.

**6. ദിനാചരണങ്ങൾ**

ഹിന്ദിദിനം, പരിസ്ഥിതിദിനം, ശിശുദിനം, പ്രേംചന്ദ് ജയന്തി എന്നീ ദിവസങ്ങളിൽ ഹിന്ദിയിൽ പോസ്റ്റർ മത്സരങ്ങൾ നടത്തി പ്രദർശിപ്പിക്കും.

**7. ഹിന്ദി ക്ലബ്ബ്**

ഹിന്ദി ഭാഷാപ്രവർത്തനങ്ങൾ സുഗമമായി നടത്തുന്നതിന് വിദ്യാർത്ഥികളുടെ കൂട്ടായ്മയായി ഹിന്ദി ക്ലബ്ബ് രൂപീകരിക്കുന്നു.

**8. വിവര സാങ്കേതികവിദ്യ:**

ഹിന്ദി പഠനത്തിന് സഹായകമായി ലഭിക്കുന്ന വിവിധ ദൃശ്യശ്രവ്യ സാമഗ്രികൾ വിദ്യാർ-ത്ഥികളിൽ എത്തിക്കുന്നതിനായി വിവരസാങ്കേതിവിദ। വിനിയോഗിക്കും

ഹിന്ദി ടൈപ്പ്റൈറ്റിംഗിന്റെ പ്രാഥമികപാഠങ്ങൾ കുട്ടികൾക്ക് നൽകും.

**9.അഭിമുഖം**

ഹിന്ദി പ്രചാരകരുമായി അഭിമുഖം നടത്തും.

**10. ഹിന്ദി ഫെസ്റ്റ്:**

ഹിന്ദി ദിനത്തോടനുബന്ധിച്ച് വിദ്യാലയത്തിൽ ഹിന്ദി ഫെസ്റ്റ് നടത്തും. ഹിന്ദി ഭാഷയിലും സാഹിത്യത്തിലും പ്രസിദ്ധരായ വ്യക്തികളെക്കൊണ്ട് ഉദ്ഘാടനം നടത്തും. വിവിധ മത്സരങ്ങൾ കുട്ടികൾക്കായി സംഘടിപ്പിക്കും..

| പ്രവർത്തനം | കാലദൈർഘ്യം | ക്ലാസ്സ് |
|---|---|---|
| വിദ്യാർത്ഥികൾക്ക് ക്യാമ്പ്<br>കഥാവായന<br><br>കഥാരചന<br><br>സ്ക്രിപ്റ്റ് റൈറ്റിംഗ്<br>എഡിറ്റിംഗ് നാടകം, സിനിമ<br>എന്നിവ കാണിക്കാൻ (ICT)<br>അഭിനയപരിശീലനം<br>ഡോക്യുമെന്റേഷൻ (ICT)<br>ഹിന്ദി അന്തരീക്ഷവുമായി<br>ബന്ധപ്പെടാനുള്ള അവസരം<br>വാർത്തകൾ കേൾക്കാനുള്ള<br>അവസരമൊരുക്കുക<br>കവിതകൾ കേൾപ്പിക്കുക<br>ക്വിസ് പ്രോഗ്രാമുകൾ<br>സംഘടിപ്പിക്കുക | 1 വർഷം<br><br>6 മാസം | 5, 6, 7<br>8, 9, 10 |

<u>അക്കാദമിക് മാസ്റ്റർ പ്ലാൻ</u>

<u>അടിസ്ഥാന ഗണിതം</u>

**ആമുഖം**

കുട്ടികളുടെ ഗണിതവലകരണ ശേഷികൾ വികസിപ്പിക്കലാണ് ഗണിത വിദ്യാഭ്യാസത്തിന്റെ പ്രധാന ലക്ഷ്യം. എല്ലാ കുട്ടികളേയും ഗണിത പഠനത്തിന് താല്പര്യമുള്ളവരാക്കാൻ നമുക്ക് എന്ത് ചെയ്യാനാവും? കുട്ടികൾക്ക് ഭയം മാറി അവരത് ആസ്വദിക്കുന്ന അവസ്ഥ വരണം. കുട്ടികൾ ഗണിതം പഠിക്കണം. ഗണിതമെന്നാൽ സൂത്രവാക്യങ്ങളും യാന്ത്രിക നടപടി ക്രമങ്ങളുമല്ല എന്ന തിരിച്ചറിവുണ്ടാകണം. പ്രശ്നങ്ങൾ കണ്ടെത്താനും അവ പരിഹരിക്കാനും ഗണിതം സഹായകമാവണം. ക്ലാസ്സിലെ ഓരോ കുട്ടിക്കും ഗണിതം തനിക്ക് പഠിക്കാൻ കഴിയുമെന്ന വിശ്വസമുണ്ടാകണം. ഇതിനു സഹായകമായ പദ്ധതികളും പ്രവർത്തനങ്ങളുമാണ് നമുക്ക് ഉറപ്പാക്കേണ്ടത്. ജ്ഞാനനിർമ്മിതിയിലധിഷഠിതമായ പ്രകിയബന്ധിത ഈ ലക്ഷ്യത്തിലേക്ക് നമ്മെ അടുപ്പിക്കും.

<u>**ഗണിതപഠനം പ്രശ്നങ്ങൾ**</u>

**അക്കാദമികം**

1. ക്ലാസ്സുകളിലെ എല്ലാകുട്ടികൾക്കും പാഠ്യപദ്ധതി നിർദ്ദേശിച്ച ആശയങ്ങളും ശേഷികളും നേടാൻ കഴിയുന്നില്ല.

2. കുട്ടികൾക്ക് പ്രൈമറി ക്ലാസ്സിലെ അടിസ്ഥാന ആശയങ്ങൾ ധാരണയില്ല

3. ഐ.സി.ടി. അധിഷ്ഠിതമായും പ്രക്രിയാ ബന്ധിതമായും പാഠാസൂത്രണം നട ത്തുന്നതിന് പരിമിതിയുണ്ട്.

4. പഠനോപകരണങ്ങൾ സ്വയം തയ്യാറാക്കുന്നതിൽ ധാരണക്കുറവ്

**ഭൗതികം**

1. ക്ലാസ്സ് മുറികൾ ഐ. സി. ടി. അധിഷ്ഠിത പഠനത്തിനും പ്രവർത്തനാധിഷഠിത പഠനത്തിനും അനുയോജ്യമല്ല.

2. ഗണിതലാബിന്റെ അഭാവം

3. ഗണിതലൈബ്രറി ഫലപ്രദമല്ല

**സാമൂഹികം**

1. സമൂഹത്തിലെ ഗണിത വൈദഗ്ദ്ധ്യം ഫലപ്രദമായി സ്കൂളിൽ ഉപയോഗി ക്കാൻ കഴിയുന്നില്ല.

**പ്രശ്ന വിശകലനം**

പ്രശനം : 1. ക്ലാസ്സുകളിലെ എല്ലാകുട്ടികൾക്കും പാഠ്യപദ്ധതി നിർദ്ദേശിച്ച ആശയങ്ങളും ശേഷികളും നേടാൻ കഴിയുന്നില്ല

| **കാരണങ്ങൾ** | **പരിഹാരനിർദ്ദേശം** | **പദ്ധതി/പ്രവർത്തനം** |
| --- | --- | --- |
| **കുട്ടികൾ**<br><br>1. അടിസ്ഥാന ആശയങ്ങളിൽ ഉള്ള ധാരണകുറവ് കാരണം താൽപര്യമില്ലാതെയാണ് കണക്ക് ക്ലാസ്സുകളിൽ ഇരിക്കുന്നത്. അതുകൊണ്ടുതന്നെ ശരിയായ രീതിയിൽ മനസ്സിലാവുന്നില്ല.<br><br>2. "ഗണിതം ബുദ്ധിമുട്ടാണ് മനസ്സിലാക്കാൻ' എന്ന മുൻ വിധിയോടെ സമീപിക്കുന്നു.<br><br>3. പാഠപുസ്തകങ്ങൾ, ഇൻസ്ട്രുമെന്റ് ബോക്സ് എന്നിവയില്ലാതെ ആണ് പല കുട്ടികളും ക്ലാസ്സിൽ വരുന്നത്. | 1. 8-ാം ക്ലാസിൽ (പ്രീ ടെസ്റ്റ് നടത്തി കുട്ടികളുടെ നിലനിർണ്ണയിക്കൽ<br>2. ഒന്ന് മുതൽ ഏഴ് വരെയുള്ള ക്ലാസുകളിൽ നേടിയ അടി സ്ഥാനശേഷികൾ ഉറപ്പിക്കുക<br>3. എല്ലാകുട്ടികളെയും പരിഗ ണിച്ചുകൊണ്ട് പാഠഭാഗങ്ങൾ ആസൂത്രണം ചെയ്യുക.<br>4. ആശയവിനിമയത്തിന് സഹായകമാകുന്ന തരത്തി ലുള്ള ആസൂത്രണം നടത്താൻ പഠനോപകരണ ശിൽപ്പശാല നടത്തുക.<br>5. കുട്ടികൾക്ക് ഗണിത പഠനത്തിൽ താൽ പ്പര്യമുണ്ടാക്കുന്ന പ്രവർത്തനങ്ങൾ ക്ലബ്ബിന്റെ | 1. പ്രീ ടെസ്റ്റ്<br>2. ഒന്നാം ക്ലാസു മുതൽ ഏഴാം ക്ലാസുവരെ കുട്ടി കൾ നേരിടേണ്ടുന്ന അടിസ്ഥാന ശേഷ കൾ പട്ടികപ്പെ ടുത്തി പ്രവർത്തന ങ്ങൾ ആസൂത്രണം ചെയ്ത് കുട്ടി<br>3. കൃത്യ മായി വിഷയ സമിതി യോ ഗ ങ്ങൾ ചേർന്ന് പാഠഭാഗ ങ്ങൾ ആസൂത്രണം ചെയ്ത് വിനിമയം ചെയ്യുക.<br>4. ഗണിത ക്ലബ്ബ് രപവർത്തനങ്ങൾ ആസ്യൂര്തണം ചെയ്ത് സമയബ |

| | | |
|---|---|---|
| 4. രാവിലെ ഭക്ഷണം കഴി<br>ക്കാതെ വീട്ടിൽ നിന്ന്<br>വരുന്ന കുട്ടികളും<br>ഉച്ചഭക്ഷണം കഴി<br>ക്കാതെ ഇരിക്കുന്ന<br>കുട്ടികളും ഉണ്ട്.<br>അതുകൊണ്ട് തന്നെ<br>അവർക്ക് പഠനത്തിൽ<br>ശ്രദ്ധിക്കാൻ കഴിയുന്നില്ല.<br><br>5. പഠിക്കുന്ന ആശയങ്ങൾ<br>നിത്യജീവിതവുമായി ബന്ധ<br>പ്പെടുത്താൻ കഴിയുന്നില്ല.<br><br>6. ഗണിതാശയങ്ങളിലെ<br>അളവുകൾ<br>പ്രായോഗികമായി അള<br>ന്നുനോക്കി<br>ബോദ്ധ്യപ്പെടാൻ<br>അവസരങ്ങളില്ല<br>അതുകൊണ്ടു തന്നെ<br>വ്യാപ്തം, പരപ്പളവ്,<br>എന്നിവ കേവലം | നേതൃത്വത്തിൽ ചെയ്യുക.<br>6.പാഠപുസ്തകങ്ങൾ<br>ഇൻസ്ട്രുമെന്റ് ബോക്സ്<br>എന്നിവ ലഭ്യമാക്കുക<br>7. അധിക സമയം കണ്ടെ<br>ത്തുക<br>8. ഗണിതാശയങ്ങൾ<br>നിത്യജീവിതവുമായി<br>കഴിയുന്നതും<br>ബന്ധപ്പെടുത്തുക<br>9. സ്വയം പഠനത്തിന്<br>സഹായകരമാകുന്ന<br>പഠനോപകരണ<br>ങ്ങൾ രപവർത്തനങ്ങൾ<br>എന്നിവ ആസൂരതണം<br>ചെയ്യുക<br>10.ഗണിത്രപവർത്തനങ്ങൾ<br>ചെയ്യുന്നതിന് ലാബ്<br>സജ്ജമാക്കുക.<br>11. അദ്ധ്യാപകർക്ക് 07<br>പരിശീലനം ലഭ്യമാക്കുക.<br>12.മേളകൾ, ഒഴിവുദിവസ | ന്ധിതമായി നടപ്പി<br>ലാക്കുക<br>5. ക്ലാസുകളിൽ<br>ടെക്സ്റ്റ് പുസ്തക<br>ങ്ങൾ (താഴ്ന്നക്ലാസുകളിലേ<br>തുൾപപ്പടെ)<br>ഇൻസ്ട്രുമെന്റ്<br>ബോക്സ് പഠനോ<br>പകരണങ്ങൾ<br>എന്നിവ ലഭ്യമാക്കുക.<br>6. ക്ലബ്ബിന്റെ നേതൃ<br>ത്വത്തിൽ നിത്യജീ<br>വിതവുമായി ബന്ധ<br>പ്പെട്ട പവർത്തനങ്ങൾ<br>ചെയ്യുക.<br>7. പഠനോപകരണ<br>ശിൽപ്പശാല സംഘ<br>ടിപ്പിക്കുക.<br>8. അദ്ധ്യാപകർക്ക്<br>പാഠഭാഗവുമായി<br>ബന്ധപ്പെടുത്തി<br>കൊണ്ട് ഐ.സി.ടി. |

| | | |
|---|---|---|
| സൂത്രവാക്യത്തിൽ മാത്രം മനസ്സിലാക്കാനെകഴിയുന്നുള്ളൂ.<br><br>**അധ്യാപകർ**<br>1. എല്ലാകുട്ടി കൾക്കും താൽപര്യം ഉണ്ടാക്കുന്നരീതിയിൽ ക്ലാസ്സുകൾ മുന്നോട്ടു കൊണ്ടുപോകാൻ കഴിയുന്നില്ല.<br>2. വൈവിധ്യമാർന്ന പ്രവർത്തനങ്ങൾ നടപ്പാക്കാൻ കഴിയുന്നില്ല.<br>3. കൃത്യമായി ആസൂത്രണം ചെയ്യാനുള്ള ധാരണക്കുറവ്<br>4. ആസൂത്രണം ചെയ്താലും വിനിമയത്തിനുള്ള സമയക്കുറവ്<br>5. പഠനോപകരണങ്ങൾ | ത്തേക്ക് മാറ്റുക.<br>13.ക്ലാസ് റൂമുകൾ ഹൈടെക്ആക്കുക<br>14.ക്ലാസ് ലൈബ്രറി, സ്കൂൾ ലൈബ്രറി എന്നിവയിൽ ഗണിതവുമായി ബന്ധപ്പെട്ട പുസ്തകങ്ങൾ ശേഖരിക്കുകയും കുട്ടികൾക്ക് ലഭ്യമാക്കുകയും ചെയ്യുക<br>15. ക്ലാസ് പി.ടി.എ. വിളിച്ച് രക്ഷിതാക്കൾക്ക് കുട്ടികളുടെ പഠനത്തിന്റെ അവസ്ഥ അതത് സമയങ്ങളിൽ ബോധ്യപ്പെടുത്തുക. പരിഹാരബോധനം ചിട്ടപ്പെടുത്തുക.<br>16.വീടുകളിലെ പഠനാന്തരീക്ഷം മെച്ചപ്പെടുത്താൻ ഉള്ളപദ്ധതികൾ | അധിഷ്ഠിതമായ പരിശീലനം നടത്തുക.<br>9. എല്ലാക്ലാസ് മുറികളും ഹൈടെക് ആക്കുക<br>10.സമയബന്ധിതമായി ക്ലാസ് വിളിച്ച് ചേർത്ത് കുട്ടികളുടെ പഠനനേട്ടം, പഠനനില എന്നിവ രക്ഷിതാക്കളുമായി പങ്കുവെക്കുക. |

| | | |
|---|---|---|
| ഇല്ലാതെ ക്ലാസുകളിൽ<br>പ്രവർത്തനങ്ങൾചെയ്യുന്നു.<br>6..പഠനോപകരണങ്ങൾ<br>സ്വയം നിർമ്മിക്കാനുള്ള<br>ധാരണക്കുറവ്,<br>സമയക്കുറവ്<br>7. ICT സാദ്ധ്യത<br>ഉപയോഗിച്ച്<br>ആശയവിനിമയം<br>നടത്താൻ കഴിയുന്നില്ല<br>പരിശീലനം കിട്ടുന്നില്ല.<br>8. പരീക്ഷാധിഷ്ഠിതമായി<br>പാഠപുസ്തകങ്ങളിലെ ആശ<br>യങ്ങളെ സമീപിക്കുമ്പോൾ<br>ആശയങ്ങൾ ഉറപ്പിക്കാതെ<br>അടുത്തതിലേക്ക്<br>പോകേണ്ടിവരുന്ന<br>അവസ്ഥ. സ്വതന്ത്ര്യ<br>ക്കുറവ്.<br>9. അധ്യാപകർക്ക് മറ്റു<br>പലപ്രവർത്തനങ്ങളും<br>(വിവിധ മേളകളുടെ | ആവിഷ്കരിക്കുക. | |

| | | |
|---|---|---|
| ഉത്തരവാദിത്തങ്ങൾ,<br><br>പരിശീലനങ്ങളുടെ<br><br>ഉത്തരവാദിത്തങ്ങൾ)<br><br>ചെയ്യേണ്ടിവരു<br><br>ന്നത് അധ്യായനത്തെ<br><br>ബാധിക്കുന്നു.<br><br>**സംവിധാനം**<br><br>1. ആശയങ്ങൾ കൃത്യമായി<br><br>വിനമയം ചെയ്യാനുള്ള<br><br>സമയക്കുറവ്<br><br>2. പ്രാദേശിക<br><br>ആവശ്യങ്ങൾ<br><br>പരിഗണിച്ച് അദ്ധ്യാപക<br><br>പരിശീലനം ഇല്ല.<br><br>3. പ്രവർത്തനങ്ങളുടെ<br><br>ബാഹുല്യം അധ്യയന സമ<br><br>യത്തെ ബാധിക്കുന്നു<br><br>4. ക്ലാസ് മുറികൾ ICT<br><br>സാങ്കേതിക<br><br>വിദ്യകൾപയോഗിക്കാൻ<br><br>കഴിയുന്നതരത്തിലുള്ളതല്ല. | | |

| | | |
|---|---|---|
| 4. പരിശീലനങ്ങൾ ഗുണ മേൻമയുള്ളതാവുന്നില്ല.<br>**രക്ഷിതാക്കൾ**<br>1. എല്ലാവീടുകളിലും പഠനാ ന്തരീക്ഷം ഉറപ്പാക്കുന്നില്ല<br>2. രക്ഷാകർത്താക്കൾ സ്കൂളു മായി വേണ്ടത്ര ബന്ധപ്പെടുന്നില്ല<br>3. instrument box തുടങ്ങിയ പഠനോപകരണങ്ങൾ ആവശ്യമാണെന്ന ധാരണക്കുറവ്<br>4. രാവിലെ നേരത്തെ വീട്ടിൽനിന്ന് ഇറങ്ങുന്ന കുട്ടികൾക്ക് ഭക്ഷണം വേണ്ടരീതിയിൽ കൊടുക്കാൻ സാധിക്കുന്നില്ല | | |

**പരിഹാര പ്രവർത്തനം വിശദാംശങ്ങൾ**

ഗണിതപഠനം ആസ്വാദ്യവും ശാസ്ത്രീയവുമാക്കുന്നതിലൂടെ എല്ലാ കുട്ടികൾക്കും പഠനത്തിൽ പങ്കാളിത്തവും പഠനനേട്ടവും ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെയാണ് പ്രവർത്തനങ്ങൾ തയ്യാറാക്കിയിട്ടുള്ളത്. പാഠ്യപദ്ധതി നിർദ്ദേശിക്കുന്ന ശേഷികൾ

എല്ലാ കുട്ടികൾക്കും നേടാൻ കഴിയണം. ഈ കാര്യത്തിൽനില നിൽക്കുന്ന പ്രശ്നങ്ങൾ കണ്ടെത്തി പരിഹരിക്കാനുള്ള പ്രവർത്തനങ്ങളാണ് രൂപകൽപന ചെയ്തിട്ടുള്ളത്.

1. പ്രീ-ടെസ്റ്റ്

8 മുതൽ 12 വരെ ക്ലാസ്സിലെ കുട്ടികളുടെ പഠനനില തിരിച്ചറിയുന്നതിന് ജൂൺ മാസത്തിൽതന്നെ ചില പഠന പ്രവർത്തനങ്ങൾനൽകി ക്ലാസ് തലത്തിലാണ് പ്രീ-ടെസ്റ്റ് നടത്തുന്നത്. വിലയിരുത്തൽ സൂചകങ്ങളുടെ അടിസ്ഥാനത്തിൽ പ്രവർത്തനങ്ങൾ വിലയിരുത്തി കുട്ടികളുടെ യഥാർത്ഥ പഠന പ്രശ്നങ്ങൾ കണ്ടെത്തുകയും അവയെ അപഗ്രഥിച്ച് കാരണങ്ങൾ നിർണ്ണയിക്കുകയും വേണം. തുടർന്ന് റിപ്പോർട്ട് തയ്യാറാക്കി എസ്.ആർ.ജി., ക്ലാസ് പി.ടി.എ. എന്നിവിടങ്ങളിൽ അവതരി പിച്ച് ബോധ്യപ്പെടുത്തണം. കുട്ടികളുടെ ഉത്തരക്കടലാസ് അടിസ്ഥാന രേഖയായി സൂക്ഷിക്കുകയും പിന്നീട് കുട്ടിയിലുണ്ടായ മാറ്റം വിലയിരുത്തുന്നതിനായി ഉപയോഗിക്കുകയുമാവാം. പ്രീ-ടെസ്റ്റിന്റെ ഫലം വിശകലനം ചെയ്ത് കുട്ടികളുടെ പ്രശ്നങ്ങൾ സൂക്ഷ്മമായി കണ്ടെത്തുകയും അതിനുളഅള കാരണങ്ങൾ കണ്ടെത്തി പരിഹരിടച്ചി നിർദ്ദേശങ്ങൾ രൂപപ്പെടുത്തുകയും വേണം.

2. ഒപ്പത്തിനൊപ്പം

പ്രീ-ടെസ്റ്റിലൂടെ കണ്ടെത്തിയ പിന്നാക്കാവസ്ഥ പരിഹരിക്കുന്നതിന് ആവ-ശ്യമായ പരിഹാരബോധന പരിപാടിയാണ് ഒപ്പത്തിനൊപ്പം ഓരോ യൂണിറ്റും ആരം ഭിക്കുന്നതിനുമുമ്പ് നിശ്ചിത യൂണിറ്റിലെ ആശയങ്ങൾ എല്ലാ കുട്ടികൾക്കും ആർജ്ജിക്കുന്നതിനുളഅള അടിസ്ഥാന ധാരണ ഉറപ്പിക്കേണ്ടതുണ്ട്. ഇതിനായി

പരിഹാരബോധന പ്രവർത്തനങ്ങൾ വർക്ക് ഷീറ്റുകൾ എന്നിവ ഉറപ്പാക്കും. ഗണിതം ആസ്വാദ്യകരമാക്കാനുള്ള അവസരവും ഈ പരിപാടിയുടെ ഭാഗമായി ഗണിത വിഷയ സമിതി നടപ്പാക്കും.

3.പാഠാസൂത്രണം

എല്ലാ കുട്ടികളുടേയും പഠന പങ്കാളിത്തവും എല്ലാവർക്കും പഠനനേട്ടവും ഉറപ്പാക്കുന്നതിനായി പ്രകിയാബന്ധിതവും പ്രവർത്തനാധിഷ്ഠിതവുമായ പാഠാ സൂത്രണം തയ്യാറാക്കേണ്ടതുണ്ട്. ഇതോടൊപ്പം ആവശ്യമായ പഠനോപകരണ ങ്ങളും തയ്യാറാക്കണം. ഐ.സി.ടി. അധിഷ്ഠിതമായി പഠനം നടത്തുന്നതിനുള്ള അവസരവും ഒരുക്കേണ്ടതുണ്ട്. ഇത് വ്യക്തിഗതമായി ആദ്യഘട്ടങ്ങളിൽ സാധിക്കുകയില്ല. അതിനാൽ ഗണിത വിഷയ സമിതിയും മറ്റു സമീപ സ്കൂളുകളിലെ താൽപര്യമുള്ള ഗണിതാധ്യാപകരും പങ്കെടുക്കുന്ന ഗണിത ശില്പശാല സംഘടി പ്പിക്കേണ്ടതാണ്. ഇതിന് നേതൃത്വം നൽകാൻ ഡയറ്റ്, എസ്. ആർ. ജി, അംഗങ്ങൾ എന്നിവരുടെ സേവനം ഉറപ്പാക്കേണ്ടതാണ്. ഇങ്ങനെ തയ്യാറാക്കുന്ന പാഠാസൂത്രണ പഠന സാമഗ്രികളുടെ ഡി.റ്റി.പി.ചെയ്ത് സൂക്ഷിക്കേണ്ടതും ഒടുവിൽ ഇത് പ്രസിദ്ധീകരിക്കേണ്ടതുമാണ്. ഇതിന്റെ ചുമതല ഗണിത വിഷയ സമിതിയ്ക്കാണ്.

4, ഗണിത ക്ലബ്ബ്

കുട്ടികളിൽ ഗണിതാഭിമുഖ്യം വളർത്തുന്നതിനും ഗണിതം നിത്യജീവിതവുമായി ബന്ധിപ്പിക്കുന്നതിനും എല്ലാ കുട്ടികൾക്കും അവസരമുണ്ടാക്കാനുള്ള സംവിധാനമാണ് ഗണിതക്ലബ്ബ്. ഗണിത പ്രോജക്ടുകൾ, ദിനാചരണങ്ങൾ, സെമിനാറുകൾ,

ഗ്രശ്നോത്തിരികൾ എന്നിവ ഇതിന്റെ ഭാഗമായി സംഘടിപ്പിക്കുന്നുണ്ട്. പഞ്ചായത്തിലെ ഗണിതാധ്യാപനത്തിനും ഗണത ക്ലബ്ബ് പ്രവർത്തനങ്ങൾക്കും നേതൃത്വപരമായ പങ്കു വഹിക്കാൻ ഹൈസ്കൂളിലെ ഗണിത ക്ലബ്ബിനു കഴിയണം. ഗണിതത്തിൽ മികച്ചു നിൽക്കുന്ന കുട്ടികൾക്ക് കൂടുതൽ അവസരമൊരുക്കാനും ഗണിതശാസ്ത്രമേള, രാമാനുജൻ പ്രബന്ധ മത്സരം എന്നിവയിലേക്ക് കുട്ടികളെ കണ്ടെത്താനും ഗണിത ക്ലബ്ബുകളിലൂടെ കഴിയണം. ഇതിനുള്ള വൈവിധ്യമാർന്ന പ്രവർത്തനങ്ങളാണ് ഗണിത ക്ലബ്ബ് ആസൂത്രണം ചെയ്തിട്ടുള്ളത്.

5. പഠനോപകരണ ശില്പശാല

കുട്ടികൾ പഠിക്കുന്നത് വൈവിധ്യമാർന്ന രീതിയിലൂടെയാണ്. എല്ലാ കുട്ടികളേയും പരിഗണിക്കുന്ന പഠനരീതിയിൽ പഠനോപകരണങ്ങളുടെ പ്രാധാന്യം വളരെ ഏറെയാണ്. ഓരോ യൂണിറ്റിലേക്കും ആവശ്യമായ പഠനോപകരണങ്ങൾ എന്തെല്ലാമെന്ന് കണ്ടെത്തുകയാണ് ഗണിത വിഷയ സമിതിയുടെ ആദ്യ ചുമതല. വിവിധ തലത്തിലുള്ള കുട്ടികളുടെ പഠനത്തിൽ സഹായിക്കുന്ന വൈവിധ്യമാർന്ന പഠനോപകരണങ്ങൾ കണ്ടെത്തണം. തുടർന്ന് അവ നിർമ്മിക്കുന്നതിനുള്ള സാമഗ്രികൾ പട്ടികപ്പെടുത്തുക. വിദഗ്ധരുടേയും അധ്യാപകരുടേയും പങ്കാളിത്തം ഉറപ്പാക്കുക. കുട്ടികളുടേയും രക്ഷിതാക്കളുടേയും പൂർവ്വ അധ്യാപകരുടേയും സഹായം ഇതിനായി ഉറപ്പാക്കണം. തയ്യാറാക്കുന്ന പഠനോപകരണങ്ങൾ ഫലപ്രദമായി ക്ലാസ് മുറിയിൽ വിനിമയം ചെയ്യാനുള്ള ആസൂത്രണം വിഷയ സമിതി നിർവ്വഹിക്കണം. ഗണിതത്തിൽ പ്രഗത്ഭരായ ഒരു തലമുറയെ ചേർത്തലയ്ക്ക് സമ്മാനി

ക്കാൻ ഈ പദ്ധതിക്ക് കഴിയണം.

6. ക്ലാസ് ലൈബ്രറി-ഗണിത പുസ്തകവായന

എല്ലാ ക്ലാസ്സിലും ക്ലാസ് ലൈബ്രറികൾ അനിവാര്യമാണ്. അതിൽ ഗണിത പുസ്തകങ്ങളുടെ ലഭ്യത ഉറപ്പാക്കുകയാണ് ഗണിത വിഷയ സമിതിയുടെ ദൌത്യം. ഈ പുസ്തകങ്ങൾ റഫർ ചെയ്തും വായിച്ചും ഗണിതത്തിന്റെ വിശാല ലോക ത്തെക്കുറിച്ച് കുട്ടികൾക്ക് ധാരണ രൂപപ്പെടണം. ഇതിനുള്ള ഭൗതിക സൌകര്യവും സ്കൂൾ തലത്തിൽ ഒരുക്കണം പുസ്തക ശേഖരണം, വിതരണം, വായന ചർച്ചകൾ എന്നിവ കുട്ടികളുടെ കൂടെ പങ്കാളിത്തത്തോടെ നടക്കണം.

7. ഐ.സി.ടി. പരിശീലനം

സംസ്ഥാനത്തെ എല്ലാ വിദ്യാലയങ്ങളും ഹൈടെക് ആവുകയാണ്. നമ്മുടെ വിദ്യാലയത്തിൽ ഐ.സി.ടി. അധിഷ്ഠിത പഠനം ഉറപ്പാക്കണമെങ്കിൽ എല്ലാ അധ്യാ പകർക്കും ആത്മവിശ്വാസത്തോടെ ഐ.സി.ടി. ക്ലാസ്സുകൾ വിനിമയം ചെയ്യാൻ കഴിയണം. ഇതിന് സഹായമാംവിധം രണ്ടു ഘട്ടങ്ങളിലായി നാലു ദിവസത്തെ ഐ.സി.ടി. പരിശീലനം ഐ.ടി.ൽ സ്കൂൾ മാസ്റ്റർ ട്രെയിനർമാരുടെ നേതൃത്വ ത്തിൽ നടക്കണം. ജിയോജിബ്രയെ അടിസ്ഥാനമാക്കിയുള്ള നിശ്ചിത പരിശീലന ങ്ങളിൽ മുഴുവൻ ഗണിതാധ്യാപകർക്കും പങ്കെടുക്കുവാനും ഓരോ യൂണിറ്റിലും ഉള്ള ഐ.സി.ടി. സാധ്യതകൾ കണ്ടെത്താനും അവയുടെ ഉപയോഗവും പരിശീ ലനത്തിന്റെ ഉള്ളടക്കവുമായിരിക്കും ഇ-ടീച്ചിംഗ് മാന്വൽ പോലുള്ള സങ്കേതങ്ങളും

പരിശീലനത്തിൽ ഉൾപ്പെടണം. അതോടെ പഠനോല്പന്നങ്ങളും പഠന സാമഗ്രി

കളും പുനരുപയോഗിക്കാനും മറ്റുള്ളവർക്ക് നൽകാനും ഏറെ സഹായകമാവും.

തയ്യാറാക്കുന്ന സാമ്രഗികളുടേയും പുനരുപയോഗിക്കാനും മറ്റുള്ളവർക്ക്

നൽകാനും ഏറെ സഹായകമാവും. തയ്യാറാക്കുന്ന സാമഗ്രഹികളുടേയും പ്രവർത്ത

നങ്ങളുടേയും ഡോക്യുമെന്ഡറേഷൻ കൃത്യമായി നിർവ്വഹിക്കണം.

8. സി.പി.ടി.എ.

എല്ലാ മാസവും കൃത്യമായി സി.പി.ടി.എ. വിളിച്ചു ചേർക്കണം. കുട്ടിയുടെ

പരതിമാസ പുരോഗതി രക്ഷിതാക്കളുമായി പങ്കുവെക്കണം. അടുത്ത മാസത്തെ

പഠനനേട്ടങ്ങൾ അവരെ പരിചയപ്പെടുത്തുകയും കുട്ടിയുടെ പഠനനിലയിൽ വന്ന

മാറ്റങ്ങൾ രക്ഷിതാക്കളെ അറിയിക്കുകയും വേണം. നിരന്തര വിലയിരുത്തൽ ഫല

ങ്ങൾ പ്രതിമാസം പ്രസിദ്ധീകരിക്കാൻ കഴിയണം.

9. മെട്രിക് മേള

ഗണിതാശയങ്ങൾ, കുട്ടികളുടെ ഗണിത ഉല്പന്നങ്ങൾ, അധ്യാപകർ തയ്യാ

റാക്കിയ പഠനോപകരണങ്ങൾ എന്നിവയുടെ പ്രദർശനവും ഗണിത കേളികൾ

ഉൾക്കൊള്ളുന്ന പ്രവർത്തനങ്ങളുടേയും ആഘോഷത്തിന്റെയും അവസരമാണി

ത്. മെട്രിക അളവുകൾ, തൂക്കങ്ങൾ, ദൂരം എന്നിവ സംബന്ധിച്ച ധാരണ ലഭിക്കാൻ

മെട്രിക് മേള സഹായിക്കും. അതോടൊപ്പം ഗണിത ശില്പശാലകൾ, സെമിനാറുകൾ,

വിദഗ്ധരുടെ ക്ലാസ്സുകൾ എന്നിവ ഉണ്ടാകും. വർഷാവസാനത്തിൽ ഒരുജനകീയ

പരിപാടിയായാണ് ഇത് നടത്തേണ്ടത്.

4. പ്രവർത്തന പദ്ധതി വിശകലനം

മേഖല : അക്കാദമികം

പ്രശ്നം : 8,9,10 ക്ലാസ്സുകളിലെ എല്ലാകുട്ടികൾക്കും പാഠ്യപദ്ധതി നിർദ്ദേശിച്ച ആശയങ്ങളും ശേഷികളും നേടാൻ കഴിയുന്നില്ല

പ്രവർത്തനം 1.1 പ്രീ ടെസ്റ്റ്

ലക്ഷ്യം : 8,9,10 ക്ലാസിലെ കുട്ടികൾക്ക് ഗണിതത്തിലെ അടിസ്ഥാന ശേഷികളുടെ നിലവിലുള്ള അവസ്ഥ തിരിച്ചറിയുന്നതിന്.

| ഉപപ്രവർത്തനം | ചുമതല | കാലം | സാമ്പത്തികം | ഏജൻസി |
|---|---|---|---|---|
| 1. ഒന്നാം ക്ലാസുമുതൽ ഏഴാം ക്ലാസുവരെ കുട്ടികൾ നേടേണ്ടുന്ന അടിസ്ഥാന ആശയങ്ങൾ പട്ടികപ്പെടുത്തുക. | വിഷയസമിതി | ജൂൺ-1 | | |
| 2.ചോദ്യാവലി ഉണ്ടാക്കുക | വിഷയസമിതി | ജൂൺ-6 | | |
| 3. ചോദ്യാവലി പരിശോധിച്ച് ഉറപ്പിച്ചതിന്ന ശേഷം ആവശ്യമുള്ള എണ്ണം അടിക്കുക | വിഷയസമിതി | ജൂൺ-7 | 2000 | പി.ടി.എ |
| 4. പ്രീടെസ്റ്റ് നടത്തുക | വിഷയസമിതി | ജൂൺ-8 | | |
| 5. മൂല്യനിർണ്ണയം നടത്തുക | വിഷയസമിതി | ജൂൺ-9 | | |
| 6. ഫലം ക്രോഡീകരിക്കുക റിപ്പോർട്ട് തയ്യാറാക്കുക | വിഷയസമിതി | ജൂൺ-13 | | |
| 7. ഫലം അവലോകനം ചെയ്യുക | വിഷയസമിതി | ജൂൺ-14 | | |
| 8. ഫലം പ്രസിദ്ധപ്പെടുത്തുക | വിഷയസമിതി | ജൂൺ-16 | 3000 | പി.ടി.എ |
| 9. എസ്.ആർ.ജി. ക്ലാസ് പി.ടി.എ. എന്നീ വേദികളിൽ അവതരിപ്പിക്കുക | വിഷയസമിതി | ജൂൺ-17 | | |

പ്രശ്നം : 8,9,10 ക്ലാസ്സുകളിലെ എല്ലാകുട്ടികൾക്കും പാഠ്യപദ്ധതി നിർദ്ദേശിച്ച ആശയങ്ങളും ശേഷികളും നേടാൻ കഴിയുന്നില്ല

പ്രവർത്തനം 1. 2 : പരിഹാരബോധനം

ലക്ഷ്യം : കുട്ടികൾക്ക് താഴ്ന്ന ക്ലാസിലെ അടിസ്ഥാന ആശയങ്ങളിൽ ധാരണ ഉണ്ടാക്കുന്ന തിന്

| ഉപ്രപവർത്തനം | ചുമതല | കാലം | സാമ്പത്തികം | ഏജൻസി |
|---|---|---|---|---|
| 1. ഒന്നാം ക്ലാസുമുതൽ ഏഴാം ക്ലാസുവരെ യുള്ളഅടിസ്ഥാന ആശയങ്ങൾ പട്ടികപ്പെടുത്തുക. | വിഷയസമിതി | മെയ് അവസാനത്തെ ആഴ്ച | | |
| 2. പ്രവർത്തനങ്ങൾ കൃത്യമായി ആസൂത്രണം ചെയ്യുക | വിഷയസമിതി | മെയ് അവസാനത്തെ ആഴ്ച | | |
| 3. പ്രവർത്തനങ്ങൾ വിനിമയം ചെയ്യുക | വിഷയസമിതി ചുമതലപ്പെടു ത്തുന്ന വ്യക്തി | ജൂൺ , 7 മുതൽ ജൂലായ് 15 വരെ (ശനി, ഞായർ ഉൾപ്പെടെയുള്ള ദിവസങ്ങളിൽ | | |
| 4, മൂല്യനിർണ്ണയം നടത്തുക | വിഷയസമിതി | ജൂലായ് 25 | 1000 | പി.ടി.ഐ |
| 5. ഫലം ക്രോഡീകരിക്കുക | വിഷയസമിതി | ജൂലായ് 26 | | |
| 6. ഫലം അവലോകനം ചെയ്യുക | വിഷയസമിതി | ജൂലായ് 27 | | |
| 7.ഫലം പ്രസിദ്ധപ്പെടുത്തുക | വിഷയസമിതി | ജൂലായ് 29 | | |
| 8. എസ്.ആർ.ജി. ക്ലാസ് പി.ടി.എ. എന്നീ വേദികളിൽ അവതരിപ്പിക്കുക | വിഷയസമിതി | ജൂലായ് 30 | | |

പ്രശനം : 1-10 ക്ലാസ്സുകളിലെ എല്ലാകുട്ടികൾക്കും പാഠ്യപദ്ധതി നിർദ്ദേശിച്ച ആശയങ്ങളും ശേഷികളും നേടാൻ കഴിയുന്നില്ല

പ്രവർത്തനം 1.3 : പാഠാസൂത്രണം

ലക്ഷ്യം : വൈവിധ്യമാർന്ന പ്രവർത്തനങ്ങളിലൂടെ എല്ലാകുട്ടികളുടെയും പങ്കാളിത്തം ഉറപ്പു വരുത്തിയുള്ള ആശയവിനിമയം

| ഉപപ്രവർത്തനം | ചുമതല | കാലം | സമ്പത്തികം | എജൻസി |
|---|---|---|---|---|
| ഓരോ പാഠഭാഗത്തിലേയും ആശയങ്ങൾ പട്ടികപ്പെടുത്തുക | വിഷയസമിതി | ആ പാഠഭാഗങ്ങൾ പഠിപ്പിക്കാൻ ഉദ്ദേശിക്കുന്ന മാസ ത്തിനു തൊട്ടുമുൻപുള്ള മാസം | | |
| ഐ.സി.ടി. സാധ്യതകൾ പട്ടി കപ്പെടുത്തുക | വിഷയസമിതി | ആ പാഠഭാഗങ്ങൾ പഠിപ്പിക്കാൻ ഉദ്ദേശിക്കുന്ന മാസ ത്തിനു തൊട്ടുമുൻപുള്ള മാസം | | |
| പ്രവർത്തനങ്ങൾ കൃത്യമായി ആസൂത്രണം ചെയ്യുക. ഡിറ്റിപി ചെയ്ത് ആവശ്യമുള്ള എണ്ണം കോപ്പി എടുക്കുക പഠ നോപകരണങ്ങൾ ഉണ്ടാക്കുക | വിഷയസമിതി | ആ പാഠഭാഗങ്ങൾ പഠിപ്പിക്കാൻ ഉദ്ദേശിക്കുന്ന മാസ ത്തിനു തൊട്ടുമുൻപുള്ള മാസം | 2000 | പി.ടി.എ |
| പ്രവർത്തനങ്ങൾ വിനിമയം ചെയ്യുക | വിഷയസമിതി | ആ പാഠഭാഗങ്ങൾ പഠിപ്പിക്കാൻ ഉദ്ദേശിക്കുന്ന മാസ ത്തിനു തൊട്ടുമുൻപുള്ള മാസം | | |

പ്രശ്നം : 1-10 ക്ലാസ്സുകളിലെ എല്ലാകുട്ടികൾക്കും പാഠ്യപദ്ധതി നിർദ്ദേശിച്ച ആശയങ്ങളും ശേഷികളും നേടാൻ കഴിയുന്നില്ല

പ്രവർത്തനം 1. 4: ഗണിതക്ലബ്

ലക്ഷ്യം : കുട്ടികൾക്ക് ഗണിതപഠനത്തിൽ താൽപര്യമുണ്ടാക്കുക. ഗവേഷണാത്മക പ്രവർത്തനങ്ങളിൽ ആഭിമുഖ്യമുണ്ടാക്കുക.

| ഉപപ്രവർത്തനം | ചുമതല | കാലം | സമ്പത്തികം | എജൻസി |
|---|---|---|---|---|
| 1. ക്ലബ്ബ് ഗ്രവർത്തിനായുള്ള വാർഷിക കലണ്ടർ തയ്യാറാക്കുക | വിഷയസമിതി | മെയ് രണ്ടാം വാരം | 1000 | പി റ്റി എ |
| 2. ആശയങ്ങളുമായി ബന്ധപ്പെടുത്തുന്ന പ്രവർത്തനങ്ങൾ കണ്ടെത്തുക, പട്ടികപ്പെടുത്തുക | വിഷയസമിതി | മെയ് രണ്ടാം വാരം | | |
| 3. ചെയ്യേണ്ട സമയം കണ്ടെത്തുക പ്രവർത്തനങ്ങൾ വിനിമയം ചെയ്യുക | വിഷയസമിതി | മെയ് രണ്ടാം വാരം | | |
| 4. വിദഗ്ധരെ കണ്ടെത്തുക | വിഷയസമിതി | മെയ് രണ്ടാം വാരം | | |
| 5. ക്ലാസ്സുകൾ സംഘടിപ്പിക്കുക | വിഷയസമിതി | ഓരോ മാസവും വാർഷിക കലണ്ടർ അനുസരിച്ച് പ്രവർത്തനങ്ങൾ അസൂത്രണം ചെയ്യുക. | 2500 | പി റ്റി എ |

പ്രശ്നം : 1-10 ക്ലാസ്സുകളിലെ എല്ലാകുട്ടികൾക്കും പാഠ്യപദ്ധതി നിർദ്ദേശിച്ച ആശയങ്ങളും ശേഷികളും നേടാൻ കഴിയുന്നില്ല

പ്രവർത്തനം 1.5 : പഠനോപകരണ ശില്പശാല

ലക്ഷ്യം : പഠിക്കുന്ന ആശയങ്ങൾ ജീവിതവുമായി ബന്ധപ്പെടുത്തി എന്തിനാണെന്ന് കുട്ടിയെബോധ്യപ്പെടുത്തി ഗണിതപഠനത്തിലെ വിരസത ഒഴിവാക്കി കുട്ടികളിൽ താൽ പര്യം ഉണ്ടാക്കുക

| ഉപപ്രവർത്തനം | ചുമതല | കാലം | സമ്പത്തികം | ഏജൻസി |
|---|---|---|---|---|
| 1. ഓരോ പാഠഭാഗത്തിലേയും ആശയങ്ങളുമായി ബന്ധപ്പെട്ട പഠനോപകരണങ്ങൾ പട്ടികപ്പെടുത്തുക | വിഷയസമിതി | മെയ് രണ്ടാം വാരം | | |
| 2. സമയം കണ്ടെത്തുക | ക്ലബ്ബ് കൺവീനർ | ഓരോ സവ്വം വാർഷിക കലണ്ടറിലെ തിയ്യതി അനുസരിച്ച് | | |
| 3. വിദഗ്ധരെ കണ്ടെത്തുക | വിഷയസമിതി | മെയ് രണ്ടാം വാരം | | |
| 4. പഠനോപകരണങ്ങൾ നിർമ്മിക്കുക | ക്ലബ്ബ് കൺവീനർ | ഓരോ സവ്വം വാർഷിക കലണ്ടറിലെ തിയ്യതി അനുസരിച്ച് | 3000 | പി റ്റി എ |
| 5. ഗണിതമേളക്ക് തയ്യാറാക്കൽ | വിഷയസമിതി | ഓരോ സവ്വം വാർഷിക കലണ്ടറിലെ തിയ്യതി അനുസരിച്ച് | 3000 | പി റ്റി എ |

പ്രശ്നം : 1-10 ക്ലാസ്സുകളിലെ എല്ലാകുട്ടികൾക്കും പാഠ്യപദ്ധതി നിർദ്ദേശിച്ച ആശയങ്ങളും ശേഷികളും നേടാൻ കഴിയുന്നില്ല

പ്രവർത്തനം 1. 6 : എല്ലാ ക്ലാസുകളിലേയും ക്ലാസ് ലൈബ്രറിയിൽ ഗണിതവുമായി ബന്ധപ്പെട്ട പുസ്തകങ്ങളുടെ ശേഖരണം, പഠനോപകരണങ്ങൾ ശേഖരണം

ലക്ഷ്യം : കുട്ടികൾക്ക് ഗണിതപഠനത്തിൽ താൽപര്യമുണ്ടാക്കുക. സ്വയംപഠനം, സംഘപഠനം എന്നിവ പ്രോൽസാഹിപ്പിക്കുക.

| ഉപപ്രവർത്തനം | ചുമതല | കാലം | സമ്പത്തികം | എജൻസി |
|---|---|---|---|---|
| 1. പുസ്തകങ്ങളുടെ പട്ടിക തയ്യാറാക്കുക | വിഷയസമിതി | ജൂൺ മൂന്നാം വാരം | | |
| 2. ക്ലാസിൽ ഉണ്ടാകേണ്ട പഠനോപകരണങ്ങളുടെ പട്ടിക തയ്യാറാക്കുക | വിഷയസമിതി | വാർഷിക കലണ്ടർ പദ്ധതികൾ അനുസരിച്ച് | | |
| 3. പഠനോപകരണങ്ങൾ സംഘടിപ്പിക്കുക | വിഷയസമിതി | വാർഷിക കലണ്ടർ പദ്ധതികൾ അനുസരിച്ച് | | |
| 4. ഗണിത ക്ലബ്ബിലെ അംഗങ്ങളെ ഉൾപ്പെടുത്തി പുസ്തകങ്ങൾ സമാഹരിക്കുക | വിഷയസമിതി | വാർഷിക കലണ്ടർ പദ്ധതികൾ അനുസരിച്ച് | 1000 | പി റ്റി എ |

ഗണിതം

| മാസം/തീയതി | ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ |
| --- | --- | --- |
| ജൂൺ മാസം | ഗണിതത്തിൽ പിന്നോക്കം ഉള്ള കുട്ടി കളെ കണ്ടെത്തൽ 1-100 വരെ അക്കങ്ങളിലും അക്ഷരങ്ങളിലും എഴുതുവാൻ കഴിയുന്നു.സംഖ്യകളെ എണ്ണി തിട്ടപ്പെടുത്തൽ 100 മുതൽ 1000 വരെയുള്ള സംഖ്യകൾ എണ്ണുന്നു എഴുതുന്നു. ഒരക്കത്തെ ഒരക്കം കൊണ്ട് സങ്കലനം, വ്യവകലനം എന്നിവയിൽ പ്രവീണ്യം നേടുന്നു | പ്രീ-ടെസ്റ്റ് സാഖ്യാ ചാർട്ട്, സംഖ്യാറിബൺ, മുത്ത്, ഈർക്കിലി കമ്പ് കെട്ടുകൾ, ഗണിതകേളികൾ ഗണിതമൂല അബാക്കസ് നിർമ്മാണം ശ്രുമമായി എഴുതുന്നു, സംഖ്യാ ബോധം മനസ്സിലാക്കുക ഗണിതകിറ്റ് ഒരുക്കൽ |
| ജൂലൈ മാസം | സംഖ്യകളെ സ്ഥാനവിലയനുസരിച്ച് വേർതിരിച്ച് എഴുതുവാനും പറയു വാനും കഴിയുന്നു. | കച്ചവടകളി, ചതുഷ്ക്രിയകൾ ഫീൽഡ് വിസിറ്റ് (ബാങ്ക്, പോസ്റ്റ്ഓഫീസ്) നോട്ട് നിർമ്മാണം ക്രിയകൾ സംഖ്യാപോക്കറ്റ്, വിവിധതരം കളികൾ |
| ഓഗസ്റ്റ് മാസം | നിശ്ചിത കൂട്ടങ്ങളാക്കുന്നു. അക്കങ്ങളെ വ്യാഖ്യാനിക്കുന്നു. വലുത്,ചെറുത് കണ്ടെത്താൻ കഴിയുന്നു. ക്ലോക്ക്, വാച്ച് എന്നിവ നോക്കി സമയംനിശ്ചയിക്കാനുള്ള കഴിവ് ആർജിക്കുന്നു. | ഗണിതകളികളും സാഖ്യാപാട്ട്, പാറ്റേൺ നിർമ്മാണം. സംഖ്യാപടികൾ നിർമ്മിക്കുന്നു. ക്ലോക്ക് നിർമ്മാണം, വർഗ്ഗീകരിക്കൽ നിർമ്മാണക്രിയ (ഓല) പതിപ്പ്, നിർമ്മാണം, ചാർട്ട് നിർമ്മാണം, ചുവർപ്രതിക |
| സെപ്തംബർ മാസം | ഗണിതോത്സവം (ഹൈസ്കൂൾ തലം) SRG മീറ്റിംഗ് ഒന്നാം പാദവാർഷികപരീക്ഷ സ്കൂൾതല ഗണിത ശാസ്ത്രമേള നടപ്പാക്കൽ പ്രായോഗിക പ്രശ്നങ്ങൾ | മൂല്യനിർണ്ണയ രേഖതയ്യാറാക്കൽ ചാർട്ട് അബാക്കസ് നിർമ്മാണം, ക്ലോക്ക് നിർമ്മാണ ഗണിതകേളികൾ ഗ്രഹസന്ദർശനം, അധ്യാപിക കുട്ടികളുമായി |

| | | |
|---|---|---|
| ഒക്ടോബർ മാസം | പരിഹരിക്കുന്നതിന് കഴിവ് ആർജിക്കുന്നു.<br><br>SRG മീറ്റിംഗ്<br><br>ക്ലാസ് പി.ടി.എ. യോഗം വിളിക്കൽ<br>ഗുണനം, ഹരണം എന്നീ പ്രായോഗിക പ്രശ്നങ്ങൾ പങ്കുവെയ്ക്കൽ<br><br>ഉപജില്ല ഗണിതശാസ്ത്രമേള സംഘടിപ്പിക്കൽ | അനുഭവങ്ങൾ പങ്കുവെയ്ക്കുന്നു.<br>ക്രിയകൾ,പ്രശ്നപരിഹാര മാർഗ്ഗങ്ങൾ, നിർദ്ദേശിക്കൽ കണ്ടെത്തൽ തീരുമാനമെടുക്കൽ (തെരഞ്ഞെടുപ്പ്)<br>ഗണിതോപ്പന്നങ്ങൾ പ്രദർശിപ്പിക്കൽ ക്രിയകൾ വ്യക്തതയോടും കൃത്യമായും രേഖപ്പെടുത്തുന്നു.<br><br>ചാർട്ട് പ്രദർശനം-നിർമ്മാണം<br>സംഖ്യാശ്രേണി നിർമ്മാണം<br>അളവു പാത്രങ്ങളുടെ പ്രദർശനം |

| മാസം/തീയതി | ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ |
|---|---|---|
| നവംബർ മാസം<br><br>ഡിസംബർ മാസം | പാറ്റേൺ രൂപീകരണം<br><br>SRG മീറ്റിംഗ്<br><br>രൂപങ്ങളെപ്പറ്റിയുള്ള അറിവ് ആർജിക്കുക<br><br>രണ്ടക്കത്തെ ഒരക്കം കൊണ്ടും, രണ്ടക്കത്തെ രണ്ടക്കം കൊണ്ടുള്ള സങ്കലനം,വ്യവകലനം എന്നിവയിൽ കുട്ടികളിലെ കഴിവ് മനസ്സിലാക്കുന്നു.<br><br>**തനത് പ്രവർത്തനം**<br>ഒറിഗാമി പ്രവർത്തനം നടപ്പാക്കൽ | രൂപങ്ങൾ നിർമ്മാണം<br><br>ചാർട്ട് നിർമ്മാണം, പാവ നിർമ്മാണം ക്രിയകൾ ചെയ്യുന്നു<br><br>പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കുന്നു<br><br>**ഗണിതപതിപ്പ് നിർമ്മാണം**<br>മൂല്യനിർണയം രേഖപ്പെടുത്തൽ<br>സ്കെയിൽ നിർമ്മാണം<br>അളക്കൽ |

| | | |
|---|---|---|
| ജനുവരി മാസം<br><br>ഫ്രെബുവരി<br>മാസം<br><br>മാർച്ച് മാസം | Mid Term പരീക്ഷ<br><br>നീളത്തിന്റെ യൂണിറ്റുകൾ തമ്മിലുള്ളപരസ്പര ബന്ധം വിശദീകരിക്കാൻ കഴിയുന്നു.<br><br>രണ്ടാം പാദവാർഷിക പരീക്ഷ<br><br>SRG മീറ്റിംഗ്<br><br>ക്ലാസ് പി.ടി.എ. യോഗം<br>ഉള്ളളവിന്റെ യൂണിറ്റുകൾ തമ്മിലുള്ള പരസ്പര ബന്ധം മനസ്സിലാക്കുന്നു.<br>വിവിധരൂപങ്ങളെ ഭാഗിച്ചതിൽ നിന്ന് 1/2,2/3 3/4  എന്നിവ കണ്ടെത്തു<br><br>SRG മീറ്റിംഗ്<br><br>പതിനായിരത്തെ വ്യത്യസ്ത രീതിയിൽ വ്യാഖ്യാനിക്കാൻ കഴിവ് നേടുന്നു.<br>ഹരണക്രിയയെ വ്യത്യസ്ത രീതികളിൽ വിശദീകരിക്കുന്നു.<br>ഭാരത്തിന്റെ യൂണിറ്റുകൾ തമ്മിലുള്ള പരസ്പരബന്ധം വിശദമാക്കുന്നു.<br><br>വാർഷിക മൂല്യനിർണയം | ക്രിയകൾ (ചതുഷ്ക്രിയ)<br>മൂല്യനിർണയം<br>രേഖപ്പെടുത്തൽ<br>മൂല്യനിർണയം<br>വിലയിരുത്തൽ<br>ഊഹിക്കൽ<br><br>ക്രിയകൾ ചെയ്യുന്നു<br>പ്രശ്നപരിഹാരമാർഗ്ഗം നിർദ്ദേശിക്കുന്നു<br><br>പ്രവർത്തനങ്ങളിൽ ഏർപ്പെടൽ റിബ്ബൺ കട്ടിംഗ്, നിറം നൽകൾ<br>ക്രിയകൾ ചെയ്യൽ<br><br>ക്രിയകൾ<br><br>ചതുഷ്ക്രിയകൾ തയ്യാറാക്കൽ<br>അളവുപാത്രത്തിന്റെ യൂണിറ്റ് തയ്യാറാക്കുന്നു<br><br>മൂല്യനിർണയം |

പദ്ധതി 1.7 അധ്യാപകർക്ക് ഐ.സി.ടി. പരിശീലനം

ലക്ഷ്യം :- ഹൈടെക് ക്ലാസുമുറികളിൽ ആശയവിനിമയം നടത്തുന്നതിന് അധ്യാപകരെ പ്രാപ്തരാക്കുക.

| ഉപപ്രവർത്തനം | ചുമതല | കാലം | സമ്പത്തികം | എജൻസി |
|---|---|---|---|---|
| 1. ഓരോ പാഠഭാഗത്തിലേയും ആശയങ്ങളുമായി പട്ടികപ്പെടുത്തുക | വിഷയസമിതി | വാർഷിക കലണ്ടർ അനുസരിച്ച് | | |
| 2. സമയംകണ്ടെത്തുക | വിഷയസമിതി | വാർഷിക കലണ്ടർ അനുസരിച്ച് | | |
| 3. വിദഗ്ധരെ കണ്ടെത്തുക | വിഷയസമിതി | മെയ് രണ്ടാം വാരം | | |
| 4. പരിശീലനം നടത്തുക | വിഷയസമിതി | ഓരോ മാസവും വാർഷിക കലണ്ടറിലെ തിയ്യതി അനുസരിച്ച് | 10000 | പി റ്റി എ |

പദ്ധതി 1.8 ക്ലാസ് പി. ടി. എ. യോഗങ്ങൾ വിളിച്ച് ചേർക്കുക

ലക്ഷ്യം :- കുട്ടികളുടെ പഠനനേട്ടവും പഠനനിലയും രക്ഷിതാക്കളുമായി അതത് സമയങ്ങളിൽ പങ്കുവെക്കുന്നതിന്.

| ഉപപ്രവർത്തനം | ചുമതല | കാലം | സമ്പത്തികം | എജൻസി |
|---|---|---|---|---|
| 1. ഓരോ മാസവും രക്ഷിതാക്കളെ വിളിക്കുന്നതിനുള്ള സമയം നിശ്ചയിക്കുക | വിഷയസമിതി | വാർഷിക കലണ്ടർ അനുസരിച്ച് | | |
| 2. രക്ഷിതാക്കളെ ഒരു ആഴ്ച മുൻപ് തന്നെ വിവരം അറിയിക്കുക | എസ്. ആർ. ജി./ ക്ലാസ് അധ്യാപകർ | വാർഷിക കലണ്ടർ അനുസരിച്ച് | | |
| 3. അജണ്ട ഉൾപ്പെടെയുള്ള നോട്ടീസ് തയ്യാറാക്കി വിവരം അറിയിക്കുക | എസ്. ആർ. ജി./ ക്ലാസ് അധ്യാപകർ | മെയ് രണ്ടാം വാരം | | |
| 4. യോഗം നടത്തുക | ക്ലാസ് അധ്യാപകർ/കണക്ക് അധ്യാപകർ | ഓരോ മാസവും വാർഷിക കലണ്ടറിലെ തിയ്യതി അനുസരിച്ച് | 10000 | പി റ്റി എ |

## ശാസ്ത്രം

ആമുഖം

ശാസ്ത്രം മനുഷ്യൻ ഇന്നുവരെ നേടിയ അനുഭവങ്ങളുടെ ആകെത്തുകയാണ്. കാഴ്ച, കേൾവി, രുചി, സ്പർശം, ഗന്ധം എന്നിവയിലൂടെയാണ് ചുറ്റുപാടുകൾ നമുക്ക് അനുഭവവേദ്യമാകുന്നത്. അതിനാൽ പരീക്ഷണ നിരീക്ഷണങ്ങളിലൂടെ ശാസ്ത്രീയകൗതുകം കുട്ടികളിൽ ഉയർത്തുകയും, ശാസ്ത്രീയ വിജ്ഞാനം ഉൽപാദിപ്പിക്കുകയും ചെയ്യുന്ന രീതിയിലായിരിക്കണം പഠനപ്രകിയനടക്കേണ്ടത്. ഈ രീതി സ്വായത്തമാക്കിയാൽ സമൂഹത്തിൽ അന്ധവിശ്വാസങ്ങളുംഅബദ്ധ ധാരണകളും നിലനിൽക്കില്ല. ഓരോന്നിനും പിന്നിലുള്ള ശാസ്ത്രീയത കുട്ടികളിൽ ഊട്ടിയുറപ്പിച്ചാൽ സമൂഹം

ച്ചൂഷണത്തിനും തട്ടിപ്പുകൾക്കും വിധേയമാവുകയില്ല. അതിനാൽ ശാസ്ത്രപഠനത്തിൽ ഇന്ന് നേരിടുന്ന പ്രശ്നങ്ങൾകണ്ടെത്തി അവയെ പരിഹരിക്കാനുള്ള ശ്രമമാണ് നടത്തുന്നത്.

**1. ശാസ്ത്രപഠനം – പ്രശ്നങ്ങൾ**

അക്കാദമികം

1. പാഠ്യപദ്ധതി അനുസരിച്ച് ഓരോ യൂണിറ്റിലും നിർദ്ദേശിക്കുന്ന ആശയങ്ങളും ശേഷികളും കുട്ടികൾക്ക് നേടാൻ കഴിയുന്നില്ല.

2. കുട്ടികൾക്ക് പരീക്ഷണനിരീക്ഷണങ്ങളിൽ ഏർപ്പെട്ട് സ്വയം നിഗമനരൂപീകരണം നടത്താൻ കഴിയുന്നില്ല.

3. പഠന  പ്രവർത്തനങ്ങളുടെ ബാഹുല്യം, പഠനസമയത്തിന്റെ കുറവ്, ഐ.സി.ടി. അധിഷ്ഠിതവും പ്രരകരിയാബന്ധിതവുമായ ആസുധ്രണത്തിലെ പരിമിതി എന്നിവ എല്ലാ കുട്ടികളുടേയും പഠനനേട്ടം ഉറപ്പുവരുത്തുവാൻ തടസ്സമാവുന്നു.

4. ശാസ്ത്രാഭിരുചിയും ശാസ്ത്രതമനോഭാവവും എല്ലാ കുട്ടികളിലും എത്തിക്കുന്നതിന് പരിമിതിയുണ്ട്. ശാസ്ത്രപഠനം തുടർച്ചയായ പ്രക്രിയയാണ്. അതിനാൽ മുന്നറിവിന് വളരെയധികം പ്രാധാന്യമുണ്ട്.

5. പാഠ്യവിഷയങ്ങളിലെ ആശയങ്ങൾ പ്രകൃതിയുമായി ബന്ധപ്പെടുത്തി കണ്ടെത്താൻ ഉതകുന്ന പ്രവർത്തനങ്ങൾ നൽകാൻ കഴിയുന്നില്ല.

**ഭൗതികം**

ശാസത്രപഠനത്തിനുതകുന്ന ക്ലാസ്സ്റൂം ലൈബ്രറിയുടെ അഭാവം. ക്ലാസ്സ്മുറികൾ ഐ.സി.ടി. അധിഷ്ഠിത പഠനത്തിന് യോജിച്ചതല്ല.

**സാമൂഹികം**

ശാസ്ത്ര പ്രാഗത്ഭ്യതയുള്ള പ്രാദേശികരേയും പൂർവ്വാധ്യാപകരേയും ഫലപ്രദമായി ഉപയോഗിക്കാൻ കഴിയുന്നില്ല.ശാസത്രപഠനത്തിന്റെ പ്രാദേശിക സാദ്ധ്യതകൾ കണ്ടെത്താൻ കഴിഞ്ഞിട്ടില്ല.മനുഷ്യൻ ഇന്നുവരെ നേടിയ അനുഭവങ്ങളുടെ ആകെത്തുകയാണ് ശാസ്ത്രം എന്നുപറയാം. ഒരു വ്യക്തിക്കുണ്ടാകുന്ന അനുഭവങ്ങൾ അതേ സാഹചര്യത്തിൽ മറ്റുവ്യക്തികൾ ക്കും ഉണ്ടാകുന്നുവെങ്കിൽ അവ ശാസ്ത്രത്തിന്റെ പരിധിയിൽ വരുന്നു. ഇത്തരം അനുഭവങ്ങളെ മുൻ അനുഭവങ്ങളുടെ വെളിച്ചത്തിൽ വ്യാഖ്യാനിക്കുന്നു. കാഴ്ച, കേൾവി, രുചി, സ്പർശം, ഗന്ധം എന്നിവയിലൂടെയാണ് ചുറ്റുപാടുകൾ നമുക്ക് അനുഭവവേദ്യമാവുന്നത്. മുന്നറിവുകളുടെ അടിസ്ഥാനത്തിൽ ശരിയായി നടത്തുന്ന വിശകലനം പുതിയ അറിവിന്റെ നിർമ്മിതിയിലേയ്ക്ക് നമ്മെനയിക്കും. യുക്തമായ ചോദ്യങ്ങൾ ചോദിക്കുകയും പ്രസക്തമായ വിവരങ്ങൾ

ശേഖരിക്കുകയും, സമഗ്രമായ വിശകലനം നടത്തുകയും ചെയ്യുന്നതിലൂടെ കാര്യ കാരണവിചാരം ഫല പ്രാപ്തിയിലെത്തുന്നു. ഇതാണ് ശാസ്ത്ര പഠനരീതി. ഈരീതി സ്വായത്തമാക്കിയ സമൂഹത്തിൽ അന്ധവിശ്വാസങ്ങളും അബദ്ധ ധാരണകളും നിലനിൽക്കില്ല. ആ സമൂഹം ചൂഷണത്തിനും തട്ടിപ്പുകൾക്കും വിധേയമാവുകയില്ല. അതിനാൽ ശാസത്രം ശക്തമായ ഒരു രക്ഷാകവചംകൂടിയാണ്. ജീവിതത്തിന്റെ സമസ്തമേഖലകളിലും പ്രയോഗിക്കപ്പെടേണ്ട ഒന്നാണ് ശാസ്ത്രത്തിന്റെ രീതി. അതുകൊണ്ടുതന്നെ ഊർജ്ജത്തെക്കുറിച്ചും പദാർത്ഥങ്ങളെക്കുറിച്ചും ജീവികളെക്കുറിച്ചുമൊക്കെയുള്ള വിവരശേഖരണം മാത്രമായി ശാസ്ത്രപഠനം ഒതുങ്ങരുത്. അതിനുമപ്പുറം ശാസ്ത്രപഠനത്തിന് വിശാലമായ ലക്ഷ്യങ്ങൾ ഉണ്ട്.

**ശാസ്ത്ര പഠന ലക്ഷ്യങ്ങൾ**

കൌതുകം, ജിജ്ഞാസ, നിരീക്ഷണപാടവം എന്നിവ പരിപോഷിപ്പിക്കുക.

ചുറ്റുപാടുകളെ ശാസ്ത്രീയമായി വ്യാഖ്യാനിക്കാൻ കഴിയുക. മെച്ചപ്പെടുത്തലിനുവേണ്ടി പരിശ്രമിക്കുക.ശാസ്ത്രത്തിന്റെ രീതി സ്വായത്തമാക്കുകയും, പ്രയോഗിക്കുകയും ചെയ്യുക.

നിരന്തരമായ അന്വേഷണം നടത്തുകയും, ലഭിച്ച വിവരങ്ങൾ വിശകലനം ചെയ്ത് നിഗമനത്തിൽ എത്തിച്ചേരുകയും ചെയ്യുക.പ്രകൃതി പ്രതിഭാസങ്ങളെ വിശകലനം ചെയ്യുക.

അന്ധവിശ്വാസങ്ങളേയും അനാചാരങ്ങളേയും ഇല്ലാതാക്കുക.

ശാസത്രത്തിന്റെ ദുരുപയോഗം തടയുക.

ശാസത്രിയമായ വീക്ഷണം രൂപപ്പെടുത്തുക.

പരിസ്ഥിതി സ്നേഹ മനോഭാവം വളർത്തുക.

പ്രകൃതിയിലുള്ള മനുഷ്യന്റെ ഇടപെടലുകൾ വിവേകപൂർവ്വമാക്കുക.

പ്രകൃതിയിലെ പരസ്പരാശ്രയത്വം തിരിച്ചറിയുക.

സ്വായത്തമാക്കിയ അറിവ് ജീവജാലങ്ങളുടെ നന്മയ്ക്കായി വിനിയോഗിക്കുക.

ദൈനംദിന ജീവിതവുമായി പഠനത്തെ ബന്ധപ്പെടുത്തുക.

വ്യക്തിശുചിത്വവും സാമൂഹികശുചിത്വവും പാലിച്ചുകൊണ്ട് ശാരീരിക-മാനസിക-സാമൂഹിക ആരോഗ്യം കൈവരിക്കാൻ സഹായിക്കുക.

മാനവികതയിൽ ഊന്നിയുള്ള ശാസ്ത്രാവബോധം വളർത്തുക.

ശാസ്ത്രത്തിന്റെ നേട്ടങ്ങളിൽ അഭിമാനിക്കുക.

ശാസ്ത്രനേട്ടങ്ങൾ സാമൂഹികനന്മയ്ക്കായി പ്രയോജനപ്പെടുത്തുക.

ശാസ്ത്രത്തിനുവേണ്ടി ജീവിതം സമർപ്പിച്ചവരോട് ആദരവ് പുലർത്തുക.

**ശാസ്ത്രവിദ്യാഭ്യാസം - സമീപനം**

മുൻപറഞ്ഞ ലക്ഷ്യങ്ങൾ നേടണമെങ്കിൽ ശാസ്ത്രവിദ്യാഭ്യാസത്തിൽ നാം സ്വീകരിച്ചുവരുന്ന സമീപനം മാറിയേ തീരൂ. പ്രപഞ്ചത്തെക്കുറിച്ച് കാലാകാലങ്ങളായി സ്വരൂപിക്കപ്പെട്ട വിജ്ഞാനം പകർന്നുകൊടുക്കലാണ് ശാസ്ത്രവിദ്യാഭ്യാസംഎന്ന പരമ്പരാഗത കാഴ്ചപ്പാട് ഏതാണ്ട് നാല്പത് കൊല്ലങ്ങൾക്കുമുൻപുതന്നെ മാറിക്കഴിഞ്ഞു. അതിനുശേഷമാണ് ഉള്ളടക്കംപോലെതന്നെ പ്രധാനമാണ് ശാസ്ത്രത്തിന്റെ പ്രരകിയയും എന്ന കാഴ്ചപ്പാട് ശാസ്ത്രതവിദ്യാഭ്യാസത്തിലേയ്ക്ക് കടന്നു വന്നത്. ഇതനുസരിച്ച് ശാസ്ത്രവിദ്യാഭ്യാസം ഊന്നൽനൽകേണ്ട അഞ്ച് മേഖലകൾ ഉണ്ട്. വിജ്ഞാനമേഖല, ശാസ്ത്രീയ മേഖല, സർഗ്ഗാത്മക മേഖല, മനോഭാവ മേഖല, പ്രയോഗമേഖല എന്നിവയാണവ.

**ശാസ്ത്രപഠനത്തിന്റെ രീതി**

ശാസ്ത്രപഠനം പ്രക്രിയാധിഷ്ഠിതമായിരിക്കണം. ഇതിനുവേണ്ട പ്രവർത്തനങ്ങൾ ക്ലാസ്സ്മുറികളിൽ നടക്കണം. കൃത്യതയോടെയും സൂക്ഷ്മതയോടെയും പരിക്ഷണപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നതിനു, പരീക്ഷണങ്ങളിൽ ഏർപ്പെടുന്നതിനും ഉപകരണങ്ങൾ കൈകാര്യംചെയ്യുന്നതിനും നിർമ്മിക്കുന്നതിനും മെച്ചപ്പെടുത്തലുകൾ വരുത്തുന്നതിനും സൂക്ഷ്മതയോടെയുള്ള പ്രകൃതി നിരീക്ഷണത്തിനും ധാരാളം അവസരങ്ങൾ ശാസ്ത്രപഠനത്തിന്റെ ഭാഗമായി ലഭിക്കണം.

**പഠന പ്രകിയ**

ശാസ്ത്രപഠനം പ്രക്രിയാധിഷ്ടമാകണം എന്നുപറയുമ്പോൾ കേവലം പ്രവർത്തനങ്ങൾ ചെയ്തുപോവൽ മാത്രമാകരുത്. ഓരോ പ്രവർത്തനത്തിനും ഒരു ലക്ഷ്യം ഉണ്ടായിരിക്കണം. ആ ലക്ഷ്യത്തിൽ കുട്ടി എത്തി എന്ന് ഉറപ്പുവരുത്തുകയും വേണം. തുടർപ്രവർത്തനത്തിനുള്ള അവസരം നൽകണം. പഠനപ്രവർത്തനങ്ങളിൽനിന്നും ലഭിക്കുന്ന തെളിവുകളും, രൂപീകരിക്കുന്ന നിഗമനങ്ങളും വിമർശനാത്മകമായി വിലയിരുത്തേണ്ടതുണ്ട്. തികച്ചും ജനാധിപത്യരീതിയിൽ നടക്കുന്നതും സ്വതന്ത്രമായും നിർഭയമായും ഇടപെടാവുന്നതുമായ ക്ലാസ്സ്മുറികളിൽ മാത്രമേ ഇത് സാധ്യമാവൂ.

**സ്കൂൾ ലബോറട്ടറി**

ശാസ്ത്രപഠനം പരിസരബന്ധിതമാവുന്നതോടൊപ്പം ലബോറട്ടറിബന്ധിതവും ആയിരിക്കണം. സ്കൂളിൽ അടുക്കുംചിട്ടയുമുള്ള ലബോറട്ടറി ഉണ്ടായിരിക്കണം. കുട്ടികൾ നിർമ്മിക്കുന്ന മാതൃകകളും ഉപകരണങ്ങളും ഉൾപ്പെടുത്തി ലബോറട്ടറി വിപുലീകരിക്കണം. ഉപകരണങ്ങളും രാസവസ്തുക്കളും അപകടരഹിതമായി കൈകാര്യംചെയ്യാനുള്ള കഴിവ് കുട്ടികൾ നേടേണ്ടതുണ്ട്. ഉപകരണങ്ങളും മറ്റുവ സ്തുക്കളും തരംതിരിച്ച് ലേബൽ ഒട്ടിച്ചുവയ്ക്കണം. ക്ലാസ്സ്മുറി ലബോറട്ടറിയും,

ലബോറട്ടറി ക്ലാസ്സ്മുറിയുമായി മാറണം.

**ശാസ്ത്രലൈബ്രറി**

ശാസ്ത്രവിജ്ഞാനമേഖലയുമായി ബന്ധപ്പെട്ട ധാരാളം പുസ്തകങ്ങൾ ലഭ്യമാകുന്ന തരത്തിലുള്ള ശാസ്ത്രലൈബ്രറി ഉണ്ടായിരിക്കണം. ഓരോ പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട അധിക വായനാസാമഗ്രികളും മാസികകളും വായനാകുറിപ്പുകളും ക്ലാസ്സ് വായനാമൂലയിൽ സജ്ജീകരിക്കണം.

**സയൻസ് ക്ലബ്ബ്**

ക്ലാസ്സ്മുറികളിൽ നടക്കുന്ന പ്രവർത്തനങ്ങളുടെ ഭാഗമായി കുട്ടി നിർമ്മിക്കുന്ന ഉപകരണങ്ങൾ, ബോധവത്ക്കരണോപാധികൾ, സെമിനാർ പേപ്പറുകൾ, പ്രോജക്ട് റിപ്പോർട്ട്, പരീക്ഷണങ്ങൾ തുടങ്ങിയവ അവതരിപ്പിക്കുന്നതിനുള്ള ഒരു വേദിയായിസ്കൂൾ സയൻസ് ക്ലബ്ബ് മാറണം. ജൂൺ മാസത്തിൽതന്നെ ക്ലബ്ബ് പ്രവർത്തനം ആരംഭിക്കണം.ഒരു വർഷത്തേയ്ക്കുള്ള പ്രവർത്തനപദ്ധതി ആസൂത്രണം ചെയ്യുകയും വേണം. വർഷാവസാനം കുട്ടികളുടെ ഉത്പന്നങ്ങൾ പ്രദര്ശിപ്പിക്കുന്നതിന് ഒരു ശാസ്ത്രപ്രദർശനം സംഘടിപ്പിക്കാം. ശാസ്ത്രപഠനവുമായി ബന്ധപ്പെട്ട ദിനാചരണങ്ങൾ, പ്രത്യേക വിഷയങ്ങളിലുള്ള വിദഗ്ധ ക്ലാസ്സുകൾ, സെമിനാറുകൾ തുടങ്ങിയ ധാരാളം സാദ്ധ്യതകൾ സയൻസ് ക്ലബ്ബിന്റെ പ്രവർത്തനങ്ങളിൽ ഉൾപ്പെടുത്തണം.

**ടീച്ചർ ടെക്സ്റ്റ്**

അധ്യാപികയുടെ ദൈനംദിനാസൂത്രണത്തിന് സഹായകമായതും പാഠപുസ്തകങ്ങളിലെ പ്രവർത്തനങ്ങൾ നിർവ്വഹിക്കുന്നതിന് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നതും കൂടുതൽ വിവരങ്ങൾ കണ്ടെത്താൻ അദ്ധ്യാപികയെ പ്രേരിപ്പിക്കുന്നതും അദ്ധ്യാപികയ്ക്ക് ആവശ്യമായ അധികവിവരം നൽകുന്നതും ആയിരിക്കണം ടീച്ചർ ടെക്സ്റ്റ്.

**ആമുഖം**

ഓരോ പാഠഭാഗങ്ങളിലേയ്ക്കുള്ള വാതിലുകളാണ് ആമുഖം. ഓരോ പാഠഭാഗവും ലക്ഷ്യംവയ്ക്കുന്ന പ്രധാന ആശയങ്ങൾ, കുട്ടികളിൽ വികസിക്കേണ്ട പ്രക്രിയാ ശേഷികൾ, ഉണ്ടാവേണ്ട മൂല്യങ്ങളും മനോഭാവങ്ങളും, വിഷയത്തിന്റെ സാമൂഹ്യ പ്രാധാന്യം എന്നിവ ആമുഖത്തിൽ സൂചിപ്പിച്ചിരിക്കണം.

**ശാസ്ത്ര പാഠപുസ്തകം**

പഠനം സാധ്യമാക്കുന്നതിൽ പാഠപുസ്തകങ്ങളുടെ പങ്ക വളരെ വലുതാണ്.അദ്ധ്യാപികയ്ക്കും രക്ഷിതാവിനും മറ്റും സഹായകമാവുമെങ്കിലും അത് മുഖ്യമായും ലക്ഷ്യംവയ്ക്കേണ്ടത് കുട്ടികളെയായിരിക്കണം. പാഠപുസ്തകം തയ്യാറാക്കുമ്പോൾ താഴെപ്പറയുന്ന കാര്യങ്ങൾ

പരിഗണിച്ചുകൊണ്ടായിരിക്കണം. പ്രൈമറി മുതൽ ഹയർ സെക്കന്ററി വരെ ശാസ്ത്രാശയങ്ങളുടെ തുടർച്ചയും വളർച്ചയും ഉറപ്പാക്കിക്കൊണ്ടായിരിക്കണം സിലബസ് തയ്യാറാക്കേണ്ടത്. പരിസ്ഥിതി സൌഹൃദമനോഭാവവും ആരോഗ്യകരമായ ശീലങ്ങളും വളർത്തുന്നതിൽ ഊന്നൽ നൽകുന്നതായിരിക്കണം. തൽസമയ വിലയിരുത്തലിന് ആവശ്യമായ ചോദ്യങ്ങളും പ്രവർത്തനങ്ങളും ഉൾപ്പെടുത്തിയിട്ടുണ്ടായിരിക്കണം. ഫീൽഡ് ട്രിപ്പ്, പ്രോജക്ട്, സെമിനാർ, സംവാദം, അഭിമുഖം തുടങ്ങിയ വ്യത്യസ്ത പഠനതന്ത്രങ്ങൾ പ്രയോജനപ്പെടുത്തിയിരിക്കണം. ഐ.സി.റ്റി. സാദ്ധ്യത പരമാവധി പ്രയോജനപ്പെടുത്തുന്ന എഡ്യുക്കേഷൻ സ്കൂൾ റിസോഴ്സിൽ ഉള്ള വിഭവങ്ങളുടെ സൂചന ഓരോ പാഠഭാഗത്തോടും ചേർന്ന് നൽകിയിട്ടുണ്ടാവണം. ജീവിത നൈപുണികൾ വികസിപ്പിക്കുന്നതിന് സഹായകമായ പരിശീലനങ്ങൾ, നിർദ്ദേശങ്ങൾ എന്നിവയും പാഠഭാഗങ്ങളിൽ ഉൾപ്പെടുത്തിയിരിക്കണം.

**പഠനനേട്ടങ്ങൾ**

ജീവന്റെ അടിസ്ഥാനഘടകം കോശമാണെന്ന് വിശദീകരിക്കാൻ കഴിയുന്നു.

മൈക്രോസ്കോപ് ഉപയോഗിച്ച് കോശങ്ങൾ നിരീക്ഷിക്കാൻ കഴിയുന്നു.

രാസമാറ്റം, ഭൌതികമാറ്റം എന്നീ ആശയങ്ങൾ വിശദീകരിക്കാൻ കഴിയുന്നു.

വിവിധ ഊർജ്ജ രൂപങ്ങൾക്കും അവ ഉപയോഗിക്കുന്ന ജീവിതസന്ദർഭങ്ങൾക്കും ഉദാഹരണങ്ങൾ നൽകാൻ കഴിയുന്നു.

ഭൂമിയിലുള്ള എല്ലാ വസ്തുക്കളും ചലനത്തിന് വിധേയമാണ് എന്ന് തിരിച്ചറിഞ്ഞ് വിശദീകരിക്കാൻ കഴിയുന്നു.

ഭക്ഷണശീലത്തിൽ ആവശ്യമായ മാറ്റംവരുത്താൻ കഴിയുന്നു.

വ്യക്തിശുചിത്വത്തിനും, സാമൂഹിക ശുചിത്വത്തിനും പ്രാധാന്യം നൽകുന്നു.

ബഹിരാകാശത്തെക്കുറിച്ചുള്ള ആശയം കുട്ടികളിൽ എത്തുന്നു.

ചന്ദ്രഗ്രഹണം, സൂര്യഗ്രഹണം എന്നിവ കൂടുതൽ വ്യക്തമായി മനസ്സിലാക്കുന്നു.

മനുഷ്യന്റെ ഇടപെടൽമൂലം ആവാസ വ്യവസ്ഥയ്ക്കുണ്ടാകുന്ന ദോഷങ്ങൾ തിരിച്ചറിഞ്ഞ് അതിന്റെ സംരക്ഷണത്തിന് സഹായകമായ പ്രവർത്തനങ്ങളിൽഏർപ്പെടാൻ കഴിയുന്നു. കാന്തത്തിന്റെ സവിശേഷതകൾ തിരിച്ചറിഞ്ഞ് വിശദീകരിക്കാൻ കഴിയുന്നു. സൂര്യൻ കിഴക്കുദിച്ച് പടിഞ്ഞാറ് അസ്തമിക്കുന്നതായി തോന്നുന്നത് ഭൂമിയുടെ ഭ്രമണം മൂലമാണെന്ന് വിശദീകരിക്കാൻ കഴിയുന്നു.തന്മാത്ര എന്ന ആശയം വിശദീകരിക്കാൻ കഴിയുന്നു.ബാഹ്യാസ്ഥികൂടം,

ആന്തരാസ്ഥികൂടം എന്നിവയുടെ പ്രാധാന്യം തിരിച്ചറിഞ്ഞ് ധർമ്മം വിശദീകരിക്കാൻ കഴിയുന്നു. വിവിധതരം ലെൻസുകളെക്കുറിച്ച് മനസ്സിലാക്കുന്നു.മഴവില്ലുണ്ടാകുന്ന വർണ്ണങ്ങൾ തിരിച്ചറിയുന്നു. കാഴ്ച സാധ്യമാകുന്നതെങ്ങിനെയെന്ന ധാരണ കുട്ടികളിൽ ഉണ്ടാകുന്നു.പഞ്ചേന്ദ്രിയങ്ങളെക്കുറിച്ച് ബോധവാന്മാരാകുന്നു.

**പ്രശ്നവിശകലനം**

പ്രശ്നം : എല്ലാ കുട്ടികൾക്കും യൂണിറ്റ് ഫ്രെയിംചെയ്ത ആശയങ്ങളും ശേഷികളും നേടാൻ കഴിയുന്നില്ല.

| കാരണങ്ങൾ | പരിഹാരനിർദ്ദേശം | പ്രവർത്തനം |
|---|---|---|
| **കുട്ടികൾ**<br><br>അടിസ്ഥാന ആശയങ്ങളിൽ ഉള്ള അറിവില്ലായ്മ.<br><br>സ്വയം പഠനത്തിനുള്ള താല്പര്യക്കുറവ്.<br>പഠനത്തെ ബുദ്ധിമുട്ടായി കണക്കാക്കുന്നു.<br>മാനസിക-ശാരീരിക പ്രശ്നങ്ങൾ.<br><br>ആശയങ്ങൾ പ്രായോഗികമായി ബോദ്ധ്യപ്പെടാൻ അവസരങ്ങളില്ല.<br>പ്രഭാതഭക്ഷണം പലരും ഒഴിവാക്കുന്നു.<br>പഠനാനുഭവങ്ങൾ നിത്യജീവിതവുമായി ബന്ധപ്പെടുത്താൻ കഴിയുന്നില്ല.<br>അദ്ധ്യാപകർ<br>അറിവിന്റെ നിർമ്മാണം എന്നതിനുപകരം വിവര വിനിമയത്തെ ലഭ്യമാക്കുന്ന മൂല്യനിർണ്ണയരീതി.<br>വ്യക്തിഗത ശ്രദ്ധയ്ക്കുള്ള സമയകുറവ്.<br>ആധുനിക നിരന്തര മൂല്യനിർണ്ണയോപാദികൾ പ്രായോഗികമാക്കുന്നതിലെ വൈഷമ്യ | കുട്ടികളുടെ നിലവാരം റീ ടെസ്റ്റ് നടത്തി നിർണ്ണയിക്കുക.<br>പിന്നോക്കാവസ്ഥയുള്ള കുട്ടികൾക്ക് അടിസ്ഥാന ആശയങ്ങൾ കൈവരിക്കാൻ അവസരം ഉറപ്പാക്കുക.<br>അടിസ്ഥാന ആശയങ്ങൾ മാത്രം ഉൾപ്പെടുത്തി ടെസ്റ്റുകൾ നടത്തുക. പഠന ഗ്രൂപ്പിന്റെ സഹായത്തോടെ അടിസ്ഥാന ആശയങ്ങൾ പിന്നോക്കാവസ്ഥയുള്ള വരിലേയ്ക്ക് എത്തിക്കുക.<br>പ്രവർത്തനങ്ങൾക്ക് പാഠ്യപദ്ധതി ആവശ്യപ്പെടുന്ന അത്രയും ദിനങ്ങൾ ലഭ്യമാകുന്ന രീതിയിൽ പ്രവർത്തനങ്ങൾ ക്രമീകരിക്കുക.<br>ക്ലാസ്സ്മുറികൾ സ്വയംപഠനം, സംഘപഠനം, ഐ.സി.ടി. എന്നിവയ്ക്ക് യോജ്യമായ രീതിയിൽ ക്രമീകരിക്കുക.<br>പരിഹാരബോധന പ്രവർത്തനങ്ങൾ മൂല്യനിർണ്ണയോപാധി യോട ഇഴചേർക്കുക.<br>ക്ലാസ്സ്മുറികളിൽ വിജ്ഞാന നിർമ്മിതിയെ പ്രോത്സാഹിപ്പിക്കുന്ന മൂല്യനിർണ്ണയോപാധികൾ വികസിപ്പിക്കുക.<br>കൌൺസിലിംഗ്, മെഡിക്കൽ | പ്രീടെസ്റ്റ്<br>പരിഹാരബോധനം<br>സംഘപഠനം<br>പാഠാസൂത്രണം<br>ജൈവവൈവിദ്ധ്യ പാർക്ക്<br>ഹൈടെക ക്ലാസ്സുകൾ<br>കൗൺസിലിംഗ്<br>മെഡി ക്കൽ ചെക്കപ്പ്<br>പ്രാദേശിക പി.ടി.എ.<br><br>പരി ഹാര ബോധന ക്ലാസ്സുകൾ<br>പഠനയാത്തരകൾ<br>സാംഘപഠനം<br>ഹൈടെക് ക്ലാസ്സുകൾ<br>മെഡി ക്കൽ ചെക്കപ്പ്<br>പ്രാദേശിക പി.ടി.എ. |

| | | |
|---|---|---|
| ങ്ങൾ.<br>**സംവിധാനം**<br>പ്രവർത്ത നങ്ങളുടെ ബാഹുല്യം<br>ഗുണപരമായ മാറ്റത്തേക്കാൾ മാർക്കുകൾക്ക് പ്രാധാന്യം നൽകേണ്ട അവസ്ഥ<br>**രക്ഷിതാക്കൾ**<br>കുട്ടിയുടെ പഠനനിലവാരം വിലയിരുത്താനോ മാർഗ്ഗ നിർദ്ദേശം നൽകാനോ കഴിയു ന്നില്ല.<br>വിദ്യാലയവുമായി രക്ഷിതാ ക്കൾ വേണ്ടത്ര ബന്ധപ്പെടാൻ കഴിയാത്ത അവസ്ഥ.<br>കുട്ടിയുടെ ശാരീരിക മാനസിക രപരശ്നങ്ങളെ വേണ്ടവിധം കൈകാര്യംചെയ്യാൻ കഴിയുന്നി ല്ല. | ചെക്കപ്പുകൾ എന്നിവ ശക്തി പ്പെടുത്തുക.<br>ആവശ്യമായ പ്രഭാതഭക്ഷണം ഉറപ്പാക്കുക.<br>സി.പി. ടി. എ., എം. പി.ടി.എ. എന്നിവ ശക്തിപ്പെടുത്തുക.<br>പ്രാദേശിക പി.ടി.എ. യോഗ ങ്ങൾ സംഘടിപ്പിക്കുക.<br>അയൽപക്ക പഠനക്കൂട്ടങ്ങൾ പദ്ധതി ആവശ്യപ്പെടുന്ന അത്രയും ദിനങ്ങൾ ലഭ്യമാ കുന്ന രീതിയിൽ പ്രവർത്തന ങ്ങൾ ക്രമീകരിക്കുക. | |

**മുന്നൊരുക്ക പദ്ധതി**

താഴ്ന്ന ക്ലാസ്സുകളിൽ കൈവരിക്കേണ്ട അടിസ്ഥാന ആശയങ്ങൾ നേടാത്ത പിന്നോക്കക്കാർക്ക് അവ നേടാനുള്ള അവസരം ഉറപ്പാക്കുക. ഇതിനായി പരി ഹാര ബോധനത്തിനാവശ്യമായ പഠനസാമഗ്രികൾ തയ്യാറാക്കി ആദ്യ ടേമിൽ നൽകുന്നു.

**സംഘപഠനം**

കുട്ടികളെ പഠനനിലവാരത്തിന്റെ അടിസ്ഥാനത്തിൽ ഗ്രൂപ്പുകളാക്കി മികച്ച കുട്ടികളേയും ഓരോ അധ്യാപകന്റേയും നേതൃത്വത്തിൽ ആശയങ്ങൾ കുട്ടികളിലെത്തിക്കുന്നു. ഒഴിവുപീരീഡുകളും ഇന്റർ വെൽ സമയവും ഇതിനായി കണ്ടെത്തുന്നു.

**ഉപപ്രവർത്തനം ചുമതല കാലം**

| | | |
|---|---|---|
| പ്രീടെസ്റ്റ ചോദ്യപേപ്പർ തയ്യാറാക്കൽ | അധ്യാപകർ | മെയ് |
| പ്രീടെസ്റ്റ് | അധ്യാപകർ | ജൂൺ |
| മൂല്യനിർണ്ണയം | അധ്യാപകർ | ജൂൺ |
| ഗ്രൂപ്പ് രൂപീകരണം | അധ്യാപകർ | ജൂലൈ |
| പരിഹാരബോധനം | അധ്യാപകർ | 6 മാസം |

**സാമൂഹ്യശാസ്ത്രം – അക്കാദമിക പ്ലാൻ**

| Programme | Activity | Time Duration | Material | പിന്തുണ സംവിധാനം |
|---|---|---|---|---|
| പഠനപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ<br><br>കുട്ടികളെ അവരുടെ ക്ലാസ്സിലെ പാഠപുസ്തകങ്ങൾ വായിക്കുകയും ഉത്തരങ്ങൾ കണ്ടെത്തുവാൻ പ്രാപ്തരാക്കുക. | 1. പ്രീടെസ്റ്റ്<br><br>2.സാമൂഹ്യശാസ്ത്ര പഠനത്തിൽ താല്പര്യം ജനിപ്പിക്കൽ<br><br>3. ചിത്രങ്ങൾ, വീഡിയോകൾ മുതലായവ നിരീക്ഷിച്ച് അഭിപ്രായങ്ങൾ അവതരിപ്പിക്കൽ<br>4. സ്കിറ്റുകൾ, ഗാനങ്ങൾ, ലഘുവിവരണങ്ങൾ മുതലായവയിലൂടെ അവർ നേടിയ അറിവുകളുടെ അവതരണം.<br>5. വാക്കുകൾ, വാചകങ്ങൾ, ചിത്രരചന മുതലായവയിലൂടെ അവർ നേടിയ കാര്യങ്ങളുടെ വിവരണം തയ്യാറാക്കൽ<br><br>1. പാഠഭാഗങ്ങൾ ഗ്രൂപ്പുതലത്തിലും വ്യക്തിഗതിയില്ലു | 2 Month (ഹസ്വകാലം) | മഹാന്മാരുടെ ചിത്രങ്ങൾ വായനസാമഗ്രികൾ<br><br>ചരിത്രസംഭവങ്ങൾ - ചിത്രങ്ങൾ വീഡിയോകൾ മുതൽ ലായവയറുടെ പ്രദർശനം ഡിജിറ്റൽ ലൈബ്രറി പാഠപുസ്തകം സ് കൂൾ ലൈബ്രറി സമീപ്പ പ്രദശത്തുള്ള ലൈബ്രറികൾപ്രയോജനപ്പെടുത്തൽ ഐ.സി.ടി. സാധ്യതകളായ വീഡിയോ ക്ലിപ്പുകൾ, ചിത്രങ്ങൾ മുതലായവ ഉൾപ്പെടുത്തൽ | BRC<br><br>DIET<br><br>SCERT<br><br>PTA<br><br>SGR<br><br>Trs സമഗ്ര |

| | | | | |
|---|---|---|---|---|
| | പാഠം വായിച്ച് ആശയസ്വാംശീകരണം<br><br>2,ആശയസ്വാംശീകരണം സ്ഥലങ്ങളിൽ അനുബന്ധ പഠനം<br>3. പാഠഭാഗങ്ങൾ ഡിജിറ്റലൈസേഷൻ നടത്തി അവതരിപ്പിക്കൽ<br>4.അതോടൊപ്പം വർക്ക് ഷീറ്റുകൾ നൽകി അവരുടെ ഉത്തരങ്ങൾ കണ്ടെത്തുക<br>5.ചർച്ചാക്കുറിപ്പുകൾ, വായനാക്കുറിപ്പുകൾ,ലഘുവിവരണങ്ങൾ മുതലായവ എഴുതി അവതരിപ്പിക്കുവാൻ<br><br>6.ദിനാചരണങ്ങൾ സാമൂഹികമായി ആചരിക്കാൻ, ആഘോഷിക്കാൻ -റിപ്പോർട്ട അവതരിപ്പിക്കൽ<br>7.ദൃശ്യാവിഷ്കാരങ്ങൾ - | | റിട്ടേഡ് അധ്യാപകർ വിളിച്ചു ക്ലാസ്സ് എടുപ്പിക്കൽ മോഡ്യൂളുകൾ ചാർട്ടുകൾ ചിത്രങ്ങൾ ഭൂപടങ്ങൾ | സമഗ്ര<br><br>BRC<br><br>DIET<br><br>SCERT<br><br>PTA<br><br>SGR<br><br>Trs |

| | | | | |
|---|---|---|---|---|
| | നാടകം, സ്കിറ്റ്<br>മുതലായവയിലൂ<br>ടെ<br>8. സ്കൂൾ<br>ലൈബ്രറിയിൽ<br>സാമൂഹ്യശാസ്ത്ര<br>സംബന്ധിയായ<br>പുസ്തകങ്ങളി<br>ലൂടെ ലഭ്യത<br>ഉറപ്പാക്കൽ<br>അധിക<br>വിവരശേഖരണ<br>ത്തിനായി ഇവ<br>ഉപയോഗി<br>ക്കപ്പെടുത്തൽ.<br>9.സെമിനാറുക<br>ൾ സംഘടി<br>പ്പിക്കൽ<br>10. ഭൂപടവായന,<br>മോഡലുക<br>ളുടെ നിർ<br>മ്മാണം, ചാർട്ടു<br>കൾ, ചിത്രങ്ങൾ<br>മുതലായവയുടെ<br>നിർമ്മാണം.<br>11.പുതിയ<br>ഐ.സി.ടി.<br>സാധ്യതകളുടെ<br>നിർമ്മാണ<br>ത്തിന് കുട്ടികളെ<br>സജ്ജരാക്കുക.<br>കുട്ടികൾ<br>അവരുടെ<br>ചുറ്റുപാടുകളുമാ<br>യി<br>പാഠഭാഗത്തെ<br>ബന്ധപ്പെടുത്തി<br>മനസ്സി<br>ലാക്കാൻ<br>സഹായിക്കൽ | | ഗ്ലോബ്,<br>വായന<br>സാമഗ്രഹികൾ ,<br>മോഡലുകൾ ,<br>ചാർട്ടുൾ ,<br>വീഡിയോ<br>കൾ,<br>ജീവചരിത്രഗ്ര<br>ന്ഥങ്ങൾ<br><br>ഗ്ലോബ് | |

| | | | | |
|---|---|---|---|---|
| | കാലാവസ്ഥയിലും പരിസരത്തിനും വന്ന മാറ്റങ്ങൾ മനസ്സിലാക്കുന്നതിനും അവയിൽ മനുഷ്യപ്രവർത്തനങ്ങളുടെ പങ്ക് തിരിച്ചറിയുന്നതിനും നമ്മുടെ രാജ്യത്തിലേയും ലോകത്തേയും മഹാന്മാരുടെ സംഭാവനകൾ തിരിച്ചറിയന്നതിനും അവ നമ്മുടെ ജീവിതത്തിൽ എത്രമാത്രം സ്വാധീനം ചെലുത്തിയിട്ടുണ്ട് എന്ന് തിരിച്ചറിയുന്നതിനും<br><br>ഭൂപടവായന -- വ്യത്യസ്ത ഭൂപടങ്ങൾ തിരിച്ചറിയുക ആധുനിക ശാസ്ത്രനേട്ടങ്ങൾ തിരിച്ചറിയുന്നതിനും ജീവിതത്തിൽ ഉപയോഗപ്പെടുത്താൻ പ്രാപ്തമാക്കുന്നതിനും | | | |

| | | | | |
|---|---|---|---|---|
| | ഐ.സി.ടി. സാധ്യതകൾ ഉപയോഗപ്പ്പെ ടുത്തി പുതിയ വീഡിയോകൾ ചിത്രങ്ങൾ ഗ്രാഫുകൾ ഭൂപടങ്ങൾ മുത ലായവ തയ്യാറാക്കുന്നതി ന് പ്രാപ്തരാക്കുന്നു. ചിത്രഗാലറികൾ, മോഡലുകൾ പതിപ്പുകൾ, അറ്റ്ലസ്സുകൾ, കൈയെഴുത്ത് പ്രതി കൾ മുതലായവ തയ്യാറാക്കു ന്നതിനും.<br><br>അധ്യാപകരുടെ സഹായമില്ലാ തെ സാമൂഹ്യശ്സാ ത്രപഠനം നടത്തുന്നതിനും ഉതകുന്ന തരത്തിലുള്ള സാമുഹ്യശാസ്ത്ര പഠനം രസകരവും വിജ്ഞാ നപ്രധവു മാക്കും | | | |

**സാമുഹ്യശാസ്ത്രത ലാബ്**

അടച്ചുറപ്പുള്ള ക്ലാസ്റൂം

പ്രോജക്ടർ, ഇബോർഡ്, കമ്പ്യൂട്ടറും അനുബന്ധ സാധനങ്ങളും

ലൈബ്രബറി : ചരിത്രം, ഭൂമിശാസ്ത്രം, സാമ്പത്തിക ശാസ്ത്രം,

പൌരധർമ്മം ഈ വിഷയങ്ങൾ ഒതുന്ന പുസ്തകങ്ങൾ ഉൾക്കൊള്ളുന്ന അലമാരകൾ

ഡിജിറ്റൽ ലൈബ്രറി : CD കൾ, Pendrive, വീഡിയോകൾ ചരിത്രസിനിമകൾ മുതലായവ

ഗ്ലോബുകൾ ഭൂപടങ്ങൾ : ചരിത്രഭൂപടങ്ങൾ, സ്വാത്രന്ത്രത്തിന് മുമ്പുള്ള ഇന്ത്യ,

ലോകം രാഷ്ട്രീയഭൂപടം, ഭൗതികഭൂപടം

സ്വതന്ത്ര്യാനന്തര ഇന്ത്യ, കേരളം

കാലാവസ്ഥ ഭൂപടം

ലോകഭൂപടങ്ങൾ

രാഷ്ട്രിയം

ഭൗതീകം

ചാർട്ടുകൾ

കാലാവസ്ഥ

ചിത്രങ്ങൾ

GPS

സ്റ്റീരിയോ പ്ലെയർ, സ്റ്റീരിയോസ്കോപ്പ്

വർക്കിംഗ് മോഡലുകൾ - സൂര്യഗ്രഹണം, ചന്ദ്രരഗഹണം

സ്റ്റീൽ മോഡലുകൾ -- ഭ്രമണം, പരിക്രമണം

**1. പ്രാദേശിക വിഭവ ഭൂപടം**

ഏതൊരു പ്രദേശത്തും നിരവധി മേഖലകളിൽ വൈദഗ്ധ്യമുള്ളവരുണ്ട്. ദേശീയവും അന്തർ ദേശീയവുമായ തലങ്ങളിൽ പോലും അറിയപ്പെടുന്നവരെയുംകണ്ടെന്നുവരാം. പക്ഷേ ഇന്ന് അവരെ നമ്മുടെ ഗ്രാമം അറിയുന്നുണ്ടോ?നമ്മുടെ സ്കൂൾ അവരുടെ സേവനം പ്രയോജനപ്പെടുത്തുന്നുണ്ടോ? എന്തുകൊണ്ടാണ് ഉപയോഗപ്പെടുത്താത്തത്? ഇവരിൽ ചിലപ്പോൾ നമ്മുടെ പൂർവ്വവിദ്യാർത്ഥികൾ പോലും ഉണ്ടാകും. പ്രാദേശിക വിഭവങ്ങളും വൈഭവങ്ങളും കണ്ടെത്തുന്നതിനും അടയാളപ്പെടുത്തുന്നതിനുമുള്ള പദ്ധതിയാണ് പ്രാദേശിക വിഭവ ഭൂപടനിർമ്മാണം വിഭവങ്ങളെ മൂന്നായി തിരിച്ച് - വ്യക്തികൾ, സ്ഥലങ്ങൾ, സ്ഥാപനങ്ങൾ ഇവ കൃത്യമായി കണ്ടെത്തി വിശദാംശങ്ങൾ രേഖപ്പെടുത്തണം. നമ്മുടെ പ്രദേശത്തെ മുഴുവൻ

വിഭവങ്ങളും നമ്മുടെ കുട്ടികൾക്ക് ലഭ്യമാവണം. അതിലൂടെ നമ്മുടെ നാടിനെ അറിയാനും സ്നേഹിക്കാനും അഭിമാനിക്കാനും കുട്ടികൾക്ക് കഴിയണം.

**2. ടാലെന്റ് ലാബ്**

എല്ലാ കുട്ടികളും വിദഗ്ധരാണ് ഏതെങ്കിലും ഒരു മേഖലയിലെങ്കിലും അവരെ കണ്ടെത്തുന്നതിലും പ്രോത്സാഹിപ്പിക്കുന്നതിലും നാം വളരെ പിന്നിലാണ്. ഈ നില തുടർന്നാൽ മാവൂരിന്റെ മഹത്തായ കലാ സാംസ്കാരിക പാരമ്പര്യം നമുക്ക് നഷ്ടമാവും അത് പരിഹരിക്കുന്നതിനുള്ള ശ്രമമാണ് ഈ പദ്ധതി. നടപ്പിലാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ സ്കൂൾ പ്രവേശന സമയത്തുതന്നെ കുട്ടിയുടെ താല്പര്യമുള്ള മേഖല ചോദിച്ച് രേഖപ്പെടുത്തുക. സ്കൂൾ തുറന്നയുടൻ ഓരോ മേഖലയിലുള്ള ഇനങ്ങളുടെ പട്ടിക പ്രദർശിപ്പിക്കുക (ഉദാ. കല-ലളിതഗാനം, മാപ്പിളപ്പാട്ടു, പദ്യംചൊല്ലൽ, നാടകം ഉപകരണ സംഗീതം, കായികം, ഓട്ടം, ചാട്ടം, എറിയൽ, നീന്തൽ, ഫുട്ബോൾ, പ്രവൃത്തിപരിചയം, ഒറിഗാമി, ശില്പങ്ങൾ, തുന്നൽ, എബ്രോയിഡറി ഓരോ കുട്ടിയും ഒരു ഇനം തെരഞ്ഞെടുക്കണം ഒരേ ഇനം കിട്ടിയ കുട്ടികളെ ഗ്രൂപ്പാക്കുക. ഒരു ടീച്ചർക്കും, പി.ടി.എ. പൂർവ്വവിദ്യാർത്ഥി, പൂർവ്വ അധ്യാപകൻ, രക്ഷിതാവ് എന്നിവർക്ക് ചുമതല ആഴ്ചയിലൊന്ന്, മാസത്തിൽ രണ്ട് തുടങ്ങി പ്രസ്തുത ഗ്രൂപ്പിന് ആവശ്യമായ പരിശീലന സമയം നിശ്ചയിക്കാം. പങ്കെടുക്കുന്ന കുട്ടികളുടെയും അവരുടെ രക്ഷിതാക്കളുടെയും യോഗം വിളിച്ച് പ്രവർത്തനപരിപാടികൾ രക്ഷിതാക്കളുടെ പങ്ക് (റോൾ) എന്തെല്ലാമാണെന്ന് ഉറപ്പാക്കണം.മികച്ച കുട്ടികളെ സ്കൂൾ മുതൽ സംസ്ഥാനതലം വരെ മത്സരത്തിൽ പങ്കെടുപ്പിക്കുക കുട്ടികൾക്ക് പരിശീലനം നൽകുന്നതിന് പൂർവ്വ അധ്യാപകർ പൂർവ വിദ്യാർത്ഥികൾ എന്നിവരുടെ സേവനം ഉപയോഗപ്പെടുത്തുക മുഴുവൻ കുട്ടികളുടെയും പ്രകടനങ്ങൾ സ്കൂൾതല വാർഷികത്തിന്റെ ഭാഗമായി നടക്കുന്ന കലാകായിക പ്രവർത്തി പരിചയമേളയിൽ അവതരിപ്പിക്കാനവസരം ഗുരുവന്ദനം-പരിശീലകരെ ആദരിക്കൽ,ദിനാചരണങ്ങൾ, സ്കൂൾ റേഡിയോ, അനുദിനം അവസരം സ്കൂൾ നാടക വേദി, പ്രോജക്ട്, അനുഷ്ഠാന കലകൾ, ഫോക്ക്ലോർ എന്നി പ്രവർത്തനങ്ങളുമായി ബന്ധിപ്പിക്കൽ ഡോക്യുമെന്റേഷൻ.

**3. രക്ഷാകർത്തൃ ബോധവൽക്കരണം**

സ്കൂൾ പഠനം എന്നതുകൊണ്ട് മലയാളം മുതൽ ഗണിതം വരെയുള്ള വിഷയങ്ങളുടെ പഠനം മാത്രമാണ് എന്നാണ് രക്ഷിതാക്കൾ പൊതുവെ കരുതുന്നത്. കല, കായികം, പര്യയത്തിപരിചയം എന്നിവ പഠനവിഷയങ്ങളായി കരുതാൻപലർക്കും ഇപ്പോഴും കഴിഞ്ഞിട്ടില്ല. കുട്ടികളുടെ ബഹുമുഖ ബുദ്ധിവികാസം കലാകായിക പ്രവൃത്തി പരിചയവിദ്യാഭ്യാസവുമായി

ബന്ധപ്പെട്ടവയാണെന്ന് ഇനിയും മനസ്സിലാക്കേണ്ടിയിരിക്കുന്നു. കലാകായിക പ്രവൃത്തിപരിചയ പഠനത്തിന്റെ പ്രാധാന്യം കുട്ടികളുടെ പഠനം പ്രോത്സാഹിപ്പിക്കുന്നതിൽ രക്ഷിതാവിന്റെ റോൾ സ്കൂൾതല ടാലെന്റ് ലാബ് പ്രവർത്തനരീതി രക്ഷിതാക്കളുടെ റോൾ

**4. കലാരൂപങ്ങളുടെ പ്രകടനം**

ശാസ്ത്രീയ കലകൾ, അനുഷ്ഠാന കലകൾ, ആധുനിക കലാരൂപങ്ങൾ എന്നിവ കാണാനും ആസ്വദിക്കാനും അവസരമൊരുക്കുക കലാമണ്ഡലം പോലുള്ള സ്ഥലങ്ങൾ സന്ദർശിക്കൽ പ്രതിമാസം ഒരു പരിപാടി ആസൂധരതണം ചെയ്യൽ പൂർവ്വവിദ്യാർത്ഥികളുടെ വിഭവം പ്രയോജനപ്പെടുത്തൽ പാഠഭാഗങ്ങളിൽ പ്രതിപാദിക്കുന്നതും കുട്ടികൾക്ക് കണ്ട് ആസ്വദിക്കാൻ അവസരം കുറഞ്ഞതുമായ കലാരൂപങ്ങൾക്ക് മുൻഗണന നൽകൽ ഇതിന്റെ സംഘാടനം കലാധ്യാപകൻ, കലാതാൽപര്യമുള്ള പൂർവവിദ്യാർത്ഥികൾ, പ്രാദേശിക കലാകാരന്മാർ രക്ഷിതാക്കൾ എന്നിവരുടെ സംഘം നടപ്പിലാക്കണം.

**5. കല-സംസ്കാരം പ്രോജക്ടുകൾ**

8-12 വരെ കുട്ടികളിൽ ഗവേഷണ താൽപര്യമുളള്ളവരുടെയും അധ്യാപകരുടെയും നേതൃത്വത്തിൽ പ്രാദേശിക കലകൾ സംബന്ധിച്ച പ്രോജക്ടുകൾ സർവ്വെ സംഘടിപ്പിക്കൽ. മൺമറയുന്ന കലാരൂപങ്ങൾ, പ്രാദേശികമായ സവിശേഷ കലാരൂപങ്ങൾ, പ്രാദേശിക കലാകാരന്മാർ. അനുഷ്ഠാന കലകൾ,സാംസ്കാരിക പൈതൃകം തുടങ്ങിയ വിഷയങ്ങൾ കണ്ടെത്തി പ്രബന്ധം തയ്യാറാക്കി സെമിനാറിൽ അവതരിപ്പിക്കാനവസരം നൽകണം.

**6. സ്കൂൾ നാടകവേദി**

അഭിനയത്തിൽ താൽപര്യം പ്രകടിപ്പിച്ച കുട്ടികൾ പ്രാദേശിക നാടക കലാകാരന്മാർ, സ്കൂളിലെ അധ്യാപകർ രക്ഷിതാക്കൾ, പൂർവ്വവിദ്യാർത്ഥികൾ എന്നിവരുടെ സംയുക്താഭിമുഖ്യത്തിൽ നാടകകളരി. 20 പേരടങ്ങുന്ന കുട്ടികളെ പരിശീലിപ്പിക്കൽ. വർഷത്തിൽ രണ്ടുതവണ പൊതു അവതരണം. മത്സരങ്ങളിൽ പങ്കെടുപ്പിക്കൽ. സ്കൂൾ ഓഫ് ഡ്രാമയിലെ വിദഗ്ധരുടെ ക്ലാസുകൾ ലഭ്യമാക്കാൻ നാടകചരിത്രം പ്രധാന നാടകങ്ങൾ എന്നിവ വായിക്കാൻ ചർച്ച പാഠഭാഗങ്ങളെ ആസ്വദനമാക്കി നാടകം ചെയ്യൽ മറ്റു സ്കൂളിൽ അവതരണം ഒറിഗാമി, പാവനാടകം തുടങ്ങിയ സാധ്യതകളും പ്രയോജനപ്പെടുത്തണം.

**7. കഥ, കവിത, ക്യാമ്പുകൾ**

പാഠഭാഗത്തെ ആസ്പദമാക്കിയും സ്വതന്ത്രമായും കഥ, കവിത, ക്യാമ്പുകൾ 2,3 ദിവസം ദൈർഘ്യമുള്ളവയായിരിക്കും ക്യാമ്പുകൾ ആസ്വാദനം, വിശകലനം, ആലാപനം /അഭിനയം സംഗീതശില്പം, ചൊൽക്കുത്ത് എന്നീ കലകളിൽ എല്ലാ കുട്ടികൾക്കും പങ്കെടുക്കാനവസരം.

മലയാളം അധ്യാപകർ, ഡി.ആർ.ജി./എസ്.ആർ.ജി അംഗങ്ങൾ, പ്രാദേശിക സാഹിത്യകാരന്മാർ, പൂർവ്വ അധ്യാപകർ എന്നിവരെ പങ്കെടുപ്പിക്കാം. കഴിയുമെങ്കിൽ കഥാകൃത്തുക്കളെയും കവികളെയും പങ്കെടുപ്പിക്കണം. ക്യാമ്പിന്റെ ഭാഗമായി കവിയരങ്ങ്, കഥയരങ്ങ്, എന്നിവയും സംഘടിപ്പിക്കണം. വിദ്യാരംഗം പ്രവർത്തനങ്ങളുമായി ഈ പദ്ധതി ബന്ധിപ്പിക്കാം.

**8. പാവനാടകം, ഒറിഗാമി**

പാവനാടകസാധ്യതകൾ കണ്ടെത്തി അവതരണം വിവിധതരം പാവനിർമ്മിതികൾ സ്ക്രിപ്റ്റ് തയ്യാറാക്കി അവതരണം കടലാസ് രൂപങ്ങൾ തയ്യാറാക്കൽ കരകൗശല വിദഗ്ധരുടെയും, പാവനാടകം വിദഗ്ധരുടെയും സേവനം ഉപയോഗിക്കാം.

**9. സംഗീത ഉപകരണപഠനം**

വർഷാരംഭത്തിൽ വിവിധ സംഗീത ഉപകരണങ്ങൾ പഠിക്കുന്നതിന് താല്പര്യമുള്ളവരെ കണ്ടെത്തൽ പ്രതിവാരക്ലാസ്സുകൾ ആരംഭിക്കൽ വിദഗ്ധരായ അധ്യാപകരെ കണ്ടെത്തി അവരുടെ നേതൃത്വത്തിൽ പരിശീലനം പ്രാദേശിക വിദഗ്ധർ, പൂർവ്വ വിദ്യാർത്ഥികൾ അധ്യാപകർ എന്നിവരുടെ സേവനം പ്രയോജനപ്പെടുത്തണം. വർഷാവസാനം കുട്ടികളുടെ അരങ്ങേറ്റം വാർഷികത്തിന്റെ ഭാഗമായി പ്രകടനം.

**10. ഫിലിം ക്ലബ്ബ്**

ലോകപ്രശസ്ത സംവിധായകരുടെ മികച്ച സിനിമകൾ (കുട്ടികൾക്കു പറ്റിയതും) കാണാനും ചർച്ചചെയ്യാനും അവസരം വർഷത്തിലൊരിക്കൽ ഫിലിം ഫെസ്റ്റിവൽ സിനിമാ പ്രവർത്തകരെ പങ്കെടുപ്പിക്കൽ

**11. ദിനാചരണങ്ങൾ**

ജൂൺ മുതൽ മെയ് വരെയുള്ള ആചരിക്കേണ്ട പ്രധാന ദിനങ്ങൾ കലണ്ടറാക്കുന്നു പൊതുവായും വിഷയാധിഷ്ഠിതമായും ദിനങ്ങളെ തരംതിരിക്കുന്നു. കുട്ടികളുടെ പഠനപിന്നോക്കാവസ്ഥ പരിഹരിക്കുന്നതിനുള്ള അവസരമായി ദിനാചരണം ഉപയോഗപ്പെടുത്തണം. ദിനാചരണത്തിന്റെ ആസൂത്രണം ഒരാഴ്ച മുമ്പെങ്കിലും നടക്കണം. എല്ലാ കുട്ടികളുടെയും പങ്കാളിത്തവും പഠനനിർണയവും ഉറപ്പാക്കണം.

**12. സ്കൂൾ വാർഷികം**

എല്ലാവർഷവും ഡിസംബർ /ഏപ്രിൽ മാസത്തിൽ സ്കൂൾ വാർഷികം സംഘടിപ്പിക്കണം കുട്ടികളുടെ ഉല്പന്നങ്ങളുടെ പ്രദർശനം കുട്ടികളുടെ പ്രകടനങ്ങൾ (പഠനവുമായി ബന്ധപ്പെട്ടത്, കലാകായികംപ്രവൃത്തി പരിചയം)അധ്യാപകരുടെ രചനകൾ, പഠനോപകരണങ്ങൾ പ്രദർശനം, അധ്യാപകരുടെ പ്രകടനങ്ങൾ, സാംസ്കാരിക സമ്മേളനം, വിദ്യാഭ്യാസ സെമിനാർ, പൂർവ്വ

വിദ്യാർത്ഥികളുടെ പ്രകടനങ്ങൾ എന്നിവയ്ക്ക് അവസരം ഉണ്ടാകണം. രക്ഷിതാക്കൾക്കും അവസരം നൽകണം.

**13. പ്രാദേശിക ചരിത്രരചന**

ചേർത്തലയുടെ സാംസ്കാരിക പാരമ്പര്യം തിരിച്ചറിയുന്നതിനുള്ള ഉപാധി. കുട്ടികളിൽ ചരിത്രബോധവും ചരിത്രരചനയുടെ രീതിയും സംബന്ധിച്ച ധാരണ വികസിപ്പിക്കുന്നതിന്. ചേർത്തലയുടെ പൈതൃകത്തിൽ അഭിമാനിക്കുന്നതിന് നമ്മുടെ പൂർവ്വികർ കേരളത്തിനും ഭാരതത്തിനും നൽകിയ സംഭാവനകളെക്കുറിച്ച് ധാരണ വളർത്തുന്നതിന ജനകീയ പങ്കാളിത്തത്തോടെ ചരിത്രരചന നടത്തുന്നതിനും. ചരിത്രരചനയുടെ ആശയരൂപീകരണ ശില്പശാല, വിവരശേഖരണ ടൂൾ നിർമ്മാണം വിവരശേഖരണം, വിവരങ്ങളുടെ അപ്രഗഥനവും രചനയും അച്ചടി സെമിനാർ എന്നിവ സംഘടിപ്പിക്കണം അഞ്ചുവർഷം കൂടുമ്പോൾ ചരിത്രരചന തുടരണം അധ്യാപകർ, കുട്ടികൾ, രക്ഷിതാക്കൾ, പൂർവ്വവിദ്യാർത്ഥികൾ സംയുക്ത പ്രവർ ത്തനമായിരിക്കണം ഈ പദ്ധതി.

**14. സ്കൂൾ സോവനീർ(സ്മരണിക)**

ഓരോ വർഷവും സ്കൂൾ പ്രവർത്തനങ്ങളുടെ ഒരു സോവനീർ തയ്യാറാക്കി മാർച്ചുമാസത്തിലോ വാർഷികത്തോടനുബന്ധിച്ചോ എല്ലാ കുട്ടികൾക്കും പൊതുക്രേന്ദ്രങ്ങളിലും സ്ഥാപനങ്ങളിലും ലഭ്യമാക്കണം. സോവനീറിൽ സ്കൂളിന്റെ മികവ് കൃത്യമായി അടയാളപ്പെടുത്തണം.ചുമതല അധ്യാപകർ,കുട്ടികളുടെ പ്രതിനിധികൾ, ജേർണലിസം, ഡി.ടി.പി. ലേ ഓട്ട് എന്നീ മേഖ ലയിൽ പരിചയമുള്ള പൂർവ്വവിദ്യാർത്ഥികൾ അഭ്യുദയകാംക്ഷികൾ എന്നിവരുടെ സേവനം പ്രയോജനപ്പെടുത്താം.

**15. സ്കൂൾ റേഡിയോ**

എല്ലാ ദിവസവും രാവിലെ ഉച്ചക്ക് വൈകുന്നേരം എന്നീ സമയങ്ങളിൽ പ്രക്ഷേപണം നടത്താം. എല്ലാ ക്ലാസിലും സൗണ്ട് സിസ്റ്റം അനിവാര്യമാണ്. കുട്ടികളുടെ പരിപാടികൾ അറിയിപ്പുകൾ എന്നിവ എല്ലാവരിലും എത്തിക്കാനും സാങ്കേതിക വിദ്യയിൽ കുട്ടികൾക്ക് അനുഭവം ലഭിക്കാനും ഈ പദ്ധതി സഹായിക്കും

**16. സ്കൂൾ സൗന്ദര്യവൽക്കരണം**

ഇതിനായി പ്രത്യേക പദ്ധതി തന്നെ വേണം. സ്കൂളിലെ കെട്ടിടങ്ങൾ, പൂന്തോട്ടം, മരങ്ങൾ, ജൈവവൈവിധ്യ പാർക്ക് എന്നിവയുടെ സ്ഥലം നിർണ്ണയിക്കണം. നിലവിലുള്ള കെട്ടിടം പുതുക്കുന്നതിനും ആകർഷകമായ രീതിയിൽ ചായം തേച്ച് ഫലപ്രദമാക്കണം Bala Building as

learning aid എന്ന ആശയത്തിനിണങ്ങുന്ന തരത്തിൽ കെട്ടിടം പ്രയോജനപ്പെടുത്തണം. ക്ലാസിലെ ചുമരുകളിൽ ചലത്മാകമായ പാനലുകൾ (ഓരോ വിഷയത്തിനും യോജിച്ചവ ആവശ്യം കഴിഞ്ഞാൽ എടുത്തുമാറ്റുന്നതരത്തിലുള്ളത്) വൈവിധ്യമാർന്ന സാധ്യതകൾ നിലനിർത്തുന്ന മാപ്പുകൾ, ചിത്രങ്ങൾ എന്നിവയുമാകാം. തുറന്ന ക്ലാസുകൾ, മരത്തറകൾ ജൈവവേലികൾ, ശലഭോദ്യാനം എന്നിവ ഉറപ്പാക്കണം. ഒരു സംഘം വിദഗ്ധ ആർക്കിടെക്റ്റുകളുടെ സഹായം ഇതിനായി തേടാം.

**17. ആർട്ട ഗാലറി**

മികച്ച ചിത്രങ്ങളുടെ ശേഖരം, ചിത്രപ്രദർശനങ്ങൾ ചിത്രരചനാ ക്യാമ്പിലെ മികച്ച രചനകൾ എന്നിവ ആർട്ട് ഗാലറിയുടെ ഭാഗമാക്കാം. ഇതിനായി വലിയ ഒരു ക്ലാസ് മുറി ക്രമീകരിക്കണം. കലാധ്യാപകന്റെയും (്രാദേശിക വിദഗ്ധരുടെയും സേവനം ഇതിനായി ഉപയോഗപ്പെടുത്താം. കുട്ടികളിൽ ചിരിത്രകലാവാസന വികസിപ്പിക്കാനും ഇതു സഹായിക്കും.

**18. മ്യൂസിയം**

നമ്മുടെ സാംസ്കാരിക പാരമ്പര്യം പ്രതിഫലിപ്പിക്കുന്ന ഒരു മ്യൂസിയം വികസിപ്പിക്കണം. അത്തരം സാമഗ്രികൾ ശേഖരിക്കുകയും പ്രദർശിപ്പിക്കുകയുംവേണം. ആർട്ട ഗാലറി, മ്യൂസിയം എന്നിവ പൊതുജനങ്ങൾക്കായി തുറന്നു കൊടുക്കണം.

**19. ഫോക്ക്ലോർ**

നാടിന്റെ പൈതൃകം അറിയുന്നതിന് ഫോക്ക്ലോർ അനുഭവം അനിവാര്യമാണ്. നാടൻപാട്ടുകൾ, നാടോടിക്കഥകൾ, പഴഞ്ചൊല്ലുകൾ, കടംകഥകൾ, അനുഷ്ഠാന കലകൾ എല്ലാം ഈ വിഭാഗത്തിൽപെടും. അവയെക്കുറിച്ചറിയാനും പ്രകടനങ്ങൾ കണ്ട് ആസ്വദിക്കാനും അവസരം വേണം. താൽപര്യമുള്ള കുട്ടികൾക്ക് ചില ശില്പശാലകൾ സംഘടിപ്പിക്കാം. ചുമതല അധ്യാപകർ കുട്ടികൾ, പൂർവ്വ വിദ്യാർത്ഥികൾ, രക്ഷിതാക്കൾ.

## ഭൗതികം

**20.ഓഡിറ്റോറിയം പരിശീലനങ്ങൾ**

കലാകായിക പ്രവൃത്തി പരിചയപഠനം, പരിശീലനം പ്രദർശനം, പ്രകടനംഎന്നിവക്കായി 1000 പേർക്ക് ഇരിക്കാവുന്ന വിശാലമായ ഹാൾ ആവശ്യമാണ്.എല്ലാവിധ ആ ധുനിക സൌകര്യങ്ങളും ഉണ്ടായിരിക്കണം. സ്കൂൾ ഇല്ലാത്ത ദിവസങ്ങളിൽ വാടകക്ക് പൊതു ആവശ്യങ്ങൾക്കും നൽകാവുന്നതാണ്.

**21. ആർട്ട് ഗാലറി**

ആർട്ട് ഗാലറിക്ക് വിശാലമായ മുറി ചിത്രപ്രദർശനത്തിനുള്ള സൗകര്യം, ലൈറ്റ് ക്രമീകരണം എന്നിവ ആവശ്യമാണ്.

**22. മ്യൂസിയം**

ഇതിനായി 30 X 20 ക്ലാസ് മുറി ആവശ്യമാണ്. ഡിസ്പ്ലേ ബോർഡ്, സ്റ്റാന്റ് എന്നിവയും വേണം

**23. സ്കൂൾ സ്റ്റോർ**

കുട്ടികൾക്കാവശ്യമായ എല്ലാ സാധനങ്ങളും ഗുണമേന്മയോടെ നൽകുന്ന ഒരു സ്റ്റോർ സ്കൂളിനുള്ളിൽ ആവശ്യമാണ്. ഇത് പി.ടി.എ യുടെ സഹകരണത്തോടെ നടത്തണം. പല അനാശാസ്യ പ്രവർത്തനങ്ങളുടെയും തുടക്കം സ്കൂളിനു പുറത്തുള്ള സ്ഥലങ്ങളിൽ നിന്നാണ് ഇത് നിയന്ത്രിക്കുന്നതിനും കുട്ടികൾചൂഷണം ചെയ്യപ്പെടുന്നില്ലെന്നും നമുക്ക് ഉറപ്പുവരുത്താൻ കഴിയും. ഇതിന് അധ്യാപകരെ ചുമതലപ്പെടുത്തേണ്ടതില്ല പകരം പ്രഥമാധ്യാപകന്റെ മോണിറ്ററിംഗ് മതിയാകും. സ്റ്റോർ നടത്തിപ്പ് കമ്മറ്റിയിൽ അധ്യാപകർ ഉണ്ടാകും.

**മേഖല : സാമൂഹികം**

**24. വിദ്യാലയ വികസനസമിതി**

പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം മാർഗ്ഗരേഖയിൽ നിർദ്ദേശിച്ച തരത്തിൽ വിദ്യാലയ വികസനസമിതി രൂപീകരിക്കൽ പദ്ധതി രൂപീകരണം നിർവ്വഹണം എന്നിവ സമയബന്ധിതമായി നടപ്പാക്കൽ എന്നിവ ഈ സമിതിയുടെ ചുമതലയാണ്.

**25. പൂർവ്വവിദ്യാർത്ഥി സംഘടന**

സ്കൂളിൽ നിന്നും പഠനം കഴിഞ്ഞുപോയ എല്ലാവരും ഈ സംഘടനയിലെ അംഗമാണ്. ഒരു പ്രദേശത്തെ വൈദഗ്ധ്യം അന്വേഷിച്ചു ചെല്ലുമ്പോൾ അവരിൽ ഭൂരിപക്ഷവും സ്കൂളിലെ പൂർവ്വവിദ്യാർത്ഥികളാണെന്ന് മനസ്സിലാവും.ഈ വലിയ സമ്പത്ത് പൊതുവിദ്യാലയ വികസനത്തിനായി ഉപയോഗപ്പെടുത്തുകയാണ് വേണ്ടത്. സ്കൂളിലെ അക്കാദമികം, കലാ-കായികം, പ്രവൃത്തിപരിചയം, തൊഴിൽ മേഖലയിൽ പരിശീലനം നൽകാൻ പ്രാപ്തരായ പൂർവ്വ വിദ്യാർത്ഥികളെ കണ്ടെത്തി പ്രവർത്തനം സംഘടിപ്പിക്കാം ഭൗതിക സൌകര്യ വികസനത്തിൽ, ലൈബ്രറി വികസനം തുടങ്ങിയ വൈവിധ്യമാണ് പ്രവർത്തനങ്ങൾ ഉൾക്കൊള്ളുന്ന വാർഷിക

പ്ലാൻ തയ്യാറാക്കാം. പി.ടി.എ. എസ്.എം.സി. നിർദ്ദേശിക്കുന്ന പ്രവർത്തനങ്ങളിൽ പങ്കാളികളാകാം. പാഠ്യപദ്ധതി മികച്ച നിലയിൽ വിനിമയം ചെയ്യുന്നതിന് സഹായകമായ പ്രവർത്തനങ്ങൾ മാത്രമേ പൂർവ്വ വിദ്യാർത്ഥി സംഘടനയുടെ പ്രവർത്തനപരിധിയിൽ വരൂ. എല്ലാ പൂർവ്വവിദ്യാർത്ഥികളെയും മെമ്പർമാരാക്കുക. റിസോഴ്സ് കണ്ടെത്തുക. വാർഷിക കൂടിച്ചേരൽ, പ്രോജക്ട് നിർവ്വഹണം, സംഘടന രജിസ്റ്റർ ചെയ്യുക തുടങ്ങിയ പ്രവർത്തനങ്ങളും ഏറ്റെടുക്കണം.

**26. സ്കൂൾ സപ്പോർട്ടിങ്ങ് ഗ്രൂപ്പ് (എസ്.എസ്.ജി)**

പ്രാദേശിക വൈദഗ്ധ്യം ഉൾക്കൊള്ളുന്ന വിദ്യാഭ്യാസ പ്രവർത്തകരുടെ സംഘമാണ് എസ്.എസ്.ജി ഇതിന്റെ ഘടനയനുസരിച്ചുള്ള അംഗങ്ങളെ തെരഞ്ഞെടുത്ത് പാഠ്യപദ്ധതി വിനിമയത്തിൽ ആവശ്യമായ സഹായങ്ങൾ ഉറപ്പാക്കണം പി.ടി.എ. എസ്.എം.ഡി.സി എന്നിവരുമായി ചേർന്ന് പ്രവർത്തനങ്ങൾ നടത്തണം.

**27. ഗ്രന്ഥശാലകൾ, ക്ലബ്ബുകൾ**

പ്രാദേശിക ഗ്രന്ഥശാലകൾ, ക്ലബ്ബുകൾ എന്നീ സ്ഥാപനങ്ങളിലെ സാധ്യതകൾ കണ്ടെത്തി പ്രയോജനപ്പെടുത്തണം. ഇവരെ വിദ്യാലയസമിതികളുടെ ഭാഗമാക്കി ഉപയോഗപ്പെടുത്താൻ കഴിയും ലൈബ്രറി പ്രവർത്തനങ്ങൾ ശാസ്ത്രീയമാക്കു ന്നതിന് ലൈബ്രറിയൻമാരുടെ സഹായം ഉറപ്പാക്കാൻ സാധിക്കും കല, കായിക പ്രവൃത്തി പരിചയപഠനം പരിശീലനം എന്നിവയക്കായി ക്ലബ്ബുകളുടെ സഹായം ഉപയോഗപ്പെടുത്താം.

28. ത്രിതല പഞ്ചായത്തുകൾ

ഹൈസ്കൂൾ ജില്ലാപഞ്ചായത്തിന്റെ പരിധിയിലുള്ള സ്ഥാപനമാണ്. തീർച്ച യായും ജില്ലാപഞ്ചായത്തിന്റെ പദ്ധതിയിൽ സ്കൂളിന്റെ ആവശ്യങ്ങൾ പരമാ വധി ഉൾപ്പെടുത്താൻ വേണ്ട മുന്നൊരുക്കങ്ങൾ സ്കൂൾതല സമതികൾ നട ത്തണം. കൂടാതെ ഗ്രാമപഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത് തുടങ്ങിയ സംവി ധാനങ്ങളെ ഉപയോഗപ്പെടുത്താനുള്ള ഇടപെടൽ അനിവാര്യമാണ്.

**29. എം.പി, എ.എൽ.എ**

ജനപ്രതിനിധികളുടെ ഫണ്ട് തീർച്ചയായും സ്കൂളിന് ലഭിക്കേണ്ടതുണ്ട്. അതിനുപുറമെ ജനപ്രതിനിധികളുടെ ഇടപെടൽ മുഖേന മറ്റു ഡിപ്പാർട്ടുമെന്റുകളുടെ സഹായവും ലഭ്യമാക്കാൻ നമുക്ക് സാധിക്കണം. അതിനാവശ്യമായ പദ്ധതികൾ തയ്യാറാക്കി നൽകുകയാണ് പ്രധാനം.

**30. പൂർവ്വ അധ്യാപകർ, പി.ടി.എ**

ഇതുവരെ ഉപയോഗപ്പെടുത്താത്ത മറ്റൊരു സ്രോതസ്സാണ് പൂർവ്വ അധ്യാപകർ, പൂർവ്വ പി.ടി.എ. അംഗങ്ങളും അവരുടെ സേവനം വളരെ വിലപ്പെട്ടതാണ്.സ്കൂളിന്റെ ആവശ്യങ്ങളും പരിമിതികളും വളരെ വ്യക്തമായി അറിയുന്നവരാണ് ഈ സംഘം. അവരുടെ പ്രവർ-ത്തനത്തിന്റെ തുടർച്ച ഉറപ്പാക്കുന്നതിന് ഈ സന്ദർഭം അവർക്ക് അക്കം അക്കാദമിക മേഖലയിൽ കൃത്യമായി ഇടപെടാൻ പൂർവ്വാധ്യാപകരുടെ സാവസരമൊരുന്നിധ്യം സഹായിക്കും.

**31. മാധ്യമങ്ങൾ – ഡോക്യുമെന്റേഷൻ**

ദൃശ്യശ്രാവ്യ മാധ്യമങ്ങളുടെ പ്രധാന്യം അനുദിനം വർദ്ധിച്ചുവരികയാണ്. സ്കൂളിലെ പ്രവർ ത്തനങ്ങൾ പൊതുജനങ്ങളിലെത്തിക്കുന്നതിനും മാധ്യമങ്ങളുടെ പങ്ക് വലുതാണ്. അതിനാൽ ദൃശ്യശ്രാവ്യ മാധ്യമങ്ങളെ സ്കൂളുമായി ബന്ധിപ്പിക്കുന്നതിനും നിരന്തരം മികവിന്റെ വാർത്തകൾ വരുന്നതിനും വിവിധ കമ്മിറ്റികൾ ശ്രമം നടത്തണം അതോടൊപ്പം ഒരു 10 അംഗങ്ങളുള്ള ഡോക്യുമെന്റേഷൻ കമ്മിറ്റി രൂപീകരിക്കണം അതിൽ അധ്യാപകർ, കുട്ടികൾ, പൂർവ്വ വിദ്യാർത്ഥികൾ, പി.ടി.എ.., എസ്. എം. സി. മാധ്യമ സുഹൃത്തുക്കൾ എന്നിവർഉണ്ടാകണം. വർ-ഷാരംഭം മുതൽ ഈ കമ്മറ്റി പ്രവർത്തനമാരംഭിക്കണം.

32, **സി.പി.ടി.എ.**

33. **പി.ടി.എ.**

34. **എസ്.എം.സി.**

**ഉപസംഹാരം**

അടുത്ത അഞ്ചുവർഷത്തേക്കുള്ള സമഗ്രമായ വികസന പദ്ധതിയാണ് ഇവിടെ തയ്യാറാക്കിയിട്ടുള്ളത്. ഇതിൽ നിന്നും ഓരോ വർഷത്തേക്കുമുള്ള പദ്ധതികൾ നിശ്ചിത വിഷയ ഗ്രൂപ്പുകൾ തെരഞ്ഞെടുത്ത് സൂക്ഷ്മതലത്തിൽ ആസൂത്രണം ചെയ്യണം. ഓരോ വർഷവും ആവശ്യമായ കൂട്ടിച്ചേർക്കലുകളും പുതിയ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുകയും വേണ്ടി വരും. പ്രാദേശികവും കാലികവുമായ മാറ്റങ്ങൾക്ക് ഈ പദ്ധതി വഴങ്ങുന്നതാവണം.
പദ്ധതി നടത്തിപ്പിന്റെ ഭാഗമായി കൃത്യമായ ആസൂത്രണവും വിലയിരുത്തലും ഉറപ്പാക്കണം.
ഫണ്ട് വിനിയോഗത്തിൽ കൃത്യതയും സൂക്ഷ്മതയും സുതാര്യതയും ഉറപ്പാക്കണം.

വിദ്യാലയത്തിലേക്ക് ഏതു സ്രോതസ്സുകളിൽ നിന്ന് ഫണ്ട് ലഭിച്ചാലും നടപ്പിലാക്കുന്നത് വികസന പദ്ധതിയിലെ പ്രവർത്തനങ്ങളാവണം. ജനകീയ പങ്കാളിത്തത്തോടെ ഓരോ പദ്ധതിയും നടപ്പിലാക്കുന്നതിന് ആവശ്യമായ വിഭവവും വൈഭവവും കണ്ടെത്തണം. അഞ്ചു വർഷം കൊണ്ട് വിദ്യാലയത്തെ എല്ലാ തലത്തിലും ലോക നിലവാരത്തിലെത്തിക്കുന്നതിനുള്ള ശ്രമങ്ങളാണ് നാം ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നത്.

*******************************************